RNI Reg. No. KERMAL/2010/32222
Registered KL / TLY / 01 / 19-21
Anl. Sub. Rs. 120

# മാനന്തവാടി
## രൂപതാ ബുള്ളററിൻ



Vol. 12 | 2021 June | No. 6

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 12 ജൂൺ– 2021 ലക്കം 06**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ...................................................... | 05 |
| സർക്കുലർ ...................................................... | 12 |
| വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും ജീവിതം ....... | 14 |
| രൂപതാകച്ചേരി വാർത്തകൾ ..................................... | 22 |
| മൈനർ സെമിനാരി വാർത്തകൾ.............................. | 22 |
| വൈദികരുടെ മാസധ്യാനം........................................ | 25 |
| മതബോധനരംഗം ........................................................ | 26 |
| ചെറുപുഷ്പ മിഷൻലീഗ് ............................................. | 30 |
| *Department of Youth Ministry* ....................................... | 39 |
| കെ.സി.വൈ.എം ........................................................ | 45 |
| കുടുംബപ്രേഷിതത്വം .................................................. | 52 |
| സീയോൻ വാർത്തകൾ ................................................ | 59 |
| സാമൂഹ്യ സേവനരംഗം (WSSS).................................. | 60 |
| സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ............................... | 65 |
| ബയോവിൻ അഗ്രോ റിസർച്ച്...................................... | 69 |
| റേഡിയോ മാറ്റൊലി .................................................... | 70 |
| നീലഗിരി ഡവലപ്മെന്റ്സൊസൈറ്റി........................... | 73 |
| ഹൈഡാർ ഫൗണ്ടേഷൻ ................................................ | 75 |
| വിദ്യാഭ്യാസ മേഖല ....................................................... | 77 |

# സർക്കുലർ

***Circular Letter No. 8/2021***
***Prot. No. 24876/2021***

പ്രിയ ബഹുമാനപ്പെട്ട വൈദീകരെ, പ്രിയപ്പെട്ട സഹോദരങ്ങളെ,

നമ്മുടെ മാതൃരാജ്യവും സംസ്ഥാനവും എല്ലാം അതീവ ഗുരുതരമായ ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണല്ലോ. അപ്രത്യക്ഷമായി എന്ന് പലരും കരുതിയിരുന്ന കൊറോണ വൈറസ് എല്ലാ ഭീകരതയോടും കൂടി തിരിച്ചെത്തി. അതിന്റെ ഭീകരമുഖം നമ്മെയെല്ലാം കാണിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിൽ വച്ച് ഏറ്റവും നല്ലത് എന്നെല്ലാം നമ്മൾതന്നെ അഭിമാനിച്ചിരുന്ന നമ്മുടെ ആരോഗ്യസംരക്ഷണസംവിധാനം കൊറോണയുടെ രണ്ടാം തരംഗത്തിൽ തകർന്നുകൊണ്ടിരിക്കുകയാണ്. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ബന്ധപ്പെട്ടവർ എല്ലാവരും അതീവജാഗ്രതയോടെയും മികച്ച ആസൂത്രണത്തോടും അതിവേഗത്തിലും പ്രവർത്തനനിരതരായില്ലെങ്കിൽ നമുക്ക് സങ്കല്പിക്കാൻ പോലും പറ്റാത്ത പ്രതിസന്ധിയിൽ എത്തിയെന്ന് വരും. മൂന്നാം തരംഗവും നാലാം തരംഗവും ഉണ്ടായേക്കാം. പ്രതിരോധ നടപടികൾ എല്ലാം അക്ഷരം പ്രതി അനുസരിച്ച് നടപ്പാക്കിയാലേ അത് സംഭവിക്കാതിരിക്കുകയുള്ളൂ. ഇപ്പോൾ തന്നെ നാം ഒരുപാട് താമസിച്ചു. Better late than never എന്ന ചൊല്ല് ഇവിടെ അനുസ്മരിക്കാം. നമ്മുടെ ഭാഗം നമ്മൾ ചെയ്താൽ ബാക്കി ദൈവം ചെയ്തുകൊള്ളും. അവിടുത്തെ ഉറപ്പാണത്. എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലി ചെയ്യാൻ പറ്റാത്ത രാത്രി വരുന്നു (യോഹ. 9:4) എന്ന കർതൃവചനം ഈ ഘട്ടത്തിൽ നമുക്ക് മാർഗ്ഗദർശനം നല്കട്ടെ.

ഇതിനകം അനേകം പേർ കൊറോണ വൈറസ് ബാധയാൽ മരിച്ചുകഴിഞ്ഞു. ലക്ഷക്കണക്കിന് ആളുകൾ ഈ മാരകവൈറസിന്റെ പിടിയിൽ മരണത്തോട് മല്ലടിച്ചുകൊണ്ടിരിക്കുന്നു. ആശുപത്രികൾ, സർക്കാർ വകയും സ്വകാര്യ ഉടമസ്ഥതയിലുള്ളവയും, നിറഞ്ഞു കവിഞ്ഞിരിക്കുന്നു. ആവശ്യത്തിനു ബഡ്ഡുകളില്ല, ഓക്സിജനില്ല, ജീവൻരക്ഷാ ഉപകരണങ്ങളില്ല. നിർഭാഗ്യമെന്ന് പറയട്ടെ, ഭാരതത്തിന് നാല്പതിലേറെ ലോകരാജ്യങ്ങൾ അതിവേഗത്തിൽ തന്നെ അവരുടെ

സഹായം എത്തിച്ചെങ്കിലും ഇതുവരെ അവ കാര്യക്ഷമമായി വിതരണം ചെയ്യാൻ പോലും നമ്മുടെ ഭരണാധികാരികൾക്കായിട്ടില്ല. രാജ്യം അതീവഗുരുതരമായ പ്രതിസന്ധിയെ നേരിടുമ്പോഴും നിയമത്തിന്റെയും ചട്ടത്തിന്റെയും പേരിൽ അവ ഇപ്പോഴും വിമാനത്താവളങ്ങളിൽ നിന്ന് വിട്ട് കൊടുത്തിട്ടില്ല. എന്തുകൊണ്ട് നമുക്ക് ഇത്തരം പ്രതിസന്ധികളെ കാര്യക്ഷമമായും ഫലപ്രദമായും നേരിടാൻ കഴിയുന്നില്ല എന്നതിനുത്തരം ഇതുതന്നെയാണ്.

ഡോക്ടർമാരും നേഴ്സുമാരും അടങ്ങുന്ന ആരോഗ്യപ്രവർത്തകർ അമിതജോലിയാൽ വലയുന്നു. പലരും മണിക്കൂറുകൾ വിശ്രമമില്ലാതെ ജോലിയെടുത്ത് തളരുന്നു. ചിലരെല്ലാം വൈറസിന് കീഴ്പ്പെട്ട് ഈ ലോകത്തോട് വിടപറഞ്ഞു. മിക്കവരും വളരെ യുവപ്രായത്തിലുള്ളവരാണ്. അവരുടെ കുടുംബങ്ങളുടെ വിലാപം നമ്മുടെ ചെവികളിൽ മുഴങ്ങുന്നു.

ഇതിനകം ഭാരതത്തിൽ നാല്പതിലേറെ വൈദികരും അതിലേറെ സമർപ്പിതസഹോദരീസഹോദരന്മാരും ഏതാനും മെത്രാന്മാരും കൊറോണയ്ക്ക് കീഴ്പ്പെട്ടു. ഇപ്പോഴും അനേകം പേർ ചികിത്സയിലുണ്ട്. ഈ സ്ഥിതി നമ്മളും അഭിമുഖീകരിക്കേണ്ടിവന്നേക്കാം. അങ്ങനെ സംഭവിക്കരുതേ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുമ്പോഴും സാദ്ധ്യത നമ്മൾ തള്ളിക്കളയരുത്. കാരണം വൈറസിന് മുഖം നോട്ടമില്ല. വലുപ്പച്ചെറുപ്പ വ്യത്യാസങ്ങളുമില്ല. ഇൻഷുറൻസ് കമ്പനികൾ സാവധാനം കൊറോണാ ചികിത്സ മൂലമുണ്ടാകുന്ന ക്ലെയിമുകൾ ഇതുസംബന്ധിച്ച സർക്കാർ പ്രോട്ടോക്കോൾ ഉദ്ധരിച്ച് നിരസിച്ചു തുടങ്ങിയിട്ടുണ്ട്. അതായത്, ശ്രദ്ധിച്ചില്ലെങ്കിൽ നമ്മൾ സാമ്പത്തികപ്രതിസന്ധിയിലേയ്ക്കും നീങ്ങും.

ഇത്തരുണത്തിൽ ബഹുമാനപ്പെട്ട വൈദികരും സമർപ്പിതസഹോദരീസഹോദരന്മാരും ഇടവകകളിലെ നല്ല ആരോഗ്യവും സന്നദ്ധതയുമുള്ള യുവതീയുവാക്കളും ക്രിയാത്മകമായി പ്രതികരിക്കേണ്ട സമയമാണ്. സാമ്പത്തികമായി മെച്ചപ്പെട്ടവർ ആ രീതിയിലും സഹായിക്കണം. എന്തെല്ലാം നമ്മൾ സമ്പാദിച്ച് വച്ചാലും സുവിശേഷത്തിലെ ധാന്യപ്പുരകളുടെ വലുപ്പം കൂട്ടിയ ഭോഷനായ ധനികനോട് ദൈവം ചോദിച്ച ചോദ്യത്തിന് മുമ്പിൽ നമുക്ക് ഉത്തരമുണ്ടാകുകയില്ല.

ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ നിങ്ങളുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയാണ്. അവ സാധിക്കുന്ന എല്ലാ ഇടവകകളിലും കഴിയുന്നത്ര വേഗത്തിൽ നടപ്പാക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

1. വയനാട് ജില്ലയിലെ കോവിഡ് ആശുപത്രിയായ മാനന്തവാടി മെഡിക്കൽ കോളേജിൽ പലപ്പോഴും കത്തോലിക്കാ വിശ്വാസികളായ വർ മരണാസന്നരാകുമ്പോൾ വിശുദ്ധ കുർബാന സ്വീകരിക്കണം എന്ന് ആവശ്യപ്പെടാറുണ്ട്. സ്വന്തം വികാരിയച്ചന്മാർക്ക് പലതരം പരിമിതികൾ ഉള്ളതുകൊണ്ട് അവർ പോകാറില്ല. മാനന്തവാടി മെഡിക്കൽ കോളേജിൽ വർഷങ്ങളായി സന്നദ്ധ പ്രവർത്തകയായി സ്തുത്യർഹമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന സിസ്റ്റർ സെലിൻ കുത്തുക്കല്ലിങ്കലിനെയാണ് അവർ അപ്പോൾ സമീപിക്കുന്നത്. സിസ്റ്ററിനും പലതരം പരിമിതികളുണ്ട്. ആരെ വിളിക്കും എന്നതാണ് പ്രധാന പ്രശ്നം. അതുകൊണ്ട് സിസ്റ്റർ പലപ്പോഴും ബിഷപ്സ് ഹൗസിലുള്ളവരെ വിളിക്കാറുണ്ട്. വിളിക്കുമ്പോഴെല്ലാം അവിടുന്ന് പോകാറുണ്ട്. പൊതുജനങ്ങൾ വരുന്ന ഒരു സ്ഥാപനത്തിൽ നിന്ന് അങ്ങനെ പോകുന്നത് സുരക്ഷിതമല്ല എന്ന് നിങ്ങൾക്കറിയാമല്ലോ. ആശുപത്രിയിൽ പ്രവേശിക്കാനുള്ള അനുവാദവും മറ്റും സിസ്റ്റർ തന്നെ അധികാരികളിൽ നിന്നും ലഭ്യമാക്കും. എന്നാൽ കോവിഡ് രോഗികൾക്ക് വി. കുർബാന കൊടുക്കാൻ പൂർണ്ണ പി.പി.ഇ. കിറ്റ് ധരിക്കണം എന്നുള്ളതിനാൽ അതില്ലെങ്കിൽ ആരും വരുകയില്ല. അതേ സമയം അത് വാങ്ങിക്കൊടുക്കാനുള്ള സാമ്പത്തികം കണ്ടെത്താൻ സിസ്റ്ററിന് എളുപ്പവുമല്ല. അതുകൊണ്ട് രണ്ട് കാര്യങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്.

ഈ ശുശ്രൂഷ ചെയ്യാൻ സന്നദ്ധതയുള്ള രൂപതാ വൈദികരും സമർപ്പിതസമൂഹങ്ങളിലെ വൈദികരും പേരു തരണം. മാനന്തവാടി സമരിറ്റൻസ് എന്ന ടീമിന്റെ ജനറൽ കോർഡിനേറ്റർ ബഹുമാനപ്പെട്ട പോൾ കൂട്ടാല അച്ചന്റെയടുത്താണ് പേരുകൾ കൊടുക്കേണ്ടത്. (Mobile: 9497809310). ഇതിനായി വരുന്നവർ മാനന്തവാടിയുടെ പരിസര പ്രദേശങ്ങളിൽ ചുരുങ്ങിയത് രണ്ടാഴ്ചയെങ്കിലും മറ്റാളുകളുമായി അധികം സമ്പർക്കമില്ലാതെ തുടർച്ചയായി താമസിക്കാൻ തയ്യാറുള്ളവരാകണം. താമസവും ഭക്ഷണവും പി.പി.ഇ. കിറ്റും ആശുപത്രിയിൽ പ്രവേശിക്കാനുള്ള അനുവാദവും ഏർപ്പാടാക്കുന്നതാണ്.

വി. കുർബാന കൊടുക്കുന്നതിനോടൊപ്പം മറ്റ് സന്നദ്ധസേവനങ്ങളും വൈദികർക്ക് ചെയ്യാൻ അവസരമുണ്ടാകും. താല്പര്യമുള്ളവർക്ക് അതിനുള്ള സൗകര്യവും ഏർപ്പാടാക്കുന്നതാണ്. ഭയവും അറപ്പും ഇല്ലാതെ രോഗികളെ ശുശ്രൂഷിക്കാൻ തയ്യാറുള്ളവരാകണം എന്ന് മാത്രം. അതുപോലെ യാതൊന്നും തിരിച്ച് പ്രതീക്ഷിക്കുന്നവരും ആകരുത്.

ഒരു പി.പി.ഇ. കിറ്റ് ഒരു പ്രാവശ്യം മാത്രമേ ഉപയോഗിക്കാൻ പറ്റുകയുള്ളു എന്നതിനാൽ ധാരാളം കിറ്റുകൾ ആവശ്യമായി വരും. അതിനാൽ ബഹുമാനപ്പെട്ട വൈദികരും സമർപ്പിതഭവനങ്ങളും സാമ്പത്തികമായി സഹായിക്കാൻ കഴിയുന്ന മറ്റുള്ളവരും ഒരു കിറ്റെങ്കിലും സ്പോൺസർ ചെയ്യണം. ഒരു കിറ്റിന്റെ വില ഏകദേശം 350 രൂപയാണ്. അതിൽ ചെറിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. അത്രയും തുക നമ്മുടെ സെന്റ് ജോസഫ്സ് ആശുപത്രിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്താൽ മതി. അതിന് സാധിക്കാത്തവർക്ക് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ വഴി കൊടുത്തേല്പ്പിക്കുകയും ചെയ്യാം.

ആശുപത്രിയുടെ ഡയറക്ടർ ബഹുമാനപ്പെട്ട മനോജ് കവലക്കാടൻ അച്ചനെയോ (Mobile: 9746756589) അസിസ്റ്റന്റ് ഡയറക്ടർ ബഹുമാനപ്പെട്ട ജോമേഷ് തേക്കിലക്കാട്ടിൽ അച്ചനെയോ (Mobile: 9497305045) ബന്ധപ്പെട്ടാൽ കിറ്റു സംബന്ധമായ കൂടുതൽ വിവരങ്ങൾ ആവശ്യമുള്ളവർക്ക് ലഭ്യമാക്കും. പണം അയയ്ക്കേണ്ട ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ:

The Catholic Syrian Bank Ltd; Mananthavady Branch; Account Number: 006303771 4437- 08001; IFSC: CSBK0000063. പണം അയച്ചവർ ഉടൻ 9746756589 എന്ന വാട്ട്സ് ആപ്പ് നമ്പറിലേയ്ക്ക് അയച്ച ആളിന്റെ പേര്, മുഴുവൻ മേൽവിലാസം, മൊബൈൽ നമ്പർ, ഇടവക എന്നിവ അയച്ചുകൊടുത്തിരിക്കണം. ആശുപത്രിയുടെ കണക്കുകൾ കൃത്യവും സുതാര്യവും ആകുന്നതിനും അയയ്ക്കുന്നവർക്ക് രസീത് അയയ്ക്കുന്നതിനും വേണ്ടിയാണത്. കിറ്റ് സ്പോൺസർ ചെയ്യുന്നവർക്ക് മുൻകൂട്ടി നന്ദി പറയുന്നു. വാട്ട്സ് ആപ്പ് ഇല്ലെങ്കിൽ വിളിച്ച് പറഞ്ഞാലും മതി.

സന്നദ്ധ സേവകർക്കും താഴെ പറയുന്ന ഹെല്പ് ഡെസ്ക്കുകളിൽ സേവനം ചെയ്യുന്നവർക്കും ആവശ്യമായ പരിശീലനം സെന്റ് ജോസഫ്സ് ആശുപത്രിയുടെ നേതൃത്വത്തിൽ ഏർപ്പാടാക്കുന്നതാണ്. താല്പര്യമുള്ളവരുടെ പേരുകൾ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ യഥാസമയം രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ് ബഹുമാനപ്പെട്ട പോൾ മുണ്ടോളിക്കലച്ചനെ ഏല്പിക്കണം. (Mobile & Whatsapp: 9447092067).

2. കഴിയുന്നത്ര ഇടവകകളിലെല്ലാം ഒരു ഹെല്പ് ഡെസ്ക് രൂപീകരിക്കേണ്ടതാണ്. അതിന് ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചന്മാരുടെ സജീവസഹകരണം ഉണ്ടാകണം. തന്റെ ഫൊറോനായിൽ എല്ലാ ഇടവകകളിലും ഹെല്പ്ഡെസ്ക് രൂപീകരിച്ചു എന്ന് ഉറപ്പു വരുത്തണം. അതിനായി ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്ക് നിർദ്ദേശം

കൊടുക്കണം. നിലമ്പൂർ – മണിമൂളി റീജിയനിൽ അവിടുത്തെ സിഞ്ചെല്ലൂസ് ഇക്കാര്യത്തിൽ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. അദ്ദേഹത്തിന് എല്ലാവരുടേയും സഹായസഹകരണങ്ങൾ ഉണ്ടാകണം. അതുപോലെ തന്നെ നീലഗിരി റീജിയണിൽ അവിടുത്തെ റീജിയണൽ ഡയറക്ടറുടെ നിർദ്ദേശങ്ങളും സ്വീകരിച്ച് അദ്ദേഹത്തോട് സഹകരിക്കണം.

**3. ഹെല്പ് ഡെസ്ക്കുകൾ ചെയ്യേണ്ടത്.**

ഇടവകക്കാർക്ക് ബന്ധപ്പെടാനുള്ള ഒരു മൊബൈൽ നമ്പർ ഉണ്ടാകണം. ആ നമ്പർ ഇടവകയിൽ പരസ്യപ്പെടുത്തണം. അതേ സമയം അത് ഫൊറോനാ വികാരിക്കും കൊടുക്കുകയും അദ്ദേഹം അത് രൂപതയുടെ പ്രോട്ടോസിഞ്ചെല്ലൂസിന് അയച്ചു കൊടുക്കുകയും ചെയ്യണം.

മേൽപ്പറഞ്ഞ നമ്പറുകളിലൂടെ വരുന്ന കോളുകൾ 24 മണിക്കൂറും അറ്റന്റ് ചെയ്യാൻ ഇടവകയിൽ നിന്നുള്ള സന്നദ്ധപ്രവർത്തകരെ ഏർപ്പെടുത്തണം. കാരണം വിളിക്കുന്നവർ പലപ്പോഴും വേവലാതിപ്പെട്ടായിരിക്കും വിളിക്കുന്നത്. മൂന്ന് ഷിഫ്റ്റുകളായി തിരിച്ച് മൂന്ന് പേർ ഈ ഡ്യൂട്ടി ചെയ്യുന്നതാകും എളുപ്പം.

കോവിഡ് ബാധിച്ച രോഗികൾക്ക് ആശുപത്രിയിൽ പോകുന്നതിന് മുമ്പ് എന്തൊക്കെ ചെയ്യാൻ കഴിയും എന്ന നിർദ്ദേശങ്ങൾ കൊടുക്കാൻ കഴിയണം. അതിനായി ഇടവകയിൽ നിന്നുള്ള ഡോക്ടർമാർ, നേഴ്സുമാർ തുടങ്ങിയവരുടെ സേവനം തേടാവുന്നതാണ്.

ആശുപത്രിയിൽ കൊണ്ടുപോകേണ്ടി വന്നാൽ ഏത് ആശുപത്രിയിൽ ആണ് പോകേണ്ടതെന്നും അതിനായി വാഹനം, ആംബുലൻസ്, എവിടെ കിട്ടുമെന്നും പറഞ്ഞു കൊടുക്കാൻ കഴിയണം.

സാമ്പത്തികമായും മറ്റും നിർധനരായവർക്ക് സാമ്പത്തികസഹായം ഇടവകയിൽ നിന്ന് ലഭ്യമാക്കാൻ ശ്രമിക്കണം.

ക്വാറന്റൈൻ ആവശ്യമുള്ളവർക്ക് വീട്ടിൽ സൗകര്യമില്ലെങ്കിൽ മറ്റെവിടെയെങ്കിലും ഇടവകയുടെ നേതൃത്വത്തിൽ ഏർപ്പാടാക്കാൻ പരിശ്രമിക്കണം.

ക്വാറന്റൈനിൽ ഉള്ളവർക്ക് ഭക്ഷണം , മരുന്ന് തുടങ്ങിയവയ്ക്ക് നിവൃത്തിയില്ലാത്തവരാണെങ്കിൽ അതിന് എന്തെങ്കിലും പോംവഴികൾ ആരായാൻ ശ്രമിക്കണം.

ആരെങ്കിലും കോവിഡ് മൂലം മരിച്ചാൽ കോവിഡ് പ്രോട്ടോക്കോൾ

അനുസരിച്ചുള്ള മൃതസംസ്കാരത്തിനുള്ള സൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിന് എല്ലാ വികാരിയച്ചന്മാരും ശ്രദ്ധിക്കണം. അത്തരം മൃതശരീരങ്ങൾ സാധ്യമെങ്കിൽ ദഹിപ്പിച്ച ശേഷം സംസ്കാരം നടത്തുന്നതാകും ഉത്തമം. ദഹിപ്പിക്കേണ്ടവർക്ക് അതിനുള്ള വിവരങ്ങൾ കൈമാറണം. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചുള്ള മൃതസംസ്ക്കാര ശുശ്രൂഷകൾ നടത്താനായി നമ്മുടെ രൂപതയിൽ സമരിറ്റൻസ് എന്ന ഒരു സന്നദ്ധസമിതി പ്രവർത്തിക്കുന്നുണ്ട്. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ബഹുമാനപ്പെട്ട പോൾ കൂട്ടാല (Mobile: 9497809310), അച്ചന്റെ നേതൃത്വത്തിലാണ് അത് പ്രവർത്തിക്കുന്നത്. കെ. സി.വൈ.എം. ഡയറക്ടർ ബഹുമാനപ്പെട്ട സിജേഷ് ചിറക്കത്തോട്ടം അച്ചൻ (Mobile: 9048865108), മിഷൻലീഗ് ആണ് ഡയറക്ടർ ബഹുമാനപ്പെട്ട ഷിജു ഐക്കരക്കാനയിൽ അച്ചൻ (Mobile: 9745735119) എന്നിവരാണ് സംസ്ക്കാരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്.

4. മേല്പ്പറഞ്ഞ എല്ലാ കാര്യങ്ങളും രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ് ബഹുമാനപ്പെട്ട പോൾ മുണ്ടോളിക്കലച്ചന്റെയും നിലമ്പൂർ- മണിമൂളി സിഞ്ചെല്ലൂസ് ബഹുമാനപ്പെട്ട തോമസ് മണക്കുന്നേൽ അച്ചന്റെയും നേതൃത്വത്തിൽ ഏകോപിപ്പിക്കുന്നതാണ്.

**ഉപവാസ പ്രാർത്ഥന, പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം**

പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനം സ്വീകരിച്ച് സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡണ്ടുമായ അഭിവന്ദ്യ കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവ് മെയ് മാസം മുഴുവൻ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം യാചിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കണം എന്ന് ആഹ്വാനം ചെയ്തിട്ടുണ്ട്. അക്കാര്യം നമ്മൾ ഗൗരവപൂർവ്വം പരിഗണിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യണം. അതുപോലെ മെയ് 7ന് വെള്ളിയാഴ്ച ഭാരത സഭയിൽ മുഴുവൻ പേരും ഉപവസിച്ച് പ്രാർത്ഥിക്കണം എന്ന ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനവും നാം സ്വീകരിച്ച് നടപ്പാക്കണം. അന്നേ ദിവസം നിവൃത്തിയുള്ള എല്ലാവരും ഉപവസിക്കുകയും കൂടുതലായി പ്രാർത്ഥിക്കുകയും ചെയ്യണം. ഇടവകകളിൽ അധികം ആളുകളുടെ പങ്കാളിത്തം ഇല്ലാതെ വി. കുർബാനയുടെ ആരാധന നടത്തി പ്രാർത്ഥിക്കണം. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ സവിശേഷശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണം എന്നഭ്യർത്ഥിക്കുന്നു. സമർപ്പിതഭവനങ്ങളിലും അപ്രകാരം തന്നെ ചെയ്യണം. സകല ലോകത്തിനും വേണ്ടി നമുക്ക് ഒന്നു ചേർന്ന്

പ്രാർത്ഥിക്കാം.

മെയ് 7ന് വെള്ളിയാഴ്ച രാവിലെ 6.45 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വിശുദ്ധ കുർബാനയും തുടർന്ന് വൈകുന്നേരം നാലു മണിവരെ പരിശുദ്ധ കുർബാനയുടെ ആരാധനയും ഉണ്ടായിരിക്കും. നാലു മണിക്ക് പൊതു പാപമോചനശുശ്രൂഷയും പരിശുദ്ധ കുർബാനയുടെ ആശീർവ്വാദവും നടത്തപ്പെടുന്നതാണ്. അവയെല്ലാം ഓൺ ലൈനായി സ്ട്രീം ചെയ്യുന്നുണ്ട്. ഇടവകപ്പള്ളികളിലെ വി. കുർബാനയിലും ആരാധനയിലും പങ്കെടുക്കാൻ പറ്റാത്തവരെയും കുമ്പസാരിക്കാൻ പറ്റാത്തവരെയും ഉദ്ദേശിച്ചാണ് സ്ട്രിം ചെയ്യുന്നത്. രൂപതയുടെ ഫെയ്സ് ബുക്ക് പേജ്, യൂട്യൂബ് ചാനൽ എന്നിവയിൽ അവ നിങ്ങൾക്ക് ലഭ്യമായിരിക്കും. ലിങ്ക് തലേദിവസം വൈകുന്നേരം ലഭ്യമാക്കുന്നതാണ്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2021 മെയ് മാസം 6 ന് നൽകപ്പെട്ടത്.

യേശുവിൽ,

**ബിഷപ്പ് ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

# സർക്കുലർ

***Circular Letter No. 9/2021***
***Prot. No. 24894/2021***

പ്രിയ ബഹുമാനപ്പെട്ട വൈദീകരേ, സമർപ്പിതരേ, പ്രിയപ്പെട്ട സഹോദ രങ്ങളെ,

2021 മെയ് 6ന് - വ്യാഴാഴ്ച കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ച് മെയ് 8ന് ശനിയാഴ്ച മുതൽ 16 ഞായറാഴ്ച വരെ കേരളത്തിൽ സമ്പൂർണ്ണ ലോക്ഡൗൺ ആണ്. ഇപ്പോൾ ഉരുത്തി രിഞ്ഞിരിക്കുന്ന ഈ സാഹചര്യത്തിൽ ഇടവകകളിലും സമർപ്പിതഭവ നങ്ങളിലും അനുവദനീയമല്ലാത്തതും അനുവദനീയമായതുമായ ചില കാര്യങ്ങളെപ്പറ്റിയും ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലം മാറ്റത്തെപ്പ റ്റിയും ഏതാനും നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു. അവ ബന്ധപ്പെട്ട വർ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു.

1. ലോക്ക് ഡൗൺ ദിവസങ്ങളിൽ ആരാധനാലയങ്ങളിൽ പൊതു ജനങ്ങൾക്ക് പ്രവേശം അനുവദിക്കാൻ പാടില്ല. അതുകൊണ്ട് ആ ദിവ സങ്ങളിൽ നമ്മുടെ പള്ളികളിൽ വിശ്വാസസമൂഹത്തിനായി തിരുകർമ്മ ങ്ങൾ നടത്താൻ പാടുള്ളതല്ല. ഈ നിർദ്ദേശം ലംഘിക്കുന്നവർ നിയമ നടപടികൾ നേരിടേണ്ടി വരും എന്നും അറിയിപ്പിലുണ്ട്.

2. അവൈദികരായ സമർപ്പിതസഹോദരന്മാരുടെ ഭവനങ്ങളിലും സമർപ്പിതസഹോദരിമാരുടെ ഭവനങ്ങളിലും ഈ ദിവസങ്ങളിൽ പുറത്ത് നിന്ന് വൈദികർ വി. കുർബാനയ്ക്ക് പോകുന്നത് അനുവദനീയമല്ല.

3. വൈദികരുടെ സമർപ്പിതഭവനങ്ങളിൽ വി. കുർബാനയ്ക്കോ മറ്റ് തിരുകർമ്മങ്ങൾക്കോ അതാത് ഭവനത്തിലെ അംഗങ്ങളല്ലാത്തവർ പോകുന്നത് അനുവദനീയമല്ല.

4. മൃതസംസ്കാര ചടങ്ങുകളിൽ ഇരുപതിൽ അധികം ആളു കൾ പങ്കെടുക്കാൻ പാടുള്ളതല്ല. കോവിഡ് ബാധിച്ച് മരിച്ചവരുടെ മൃത സംസ്കാര ചടങ്ങുകളിൽ അതിനുള്ള പ്രത്യേക നിയമങ്ങൾ പാലിച്ചി രിക്കണം.

5. മുൻകൂട്ടി നിശ്ചയിച്ച വിവാഹം, മനഃസമ്മതം എന്നിവ പൂർണ്ണ മായ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടത്താം. പങ്കെടുക്കുന്നവ രുടെ എണ്ണം ഇരുപതിൽ കൂടരുത്. വിവരം കേരള സർക്കാരിന്റെ

കോവിഡ് ജാഗ്രതാ പോർട്ടലിൽ രജിസ്റ്റർ ചെയ്തിരിക്കണം.

6. തിരുപ്പട്ടം, സഭാവസ്ത്രസ്വീകരണം, വ്രതവാഗ്ദാനം, ജ്ഞാന സ്നാനം, ജൂബിലിയാഘോഷം, തിരുനാൾ എന്നിവ പോലെയുള്ള ചട ങ്ങുകൾ ലോക്ക് ഡൗൺ സമയത്ത് നടത്താൻ അനുവാദമില്ല.


7. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലം മാറ്റം മെയ് 15ന് ആണ ല്ലോ നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ലോക്ക് ഡൗൺ മെയ് 16 ഞായർ വരെ നിലനില്ക്കുന്നതിനാൽ ആലോചനാസമിതിയുടെ ഉപദേശപ്രകാരം മെയ് 20 ലേയ്ക്ക് മാറ്റിയിരിക്കുന്നു. അന്ന് പുതിയ കേരള സർക്കാർ സത്യപ്രതിജ്ഞ ചെയ്യുന്ന ദിവസമായതിനാൽ ലോക്ക് ഡൗണിന് അയ വുണ്ടാകും എന്ന ചിന്തയിലാണ് അന്നത്തേയ്ക്ക് മാറ്റിയിരിക്കുന്നത്. ആ ദിവസം സാധിക്കാത്തവർക്ക് ലോക്ക് ഡൗൺ ഇളവ് പ്രതീക്ഷിക്കുന്ന മെയ് 17 മുതൽ 20 വരെയുള്ള ഏതെങ്കിലും ദിവസത്തിൽ വികാരിമാ രുടെ പരസ്പര ധാരണയോടെ മാറാവുന്നതാണ്.

എന്നാൽ ലോക്ക് ഡൗണിന് അയവു വരുത്താതെ തുടരുകയാ ണെങ്കിൽ ഈ തീരുമാനത്തിലും മാറ്റം ഉണ്ടാകും. അക്കാര്യം നിങ്ങളെ യഥാസമയം അറിയിക്കുന്നതാണ്. വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകും എന്നതിനാൽ സ്ഥലം മാറ്റം റദ്ദ് ചെയ്യാൻ നിവൃത്തിയില്ല. സാഹചര്യം മനസ്സിലാക്കി ബഹുമാനപ്പെട്ട അച്ചന്മാർ സഹകരിക്കുമല്ലോ.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2021 മെയ് മാസം 9 ന് ഞായറാഴ്ച നൽകപ്പെട്ടത്.

യേശുവിൽ,



**ബിഷപ് ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

**പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ**

<u>വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും ജീവിതം</u>

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: 2 പത്രോ 3,1–18)**

പ്രവാചകവചനങ്ങളുടെയും ശ്ലൈഹികപ്രബോധനങ്ങളുടെയും ആധികാരികതയുള്ള വിശ്വാസത്തിന്റെയും കർത്താവിന്റെ രണ്ടാമാഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷയുടെയും ജീവിതം നയിക്കുവാൻ ആഹ്വാനം ചെയ്യുന്ന പത്രോസ്ശ്ലീഹായുടെ ലേഖനഭാഗമാണിത്. ഈ ഭാഗം താഴെക്കാണുംവിധം വിഭജിക്കാം:

1. ആധികാരിക പ്രബോധനത്തിൽ ഉറച്ചുനില്ക്കുക (3,1–2)

2. അന്ത്യവിധിയിൽ വിശ്വസിക്കുക (3,3–7)

3. അനുതാപത്തിന്റെയും വിശുദ്ധിയുടെയും ജീവിതം നയിക്കുക (3, 8–11)

4. പ്രതീക്ഷയിലും സമാധാനത്തിലും ജീവിക്കുക (3,12–16)

5. മിശിഹായുടെ കൃപയിലും അറിവിലും വളരുക (3,17–18)

പത്രോസ്ശ്ലീഹാ വിശ്വാസികൾക്കു നല്കുന്ന ഈ പ്രബോധനം അജപാലകരായ പുരോഹിതരുടെ ആദ്ധ്യാത്മികതയ്ക്കും ശുശ്രൂഷയ്ക്കും നല്കുന്ന സന്ദേശം ധ്യാനവിഷയമാക്കാം.

**1. ആധികാരിക പ്രബോധനത്തിൽ ഉറച്ചുനില്ക്കുക**

"പ്രിയപ്പെട്ടവരേ, ഞാൻ നിങ്ങൾക്ക് എഴുതുന്ന രണ്ടാമത്തെ ലേഖനമാണല്ലോ ഇത്. ഈ രണ്ടു ലേഖനങ്ങളിലും ചില കാര്യങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടു നിങ്ങളുടെ നിഷ്കളങ്ക മനസ്സിനെ ഞാൻ ഉണർത്തുകയാണ്. വിശുദ്ധ പ്രവാചകരുടെ വചനങ്ങളും നിങ്ങളുടെ ശ്ലീഹന്മാർവഴി നിങ്ങൾക്കു ലഭിച്ചിരിക്കുന്ന കർത്താവായ രക്ഷകന്റെ കല്പനയും നിങ്ങൾ അനുസ്മരിക്കുവിൻ" (3,1–2).

വ്യാജപ്രബോധനത്തെക്കുറിച്ചു പറയുന്നതിനുമുമ്പ് സത്യവിശ്വാസത്തെക്കുറിച്ച് പത്രോസ്ശ്ലീഹാ വിശ്വാസികളെ പ്രബോധിപ്പിക്കുകയാണ്. വിശ്വാസികൾ സത്യത്തിൽ ഉറച്ചുനില്ക്കുന്നവരാണെങ്കിലും അവരെ സത്യത്തെക്കുറിച്ച് വീണ്ടും വീണ്ടും അനുസ്മരിപ്പിക്കുക ആവശ്യമാണെന്ന് ഒന്നാമദ്ധ്യായത്തിൽ (1,12–15) പറഞ്ഞുവച്ചത് വീണ്ടും

ഇവിടെ ആവർത്തിക്കുകയാണ്. "നിങ്ങളുടെ നിഷ്കളങ്ക മനസ്സ്" എന്ന തിന്, പാഷണ്ഡതകൾക്കൊണ്ട് കളങ്കപ്പെടാത്ത മനസ്സ് എന്നാണർത്ഥം. നിഷ്കളങ്ക മനസ്സിനെയാണ് പ്രവാചകവചനത്തെക്കുറിച്ചും ശ്ലീഹന്മാർക്കു ലഭിച്ചിരിക്കുന്ന കർത്താവായ രക്ഷകന്റെ കല്പനയെക്കുറിച്ചും ശ്ലീഹാ അനുസ്മരിപ്പിക്കുന്നത്. ഇപ്രകാരം അനുസ്മരിപ്പിച്ചുകൊണ്ടിരുന്നാലേ സുമനസ്സുകൾ വ്യാജപ്രബോധനത്തിന്റെ ഭോഷത്വത്തെ തിരിച്ചറിയുകയും അതിനടിമപ്പെട്ട് അവരുടെ വിശ്വാസത്തെ കളങ്കപ്പെടുത്താതെയുമിരിക്കുകയുള്ളൂ.

വിശ്വാസത്തിൽ തുടർപരിശീലനത്തിന്റെ പ്രാധാന്യമാണ് ഇത് പ്രത്യേകം അനുസ്മരിപ്പിക്കുന്നത്. മതബോധനപരിശീലനം പലപ്പോഴും പ്രാഥമിക വിദ്യാഭ്യാസ പരിശീലനകാലഘട്ടത്തിൽ ഒതുങ്ങിനില്ക്കുന്നതുകൊണ്ട്, വിശ്വാസജീവിതത്തിൽ പ്രതിസന്ധികളുണ്ടാകുമ്പോൾ അവയെ നേരിടാൻ പലർക്കും കഴിയാതെ പോകുന്നുണ്ട്. ഇതു വളരെ അപകടകരമായ ഒരു സ്ഥിതിവിശേഷമാണ്. വിശ്വാസത്തിൽ തുടർപരിശീലനം ജീവിതകാലം മുഴുവൻ തുടരേണ്ട ഒരു പ്രക്രിയയാണ്. വിശ്വാസികളുടെ പ്രായഭേദമനുസരിച്ചുള്ള ഭക്തസംഘടനകൾ പ്രഥമമായും പ്രധാനമായും വിശ്വാസപരിശീലനവേദികളായിത്തീരണം. സഭയുടെ ആധികാരികമായ പ്രബോധനം പ്രായത്തിനും സാഹചര്യങ്ങൾക്കുമനുസൃതമായി കൊടുത്തുകൊണ്ട് വിശ്വാസികളെ തങ്ങളുടെ വിശ്വാസത്തിൽ നിലനിർത്തുവാനും ഉറപ്പിക്കുവാനും വളർത്തുവാനും അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം. അജപാലകരായ വൈദികർതന്നെ തങ്ങളുടെ തുടർപരിശീലനത്തിനു പ്രാധാന്യം കൊടുക്കുകയും, തങ്ങളുടെ തുടർപരിശീലനം ഗൗരവമായി കണ്ട് അതിനുള്ള വേദികൾ പ്രയോജനപ്പെടുത്തുകയും ചെയ്യണം.

**2. അന്ത്യവിധിയിൽ വിശ്വസിക്കുക**

"ആദ്യംതന്നെ നിങ്ങൾ ഇതു മനസ്സിലാക്കണം: അധമവികാരങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുന്ന നിന്ദകർ നിങ്ങളെ പരിഹസിച്ചുകൊണ്ട് അവസാനനാളുകളിൽ പ്രത്യക്ഷപ്പെടും. അവർ പറയും: അവന്റെ പ്രത്യാഗമനത്തെക്കുറിച്ചുള്ള വാഗ്ദാനം എവിടെ? എന്തെന്നാൽ, പിതാക്കന്മാർ നിദ്ര പ്രാപിച്ച നാൾ മുതൽ സകല കാര്യങ്ങളും സൃഷ്ടിയുടെ ആരംഭത്തിലുണ്ടായിരുന്ന സ്ഥിതിയിൽത്തന്നെ തുടരുന്നല്ലോ. ദൈവത്തിന്റെ

വചനത്താൽ ആകാശം പണ്ടുതന്നെ ഉണ്ടായെന്നും ഭൂമി വെള്ളത്തിലും വെള്ളത്താലും ഉറപ്പിക്കപ്പെട്ടിരിക്കുന്നുവെന്നും അന്നത്തെ ആ ലോകം വെള്ളത്താൽ നശിച്ചുവെന്നും ഉള്ള വസ്തുതകൾ അവർ വിസ്മരിക്കുന്നു" (3,3-6).

രണ്ടാമാഗമനത്തെയും അന്ത്യവിധിയെയും നിഷേധിച്ച്, അധമവികാരങ്ങൾക്ക് അടിമപ്പെട്ടു ജീവിക്കുന്നവർ, മിശിഹായുടെ പ്രത്യാഗമനത്തിനെതിരായി ഉന്നയിക്കുന്ന ചോദ്യം അവതരിപ്പിക്കുകയാണ് ഈ വാക്യങ്ങൾ. "അവന്റെ പ്രത്യാഗമനത്തെക്കുറിച്ചുള്ള വാഗ്ദാനം എവിടെ?" എന്ന ചോദ്യമാണ്, മിശിഹായുടെ രണ്ടാമാഗമനത്തെ നോക്കിപ്പാർത്തിരുന്ന ക്രൈസ്തവരോട് അവർ ചോദിക്കുന്നത്. അത് അവരിൽ പലരുടെയും വിശ്വാസജീവിതത്തെ ഉലച്ചു. "സകല ജാതികളും സൃഷ്ടിയുടെ ആരംഭത്തിലുണ്ടായിരുന്ന സ്ഥിതിയിൽതന്നെ തുടരുന്നല്ലോ" എന്നതാണ് അവരുടെ നിലപാടുകളെ ന്യായീകരിക്കുന്നതിന് അടിസ്ഥാനമായി അവർ ചൂണ്ടിക്കാണിക്കുന്നത്. ഈ പശ്ചാത്തലത്തിൽ പത്രോസ്ശ്ലീഹാ ലോകാന്ത്യം വൈകുന്നതിന്റെ കാരണമെന്താണെന്നു വിശദീകരിക്കുന്നു. അതു മറ്റൊന്നുമല്ല, വിധിയുടെയും ദുഷ്ടമനുഷ്യരുടെ നാശത്തിന്റെയും ദിനത്തിനുവേണ്ടി ആകാശവും ഭൂമിയും കാത്തുസൂക്ഷിക്കപ്പെടുന്നു എന്നതാണത്.

അന്ത്യവിധിയെക്കുറിച്ചോ ആത്മാവിന്റെ അനശ്വരതയെക്കുറിച്ചോ ചിന്തയില്ലാത്തവർ ഈ ലോകത്തെയാണു വിലമതിക്കുക. അതിനനുസരിച്ചുള്ള വ്യാജപ്രസ്താവനകൾ അവർ നടത്തുകയും ചെയ്യും. വിശ്വാസത്തിൽ ബലമില്ലാത്തവർ ഇത്തരം പ്രസ്താവനകളെ വിശ്വസിക്കുകയും, തങ്ങളുടെ ഈലോകതാല്പര്യങ്ങൾക്കു ചേരുന്നതിനാൽ അതിൽ നിലനില്ക്കുകയും ചെയ്യും. എന്നാൽ "നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്" എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഈലോകത്തെ സ്വർഗത്തെക്കാൾ കൂടുതൽ കാര്യമായി കണക്കാക്കാതിരിക്കുവാൻ നമ്മെ സഹായിക്കുന്നു. സ്വർഗത്തിൽ നിത്യമായി തുടരേണ്ട ജീവിതമായതുകൊണ്ട് ഈ ലോകത്തിലും സ്വർഗത്തിനടുത്ത വിശുദ്ധിയിൽ ജീവിക്കാനുള്ള വിളിയെ ഏറ്റം പ്രധാനമായി കണ്ടുകൊണ്ട് മറ്റു പ്രബോധനങ്ങളെ പിഞ്ചെല്ലാതിരിക്കുവാനുള്ള പ്രബോധനം വിശ്വാസികൾക്കു നല്കേണ്ടതുണ്ട്. ലൗകികതാല്പര്യങ്ങളും ജീവിതസൗകര്യങ്ങളും കൂടുതൽ കൂടുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തിൽ

ഇക്കാര്യത്തിൽ വിശ്വാസികളെ ഉദ്ബോധിപ്പിക്കേണ്ടത് ഇന്നത്തെ ഒരു വലിയ അജപാലനദൗത്യമായി അജപാലകർ കരുതണം.

**3. അനുതാപത്തിന്റെയും വിശുദ്ധിയുടെയും ജീവിതം നയിക്കുക**

"പ്രിയപ്പെട്ടവരേ, കർത്താവിന്റെ മുമ്പിൽ ഒരു ദിവസം ആയിരം വർഷങ്ങൾപോലെയും ആയിരം വർഷങ്ങൾ ഒരു ദിവസംപോലയുമാണ് എന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. കാലവിളംബത്തെക്കുറിച്ചു ചിലർ വിചാരിക്കുന്നതുപോലെ, കർത്താവു തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ താമസം വരുത്തുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും അനുതപിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നതുകൊണ്ട്, നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നുവെന്നേയുള്ളൂ. കർത്താവിന്റെ ദിനം കള്ളനെപ്പോലെ വരും. അപ്പോൾ ആകാശം വലിയ ശബ്ദത്തോടെ അപ്രത്യക്ഷമാകും. മൂലപദാർത്ഥങ്ങൾ എരിഞ്ഞുചാമ്പലാകും. ഭൂമിയും അതിലുള്ള സമസ്തവും കത്തിനശിക്കും. ഇവയെല്ലാം നശ്വരമാകയാൽ വിശുദ്ധിയോടും ദൈവഭക്തിയോടുംകൂടെ ജീവിക്കുന്നതിൽ നിങ്ങൾ എത്ര ശുഷ്കാന്തിയുള്ളവരായിരിക്കണം!" (3,8-11).

കർത്താവ് കാലത്തിനതീതനാണ്. കാരണം ആദിയും അന്തവുമില്ലാത്തവനാണ്. അവിടുത്തെ മുമ്പിൽ ആയിരം വർഷങ്ങളും ഒരു ദിവസവും തുല്യമാണ്. അതുകൊണ്ട് അവിടുത്തെ പദ്ധതിയിൽ കാലവിളംബം എന്ന പ്രതിഭാസമില്ല. തന്റെ വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്നതല്ല, അവിടുത്തെ പ്രത്യാഗനത്തിൽ എല്ലാവരും രക്ഷിക്കപ്പെടേണ്ടതിന് അവിടുന്നു ദീർഘക്ഷമ കാണിക്കുന്നു എന്നതാണ് പ്രത്യാഗമനം വൈകുന്നതിന്റെ കാരണം. എല്ലാവരെയും രക്ഷിക്കുക എന്നതാണ് ഈശോയുടെ പ്രത്യാഗമനലക്ഷ്യം. "ഞാൻ വന്നത് നീതിമാന്മാരെ വിളിക്കാനല്ല. പാപികളെ വിളിക്കാനാണ്" (മത്താ 9,13) എന്ന് ഈശോതന്നെ പഠിപ്പിച്ചിട്ടുള്ളതാണ്. പാപികളുടെ രക്ഷ ഉറപ്പാകുന്നത് കർത്താവിന്റെ രണ്ടാമാഗമനത്തോടുകൂടിയാണ്. അതുകൊണ്ട് യുഗാന്ത്യത്തിൽ കർത്താവിന്റെ ആഗമനം പ്രതീക്ഷിച്ചുകൊണ്ട്, ഉത്തമമായ ജീവിതം നയിക്കണമെന്നാണ് ഈ വചനങ്ങൾ ഉദ്ബോധിപ്പിക്കുന്നത്.

ആരും നശിച്ചുപോകാതെ എല്ലാവരും രക്ഷിക്കപ്പെടണമെന്നതുകൊണ്ട് രക്ഷയുടെ കാലഘട്ടം നമ്മുടെ തലമുറയിലേക്കുകൂടി നീട്ടിയ

തായിരിക്കണമെന്നു നാം വിശ്വസിക്കണം. അതുകൊണ്ട്, കർത്താവിന്റെ ദീർഘക്ഷമയുടെ ഈ കാലഘട്ടം, നമ്മുടെ അനുതാപത്തിന്റെയും വിശുദ്ധീകരണത്തിന്റെയും കാലഘട്ടമാകണം. കളങ്കമോ കറയോ ഇല്ലാത്ത ജീവിതത്തിന്റെ കാലഘട്ടമാകണം. അപ്പോൾ കർത്താവു നമ്മോടുകൂടെയായിരിക്കും. അങ്ങനെയുള്ള ഈലോകജീവിതം കർത്താവിന്റെ പ്രത്യാഗമനദിവസത്തിൽ കർത്താവിനോടുകൂടെ എന്നേക്കുമുള്ള ജീവിതത്തിലേക്കു പ്രവേശിക്കും. നമ്മുടെ കർത്താവായ ഈശോ "പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു. അവിടെനിന്നു ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്നും വിശ്വസിക്കുന്നു" എന്നു ദിവസവും ഏറ്റുപറയുന്ന വിശ്വാസികളുടെ സമൂഹാംഗങ്ങൾക്ക്, "മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടുംകൂടെ മഹത്ത്വത്തിൽ എഴുന്നള്ളുന്ന" (മത്താ 25,31) വിധിയുടെ ദിനത്തിൽ, അവിടുത്തെ വലത്തുഭാഗത്തു നില്ക്കുവാൻ സാധ്യമാകത്തക്കവിധം അവരെ അനുതാപത്തിലും വിശുദ്ധിയിലും ജീവിക്കുന്നതിന് ഒരുക്കുവാൻ അജപാലകരായ പുരോഹിതർക്കു കഴിയണം.

**4. പ്രതീക്ഷയിലും സമാധാനത്തിലും ജീവിക്കുക**

"ആകയാൽ പ്രിയപ്പെട്ടവരേ, ഇവ പ്രതീക്ഷിച്ചുകൊണ്ട് കളങ്കവും കറയും ഇല്ലാതെ, സമാധാനത്തിൽ കഴിയുന്നവരായി നിങ്ങൾ അവനു കാണപ്പെടാൻവേണ്ടി ഉത്സാഹിക്കുവിൻ. നമ്മുടെ കർത്താവിന്റെ ദീർഘക്ഷമ രക്ഷാകരമാണെന്നു കരുതിക്കൊള്ളുവിൻ. നമ്മുടെ പ്രിയപ്പെട്ടവനായ പൗലോസ് തനിക്കു ലഭിച്ച ജ്ഞാനമനുസരിച്ച് ഇക്കാര്യംതന്നെ നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ. ഈ വിഷയത്തെക്കുറിച്ചു പറയുമ്പോഴെല്ലാം, ഇങ്ങനെതന്നെയാണ് എല്ലാ ലേഖനങ്ങളിലും അവൻ എഴുതിയിരിക്കുന്നത്. മനസ്സിലാക്കാൻ വിഷമമുള്ള ചില കാര്യങ്ങൾ അവയിലുണ്ട്. അറിവില്ലാത്തവരും ചഞ്ചലമനസ്കരുമായ ചിലർ, മറ്റു വിശുദ്ധലിഖിതങ്ങളെപ്പോലെ അവയെയും തങ്ങളുടെ നാശത്തിനായി വളച്ചൊടിക്കുന്നു" (3,14-16).

ലേഖനത്തിന്റെ അവസാനഭാഗത്ത് കർത്താവിന്റെ പ്രത്യാഗമനം ഉണ്ടാകുമെന്ന പ്രതീക്ഷയിൽ ജാഗ്രതയോടുകൂടി ജീവിക്കുക എന്ന ഉപദേശമാണ് കാണുന്നത്. ഈ ഭാഗത്തിന് ആരംഭമായി കാണുന്ന "ആകയാൽ" എന്ന സംയോജനപദം, ഇതുവരെ പറഞ്ഞവയെ അവസാന നിർദ്ദേശങ്ങളോടു ബന്ധിപ്പിക്കുകമാത്രമല്ല, തുടർന്നു പറയാൻ പോകു

ന്നവയ്ക്ക് പ്രത്യേക ഊന്നൽ നല്കുകയും ചെയ്യുന്നുണ്ട്. 'പ്രിയപ്പെട്ടവരേ' എന്ന സംബോധന, തന്റെ ശ്രോതാക്കളുടെ ശ്രദ്ധയെ ഇനി പറയുന്ന കാര്യങ്ങളിലേക്ക് പ്രത്യേകമായി ക്ഷണിക്കുന്നതും അതോടൊപ്പം, അവരോടുള്ള താല്പര്യത്തെയും ഹൃദയ അടുപ്പത്തെയും വെളിവാക്കുന്നതുമാണ്. മിശിഹായുടെ രണ്ടാമാഗമനത്തെയും അതിനെ പ്രതീക്ഷിച്ചുകൊണ്ടുള്ള ക്രിസ്തീയജീവിതത്തെയും സൂചിപ്പിക്കുന്നതാണ് പൗരസ്ത്യസഭകളിലെല്ലാം കണ്ടുവരുന്ന, കിഴക്കോട്ടു തിരിഞ്ഞുനിന്നുള്ള ആരാധനക്രമാഘോഷങ്ങളും പ്രാർത്ഥനകളും. നമ്മുടെ സഭയിൽ ലത്തിനീകരണത്തിന്റെ ഫലമായി അതിൽ വ്യതിചലനമുണ്ടായിട്ടുണ്ട്. അതു പരിഹരിക്കുവാൻ അജപാലകരും അജഗണങ്ങളും പ്രത്യേകം ശ്രമിക്കണം.

കർത്താവിന്റെ പ്രത്യാഗമനം വൈകുന്നത് അവിടുത്തെ ദീർഘക്ഷമമൂലമാണെന്ന തന്റെ പ്രബോധനത്തിന് അവലംബമായി പൗലോസിന്റെ പ്രബോധനങ്ങളെ പത്രോസ്ശ്ലീഹാ കൂട്ടുപിടിക്കുന്നുണ്ട്. എന്നാൽ തന്റെ വാദങ്ങൾക്കു പിൻബലമായിരിക്കുന്ന ഈ പ്രബോധനങ്ങളെ അവഗണിച്ചുകൊണ്ട്, പൗലോസിന്റെ ലേഖനത്തിൽനിന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ഭാഗമെടുത്ത് വളച്ചൊടിക്കുകയും വിശ്വാസികളിൽ ചിന്താക്കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരെക്കുറിച്ചും അദ്ദേഹം മുന്നറിയിപ്പു നല്കുന്നുണ്ട്. "അറിവില്ലാത്തവരും ചഞ്ചലമനസ്കരും" എന്ന പ്രയോഗം വ്യാജപ്രബോധകരുടെ കുറ്റകരമല്ലാത്ത അജ്ഞതയോ ബലഹീനതയോ അല്ല, പ്രത്യുത, ശരിയായ പ്രബോധനങ്ങളോടുള്ള അവരുടെ വിമുഖതയും അറിവില്ലാത്തതിനാൽ ഉണ്ടാകുന്ന ചഞ്ചലിപ്പുമാണ്. കത്തോലിക്കാസഭയിൽനിന്നും വിട്ടുപോയ പല ക്രിസ്തീയവിഭാഗങ്ങളും ഇന്നും ഇതുപോലെ ബൈബിൾ തെറ്റായി വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതേപ്പറ്റിയുള്ള ശരിയായ പ്രബോധനം വിശ്വാസികൾക്കു നല്കുവാനും അജപാലകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

**5. മിശിഹായുടെ കൃപയിലും അറിവിലും വളരുക**

"ആകയാൽ പ്രിയപ്പെട്ടവരേ, ഇക്കാര്യം മുൻകൂട്ടി അറിഞ്ഞുകൊണ്ട്, ദുഷ്ടരുടെ തെറ്റിനെ അനുകരിച്ചു നിങ്ങൾ സ്ഥൈര്യം നഷ്ടപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കുവിൻ. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ കൃപയിലും അവനെക്കുറിച്ചുള്ള അറിവിലും

നിങ്ങൾ വളരുവിൻ. അവന് ഇപ്പോഴും എന്നേക്കും മഹത്ത്വമുണ്ടായിരിക്കട്ടെ! ആമ്മേൻ." (3,17-18).

പത്രോസ്ശ്ലീഹാ തന്റെ ലേഖനം അവസാനിപ്പിക്കുന്നത് ഈശോമിശിഹായുടെ കൃപയിലും അവനെക്കുറിച്ചുള്ള അറിവിലും വളരാൻ ആഹ്വാനം ചെയ്തുകൊണ്ടാണ്. വ്യാജപ്രബോധകരുടെ സാന്നിദ്ധ്യമുള്ള പശ്ചാത്തലമാണ് ഇപ്രകാരമുള്ള ഒരു സമാപനത്തിന് കാരണം. അവർ തെറ്റു പഠിപ്പിക്കുകമാത്രമല്ല, വചനം തെറ്റായി വ്യാഖ്യാനിക്കുകയും വിശ്വാസികളെ ആകർഷിക്കത്തക്ക രീതിയിൽ അത് അവതരിപ്പിക്കുകയും ചെയ്യുന്നവരാണ്. അതുകൊണ്ട് വിശ്വാസികളും അജപാലകരും അവരുടെ പ്രബോധനത്തെ വിമർശനപരമായി വേണം സമീപിക്കാൻ. അറിവുള്ള അജപാലകർപോലും ശ്രദ്ധിക്കണം. "ആകയാൽ, നില്ക്കുന്നു എന്നു വിചാരിക്കുന്നവൻ വീഴാതെ സൂക്ഷിച്ചുകൊള്ളട്ടെ" (1 കൊറി 10,12). അതുകൊണ്ട് സഭയുടെ വിശ്വാസത്തിന്റെ ആധികാരികതയെ മാനിച്ചുകൊണ്ടും ആ വിശ്വാസം മാറ്റംകൂടാതെ ജീവിച്ചുകൊണ്ടും പഠിപ്പിച്ചുകൊണ്ടും അജപാലനനേതൃത്വം കൊടുക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

"അവന് ഇപ്പോഴും എന്നേക്കും മഹത്ത്വമുണ്ടായിരിക്കട്ടെ! ആമ്മേൻ" എന്ന സ്തുതികീർത്തനംകൊണ്ടാണ് ലേഖനം ഉപസംഹരിക്കുന്നത്. സാധാരണ ലേഖനങ്ങളൊക്കെ അവസാനിപ്പിക്കുന്നത് ദൈവത്തെ സ്തുതിച്ചുകൊണ്ടാണ്. എന്നാൽ ഈ ലേഖനം അവസാനിപ്പിക്കുന്നത് മിശിഹായെ സ്തുതിച്ചുകൊണ്ടാണ്. മിശിഹായുടെ ദൈവത്വം ലേഖനം മുഴുവൻ നിറഞ്ഞുനില്ക്കുന്നു. സ്തുതിഗീതം വെറും ഒരാശംസയല്ല. മിശിഹാ സ്വന്തമാക്കിയിരിക്കുന്ന ദൈവികമഹത്ത്വത്തിന്റെ ഒരു കീർത്തനമാണ്. ദൈവികമഹത്ത്വം ഈശോമിശിഹാ അതിന്റെ പൂർണ്ണതയിൽ സ്വന്തമാക്കിയിരിക്കുന്നു. ഈ മഹത്ത്വം അവിടുത്തെ രണ്ടാമാഗമനത്തിൽ പ്രത്യേകമായി വെളിപ്പെടുത്തപ്പെടും. മാത്രമല്ല, അത് നിത്യമായി നിലനില്ക്കുന്ന മഹത്ത്വവുമാണ്. "ഈശോമിശിഹാ ഇന്നലെയും ഇന്നും എന്നും ഒരാൾതന്നെയാണ്" (ഹെബ്രാ 13,8). ഈ മഹത്ത്വത്തിലാണ് തന്നോടുള്ള വിശ്വസ്തതയിൽ ജീവിക്കുന്ന എല്ലാവരും പങ്കുചേരുന്നതും. ഇപ്രകാരം എല്ലാ വിശ്വാസികളെയും പഠിപ്പിക്കുവാനും ആ മഹത്ത്വത്തിലേക്ക് എല്ലാവരെയും ആനയിക്കുവാനും തക്കവിധം പുരോഹിതന്റെ അജപാലനശുശ്രൂഷ ഫലപ്രദമാകണം.

**ജീവിതസൂചിക**

1. വൈദികർക്കായുള്ള തുടർപരിശീലനപരിപാടികൾ ഞാൻ വേണ്ട വിധം പ്രയോജനപ്പെടുത്തുന്നുണ്ടോ? ജനങ്ങൾക്ക് വിശ്വാസതുടർപരിശീലനം ഞാൻ എപ്രകാരം നല്കുന്നു?

2. ക്രിസ്തീയജീവിതത്തിന്റെ അന്ത്യാത്മകമാനം എന്റെയും എന്റെ ഇടവകാസമൂഹത്തിന്റെയും ജീവിതത്തെ എത്രമാത്രം സ്വാധീനിക്കുന്നുണ്ട്?

3. അനുതാപത്തിലും വിശുദ്ധിയിലും ജീവിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു? ജനങ്ങളെ എപ്രകാരം പരിശീലിപ്പിക്കുന്നു?

4. കിഴക്കോട്ടു തിരിഞ്ഞുനിന്നുള്ള പ്രാർത്ഥനയിൽ നമ്മുടെ ജനങ്ങളെ പരിശീലിപ്പിക്കുവാൻ നമുക്ക് എന്തുചെയ്യുവാൻ സാധിക്കും?

5. ഈശോമിശിഹായെപ്പോലെ അറിവിലും കൃപയിലും വളരുവാനും എല്ലാവരെയും വളർത്തുവാനും നാം എപ്രകാരം പരിശ്രമിക്കണം?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹുമാനപ്പെട്ട മാത്യു കൊല്ലിത്താനം അച്ചന്റെ ചരമവാർഷികം ജൂൺ 3 നും ബഹുമാനപ്പെട്ട തോമസ് കാട്ടൂരച്ചന്റെ ചരമവാർഷികം ജൂൺ 8 നുമാണ്. നമ്മുടെ വി. കുർബാനകളിലും പ്രാർത്ഥനകളിലും ഈ വൈദീകരെ സ്നേഹപൂർവ്വം അനുസ്മരിക്കാം.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മൈനർ സെമിനാരി വാർത്തകൾ

**മൈനർ ഓർഡേഴ്സ്**

2021 മാർച്ച് 29 ന് തിങ്കളാഴ്ച രാവിലെ 6.45 ന് മൈനർ സെമിനാരിയിൽ വച്ച് വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം പൗരോഹിത്യസ്വീകരണത്തിനൊരുക്കമായ വിവിധ പട്ടങ്ങൾ നല്കി.

കാരാമയിൽ ഐസക് (ഷാന്റോ), കുമ്പളക്കുഴി മാത്യു (റോബിൻസ്), നാക്കുഴിക്കാട്ട് മാത്യു (ജോമിൻ), പുലിക്കുന്നേൽ ദേവസ്യ (ക്ലിന്റോ), തൊണ്ടിപ്പറമ്പിൽ പീറ്റർ (കിരൺ) എന്നിവർ മ്ശംശാന പട്ടവും, കോച്ചേരിൽ മാത്യു (അനൂപ്), ഞള്ളമ്പുഴ തോമസ്, പല്ലാട്ടുകുന്നേൽ അഗസ്റ്റിൻ (ജിജോ), പന്നയ്ക്കൽ മാത്യു (അമൽ), പുരയ്ക്കൽ ജോർജ്ജ് (അനീഷ്) എന്നിവർ ഹെവുപ്പദ്‌യാക്ക്ന പട്ടവും, കണ്ടത്തിൻകര ഏമ്മാനുവേൽ (അഭിഷേക്), കൊച്ചുമലയിൽ വർഗ്ഗീസ് (അനറ്റ്), മന്ത്രിക്കൽ തോമസ് (അമൽ), മുളങ്ങാട്ടിൽ തോമസ് (അമൽ), നെല്ലിമലയിൽ എമ്മാനുവേൽ (റിൻസൺ), തുരുത്തിയിൽ ലൂയിസ്, വട്ടക്കുന്നേൽ ജൂഡ് എന്നിവർ കാറോയ പട്ടവും സ്വീകരിച്ചു.

**വൈദികവസ്ത്ര സ്വീകരണം**

ഏപ്രിൽ 15 ന് രാവിലെ 6.45 ന് മൈനർ സെമിനാരിയിൽ വച്ച്

ബിരുദാനന്തബിരുദപഠനം പൂർത്തിയാക്കിയ കടകേലിൽ തോമസ് (ടോംലിൻ), മണിക്കുറ്റിയിൽ അഗസ്റ്റിൻ (ആൽബിൻ), പാലാക്കുഴ ജോസഫ് (ബോബി), പൂതക്കുഴിയിൽ ജോസഫ് (ക്രിസ്റ്റി) എന്നീ ബ്രദേഴ്സിന് അഭിവന്ദ്യപിതാവ് വൈദികവസ്ത്രം ആശീർവദിച്ചു നല്കി. വൈദികവസ്ത്രം സ്വീകരിച്ചവർക്ക് അഭിനന്ദനങ്ങൾ

## Major Seminarians' Gathering

2021 മെയ് 19 ന് രാത്രി 8.45 ന് വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദിക വിദ്യാർത്ഥികളുടെ സമ്മേളനം (Zoom Meeting ) നടന്നു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നേതൃത്വം നല്കി. ബഹു. ജെയിംസ് കുറ്റിമാക്കലച്ചൻ നയിച്ച പ്രാർത്ഥനയോടെ മീറ്റിംഗ് ആരംഭിച്ചു. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ എല്ലാവരെയും സ്വാഗതം ചെയ്തു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. രൂപതയുടെ വികാരി ജനറാൾ പെരിയ ബഹു. പോൾ മുണ്ടോളിക്കലച്ചൻ, മണിമൂളി-നിലമ്പൂർ വികാരി ജനറാൾ പെരിയ ബഹു. തോമസ് മണക്കുന്നേലച്ചൻ എന്നിവരും മീറ്റിംഗിൽ സംസാരിച്ചു. ഫാ. സിജീഷ് പുല്ലൻകുന്നേൽ, ഫാ. ബിജു പൊൻപാറയ്ക്കൽ, ഫാ. ജോഫ്രി കളരിക്കൽ, ഫാ. ആന്റോ ചിറയിൽപറമ്പിൽ, ഫാ. ജെയ്നേഷ് പുതുക്കാട്ടിൽ, ഫാ. ടോമി പുത്തൻപുരയ്ക്കൽ, ഫാ. ജോർജ്ജ്കുട്ടി കണിപ്പിള്ളിൽ, എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. ലീഡേഴ്സ് ഡീക്കൻ ഷാന്റോ കാരാമയിൽ, ബ്രദർ ഗോഡ്വിൻ തൂമുള്ളിൽ എന്നിവർ മീറ്റിംഗിന് നേതൃത്വം നല്കി. 2021-2022 വർഷത്തെ ലീഡേഴ്സായി ബ്രദർ ജിജോ പല്ലാട്ടുകുന്നേൽ, ബ്രദർ ആദർശ് മാങ്കൂട്ടത്തിൽ എന്നിവരെ തെരഞ്ഞെടുത്തു. കഴിഞ്ഞ വർഷം ഈ കൂട്ടായ്മയെ നയിച്ച ലീഡേഴ്സ് ഡീക്കൻ ഷാന്റോ കാരാമയിൽ, ബ്രദർ ഗോഡ്വിൻ തൂമുള്ളിൽ എന്നിവർക്ക് നന്ദി. പുതുതായി നേതൃത്വം ഏറ്റെടുത്തിരിക്കുന്ന ബ്രദർ ജിജോ പല്ലാട്ടുകുന്നേൽ, ബ്രദർ ആദർശ് മാങ്കൂട്ടത്തിൽ എന്നിവർക്ക് ആശംസകൾ.

**അഭിനന്ദനങ്ങൾ, ആശംസകൾ**

വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര പഠനം ആരംഭിച്ചിരിക്കുന്നവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**തത്വശാസ്ത്രം**

പുതിയകുന്നേൽ ജോർജ്ജ് (അജിത്ത്), പാറക്കാലായിൽ

കുര്യാക്കോസ് (പവിൻ) - കോട്ടയം; ഏറത്ത് അബ്രാഹം (അമൽ), മഠത്തിത്താഴെ അഗസ്റ്റിൻ (ജിൽസൺ) - ആലുവ; കുന്നത്ത് ജോസഫ് (ഷാരോൺ), തെക്കേൽ മാത്യു (ജിബിൻ) - തൃശൂർ; വാണിയം കിഴക്കേൽ സെബാസ്റ്റ്യൻ (ജെസ്‌വിൻ) - കുന്നോത്ത്

**ദൈവശാസ്ത്രം**

മണിക്കുറ്റിയിൽ അഗസ്റ്റിൻ (ആൽബിൻ) - കുന്നോത്ത്
കടകേലിൽ തോമസ് (ടോംലിൻ) - ആലുവ
പൂതക്കുഴിയിൽ ജോസഫ് (ക്രിസ്റ്റി) - തൃശൂർ
പാലാക്കുഴ ജോസഫ് (ബോബി) - കോട്ടയം

**സ്വാഗതം**

സെമിനാരിയുടെ പുതിയ റെക്ടറായി നിയമിതനായിരിക്കുന്ന പെരിയ ബഹു. സജി നെടുങ്കല്ലേൽ അച്ചന്, സ്നേഹപൂർവകമായ സ്വാഗതം ആശംസിക്കുകയും, എല്ലാ ഭാവുകങ്ങളും നന്മകളും നേരുകയും ചെയ്യുന്നു.

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ

# വൈദികരുടെ മാസധ്യാനം

## കൽപ്പറ്റ ഫൊറോന

കൽപ്പറ്റ ഫൊറോനയിലെ ബഹു. വൈദികരുടെ മാസധ്യാനം മെയ് 14 ന് ലോക്ഡൗണിന്റെയും കോവിഡ് രോഗവ്യാപനത്തിന്റെയും പശ്ചാത്തലത്തിൽ ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടത്തി. ഫൊറോന വികാരി ബഹു. സോമി വടയാപറമ്പിൽ അച്ചൻ എല്ലാവർക്കും സ്വാഗതമരുളി. മെയ് മാസം ജന്മദിനവും  നാമഹേതുക തിരുനാളും ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ നേർന്നു. കോവിഡ് മഹാമാരി അതിജീവിക്കാൻ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ യോഗം ചർച്ച ചെയ്തു. അതോടൊപ്പം കോവിഡ് രോഗത്താൽ മരണ മടഞ്ഞവരെ പ്രത്യേകമായി ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. കോവിഡ് രോഗത്താൽ മരണമടഞ്ഞ വരുടെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്ന കെ. സി. വൈ. എം കൽപ്പറ്റ മേഖല ഡയറക്ടർ ബഹു. ജിജോ വാത്തേലിയ ച്ചനും ടീം അംഗങ്ങൾക്കും യോഗം നന്ദി പറഞ്ഞു. തുടർന്ന് ഫൊറോന വൈദിക കൂട്ടായ്മയിൽ നിന്നും സ്ഥലംമാറിപ്പോകുന്ന വൈദികർക്ക് ബഹു. സോമിയച്ചൻ നന്ദിയും പുതിയ സ്ഥലങ്ങളിൽ എല്ലാവിധ ആശംസകളും നേർന്നു. സഭയെയും സഭയിൽ ശുശ്രൂഷ ചെയ്യുന്നവ രെയും അവഹേളിക്കാൻ പലരും പലവിധത്തിൽ ശ്രമിക്കുമ്പോൾ കെ. സി. ബി. സി. ജാഗ്രത സമിതി ഉണർന്ന് പ്രവർത്തിക്കുന്നതായി യോഗം അഭിപ്രായപ്പെട്ടു. സ്ഥലം മാറിപ്പോകുന്ന എല്ലാ വൈദികരും വൈദിക കൂട്ടായ്മയ്ക്ക് നന്ദി പറഞ്ഞു. ബഹു. സോമിയച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു.

**ഫാ. ജോൺ പുളിന്താനത്ത്**
സെക്രട്ടറി

## മതബോധനരംഗം

ഓരോ വിശ്വാസപരിശീലകനും വിശ്വാസത്തിന് സാക്ഷ്യം വഹിക്കുന്ന അദ്ധ്യാപകനും കൂട്ടുകാരനും, വിശ്വാസസത്യങ്ങളുടെ പ്രബോധകനുമായിരിക്കണം എന്ന് 'പുരാതന ശുശ്രൂഷ' എന്ന കല്പന യിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നു. വിശ്വാസ ത്തിന് സാക്ഷ്യം വഹിക്കുവാനും വിശ്വാസസത്യങ്ങൾ പ്രഘോഷിക്കു വാനും ഒരു വിശ്വാസപരിശീലനവർഷം കൂടെ നമുക്ക് സമ്മാനിക്കപ്പെ ട്ടിരിക്കുകയാണ്. കാലഘട്ടത്തിന്റെ പ്രതിസന്ധികളെയും വെല്ലുവിളി കളെയും അതിജീവിച്ച് ഉത്ഥിതന്റെ കരങ്ങളിൽ നിന്ന് ഏറ്റെടുത്തി രിക്കുന്ന ഈ പ്രഘോഷണദൗത്യം ഏറ്റവും വിജയകരമായി പൂർത്തിയാ ക്കുവാൻ വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

വിശ്വാസപരിശീലനവർഷം 2021 മെയ് 30 ാം തീയതി കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഓൺലൈനിൽ ഔപചാരികമായി ഉദ്ഘാ ടനം ചെയ്തു. കഴിഞ്ഞവർഷങ്ങളിൽ വിശ്വാസപരിശീലന രംഗത്ത് പ്രവർത്തിക്കുകയും, ഈ വർഷം വിരമിക്കുകയും ചെയ്തിട്ടുള്ള എല്ലാ വിശ്വാസപരിശീലകർക്കും രൂപതാ കേന്ദ്രത്തിന്റെ സ്നേഹവും , നന്ദി യും പ്രാർത്ഥനകളും അറിയിക്കുകയാണ്. ഈ ശുശ്രൂഷ മേഖലയി ലേക്ക് പുതുതായി കടന്നുവന്ന എല്ലാ വിശ്വാസപരിശീലകരെയും സ്വാഗതം ചെയ്യുകയും വിജയാശംസകൾ നേരുകയും ചെയ്യുന്നു. കഴിഞ്ഞവർഷത്തെ സാഹചര്യങ്ങൾ മാറിയിട്ടില്ലെങ്കിലും ദൈവകൃപ യിലാശ്രയിച്ചുകൊണ്ട് ഒരു പുതുചൈതന്യത്തോടെ ഈ വിശ്വാസ വർഷത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്.

**നന്ദി, സ്വാഗതം**

കഴിഞ്ഞ രണ്ടുവർഷക്കാലം മതബോധന കേന്ദ്രത്തിന്റെ ഓഫീസ് സെക്രട്ടറിയായി ആത്മാർത്ഥമായി സേവനം ചെയ്ത് പുതിയ പ്രവർത്തനരംഗത്തേയ്ക്ക് പ്രവേശിച്ചിരിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റർ സവിത FCCക്ക് ഏറ്റവും ആത്മാർത്ഥമായ നന്ദി അറിയിക്കുകയാണ്.

ഏൽപിക്കപ്പെട്ട ദൗത്യം പൂർണ്ണതയിൽ നിറവേറ്റുന്നതിന് ആത്മാർത്ഥത യോടെ സിസ്റ്റർ അധ്വാനിച്ചു. വിശ്വാസ പരിശീലന രംഗത്ത് പ്രവർത്തി ക്കുന്ന ഏവരെയും കുടുംബാംഗങ്ങളെപോലെ പരിഗണിക്കുകയും കൃത്യമായ നിർദ്ദേശങ്ങൾ സമയത്ത് നൽകി പ്രചോദിപ്പിക്കുകയും ചെയ്തു. സിസ്റ്ററിന്റെ സേവനത്തെ ഏറ്റവും നന്ദിയോടെ ഓർക്കുകയും പ്രവർത്തനങ്ങൾക്ക് ദൈവം പ്രതിഫലം നൽകട്ടെ എന്ന് ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും ചെയ്യുന്നു. മതബോധനകേന്ദ്രത്തിന്റെ പുതിയ ഓഫീസ് സെക്രട്ടറിയായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന സിസ്റ്റർ ജോസ്‌ലിൻ FCCക്ക് വിശ്വാസ പരിശീലനകുടുംബത്തിലേക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുകയും ഏറ്റെടുത്തിരിക്കുന്ന പുതിയ ഉത്തരവാദിത്വം ഏറ്റവും പൂർണ്ണതയോടെകൂടെ നിറവേറ്റുവാൻ സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**വിശ്വാസ പരിശീലനവർഷം**

വിശ്വാസ പരിശീലനവർഷം ഔദ്യോഗികമായി മെയ് 30 ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. ജൂൺ 7 മുതൽ ഓൺലൈൻ ക്ലാസ്സുകൾ സംപ്രേഷണം ആരംഭിക്കുന്നു. 15 മിനിറ്റ് ആയിരിക്കും ക്ലാസ്സസിന്റെ ദൈർഘ്യം. ഒരു ദിവസം രണ്ടു ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്ന താണ്. ശാലോം (3.30-4.00 pm, 11.30-12.00 pm), ഗുഡ്നെസ് (6.30-7.00 pm), ഷെക്കെയ്ന (5.30-6.00 pm) എന്നീ മൂന്ന് ചാനലുകളിലും Mananthavady Catechesis എന്ന യുട്യൂബ് ചാനലിലും ക്ളാസുകൾ ഉണ്ടായിരിക്കും.

**HM/PP Conference**

കോവിഡ് 19 മൂലമുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ HM/PP കോൺഫ്രൻസ് ഓൺലൈനായി മേയ് 22 ശനിയാഴ്ച നടത്തപ്പെട്ടു.

**ആമുഖസെമിനാർ**

പുതിയ ടീച്ചേഴ്സിനു വേണ്ടിയുള്ള ആമുഖസെമിനാർ ജൂൺ മാസത്തിൽ ഓൺലൈനായിട്ടായിരിക്കും നടത്തപ്പെടുക. സീറോ മലബാർ വിശ്വാസ പരിശീലന കമ്മീഷനാണ് സെമിനാർ നടത്തുന്നത്. ആമുഖസെമിനാറിൽ ഇതുവരെയും പങ്കെടുത്തിട്ടില്ലാത്ത എല്ലാ ടീച്ചേഴ്സും പേര് രജിസ്റ്റർചെയ്ത് ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതാണ്.

പേര് രജിസ്റ്റർ ചെയ്യാനുള്ള google form ഹെഡ് മാസ്റ്റേഴ്സിന് അയച്ചുതന്നിട്ടുണ്ട്.

**ക്ലാസ്സ് പി. ടി. എ.**

ഇടവകാ തലത്തിൽ ജൂൺ മാസത്തിൽത്തന്നെ ഓരോ ക്ലാസിന്റെയും ക്ലാസ് പി. ടി. എ. നടത്തുകയും വിശ്വാസപരിശീലനത്തിൽ മാതാപിതാക്കളുടെ സഹകരണം ഉറപ്പുവരുത്തുകയും ചെയ്യുമല്ലോ.

**ഉപപാഠപുസ്തകങ്ങൾ & ടെക്സ്റ്റ് ബുക്ക്**

I- IV Rs. 30/- I - IV Rs. 30/-

V - IX Rs. 40/- V - XII Rs. 50/-

X Rs. 60/- English Text Rs. 60/-

XI - XII Rs. 100/- Bible Nursery Rs. 50/-

മന്ന Rs. 50/- കുർബാനപുസ്തകം Rs. 50/-

നമസ്കാരപുസ്തകം Rs. 15/-

**ടീച്ചേഴ്സ് ഡയറി**

ഈ വർഷം ക്ലാസ്സുകൾ ഓൺലൈനായി സംപ്രേഷണം ചെയ്യപ്പെടുന്നതിനാൽ ടീച്ചിംഗ് നോട്ടിനുപകരം ടീച്ചേഴ്സ് ഡയറിയാണ് തയ്യാറാക്കേണ്ടത്. ടീച്ചേഴ്സ് ഡയറി ഉപയോഗിക്കേണ്ടതെങ്ങനെയെന്ന് യുട്യൂബ് ട്യൂട്ടോറിയൽ അയച്ചുതന്നിട്ടുണ്ട്.

**പരീക്ഷകൾ**

1 മുതൽ 9 വരെ ക്ലാസ്സുകൾക്ക് മൂന്ന് പരീക്ഷകൾ ഉണ്ടായിരിക്കും. ആദ്യ രണ്ട് പരീക്ഷകൾ പാഠപുസ്തകം, വി. ഗ്രന്ഥഭാഗം (പാർട്ട് 1) (60 മാർക്ക്) എന്നിവ അടിസ്ഥാനമാക്കിയാണ്.

മൂന്നാമത്തെ പരീക്ഷ (പാർട്ട് 2) നമസ്ക്കാരം –10, പൊതുവിജ്ഞാനം– 5 , ബൈബിൾ– 5 , ഉപപാഠപുസ്തകം– 10, ആകെ 30 മാർക്ക് + ഇന്റേണൽ 10 = 40.

പത്തുമുതൽ 12 വരെ ക്ലാസ്സുകൾക്ക് രണ്ട് പരീക്ഷകൾമാത്രമേ ഉണ്ടായിരിക്കുകയുള്ളു. പുസ്തകം – 60+ നമസ്ക്കാരം–10, പൊതുവിജ്ഞാനം – 5 ബൈബിൾ – 5= 80. + അസൈൻമെന്റ് 10+ ഇന്റേണൽ 10 = 100 മാർക്ക്

ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിൽ ഉപപാഠപുസ്തകത്തിനു മാറ്റമില്ല. HCC ക്ലാസ്സുകളിൽ ഉപപാഠപുസ്തകത്തോടൊപ്പം പിതൃഹൃദയത്തോടെ എന്ന യൗസേപ്പിതാവിനെക്കുറിച്ചുള്ള അപ്പസ്തോലിക

ലേഖനം ഉണ്ടായിരിക്കുന്നതാണ്. പ്രോഗ്രസ് കാർഡിൽ മാർക്കുകൾ ഇപ്രകാരം ക്രമീകരിച്ച് ചേർക്കുക. (Part I - 60, Part II -30, CE-10)

ക്ലാസ്സ് മാറ്റം ഉള്ള ടീച്ചേഴ്സിന് രൂപതാ തലത്തിൽ ക്ലാസ്സ് ട്രെയിനിംഗ് നല്കുന്നതായിരിക്കും. അടുത്തവർഷം സ്കോളർഷിപ്പ്, റാങ്ക് തുടങ്ങിയവ ഉണ്ടായിരിക്കുകയില്ല.

പുതിയ വിശ്വാസ പരിശീലനവർഷത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

**ഫാ. ഷിജോ വേനക്കുഴി**
അസി.ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

കോവിഡ് മഹാമാരിയിൽ നിന്നും മോചിതരാകാൻ എല്ലായിടത്തും എല്ലാവരും പൊരുതികൊണ്ടിരിക്കുകയാണ്. ഞാനും നിങ്ങളും ഈ ലോകത്ത് നമുക്ക് നേരിട്ട് അറിയാൻ സാധിക്കാത്തവരുമൊക്കെ നമുക്ക് കാണാൻ പോലും കഴിയാത്ത ശത്രുവിനെതിരെ പ്രതിരോധം തീർക്കാൻ കൈകഴുകി, മാസ്ക് ധരിച്ച്, സാമൂഹിക അകലം പാലിച്ച് വീട്ടിൽ നിന്നും പുറത്തിറങ്ങാതെയുള്ള പോരാട്ടം...ഒരുമിച്ച് നേരിടാം നമുക്ക്. ഈ കാലവും കടന്നുപോകും. പോയതൊക്കെ നാം വീണ്ടെടുക്കും.

ചെറുപുഷ്പ മിഷൻലീഗ് എന്ന ഭക്തസംഘടന പ്ലാറ്റിനം ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുകയാണ് അതുകൊണ്ടു തന്നെ സംഘടനാശാക്തീകരണ വർഷമായിട്ടാണ് ഈ വർഷം നമ്മൾ ആചരിക്കുക. പ്രവർത്തന ശൈലിയിൽ മാറ്റം വന്നിട്ടുണ്ടെങ്കിൽ, തനിമയിൽ മാറ്റം സംഭവിച്ചിട്ടുണ്ടെങ്കിൽ ഒരു തിരിച്ചു പോക്ക് അനിവാര്യമാണ്. പ്രാർത്ഥിച്ചും, സുകൃതജപം ചൊല്ലിയും, പരോപകാരം ചെയ്തും ഒത്തിരിപേർ സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനം ചെയ്യുന്നു. ഇനിയും ഒത്തിരി നല്ല മിഷനറിമാരെ സഭയ്ക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും വളർത്തേണ്ടതുണ്ട്. സംഘടനയുടെ ലക്ഷ്യങ്ങളും പ്രവർത്തന ശൈലികളും പഠിക്കണം. യൗവ്വനത്തിൽ പലരും പല സംഘടനകളെ കുറിച്ചും മനസ്സിലാക്കാതെ വെറും ജയ് വിളിക്കാരായ് മാറുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. അതിന്റെ അപജയങ്ങൾ കൺമുമ്പിൽ സുപരിചിതമാണ്. അതിനാൽ തന്നെ സംഘടനയെ കുറിച്ച് അറിഞ്ഞ്, സംഘടനയിലൂടെ വളർന്ന് ക്രിസ്തുവിനുവേണ്ടി ജയ് വിളിക്കുന്ന ഒരു പുതുസമൂഹത്തെ വാർത്തെടുക്കുവാൻ നമുക്കു പരിശ്രമിക്കാം. വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥ്യം നമുക്ക് തുണയായിരിക്കട്ടെ.

പ്രാർത്ഥനയോടെ, സ്നേഹത്തോടെ,

**ഷിജു അച്ചൻ**

പ്രാർത്ഥന മലരുകൾ - 100 സുകൃത ജപങ്ങൾ

നിയോഗം - കൊറോണ വ്യാധിയിൽ നിന്നും സകല ജനങ്ങൾക്കും സംരക്ഷണം ലഭിക്കുന്നതിനായ് (13 മേഖലകളിൽ 158

ശാഖകൾ ഒരേ സമയം ഒരുമയോടെ മനമുയർത്തുന്നു).

**രൂപത പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പ്രവർത്തനവർഷ ഉദ്ഘാടനം 2021 ജൂൺ 12 ശനിയാഴ്ച്ച മിഷൻലീഗിന്റെ യൂട്യൂബ്, ഫേസ് ബുക്ക് ചാനലുകളിലൂടെ നടത്തപ്പെടുന്നു. ചെറുപുഷ്പ മിഷൻലീഗ് എന്ന ഭക്തസംഘടന പ്ലാറ്റിനം ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ സാഹചര്യത്തിൽ 'ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ് ' എന്ന പ്രവർത്തന വിഷയത്തെ ആധാരമാക്കി മേഖലകളിലും ശാഖകളിലും പരിപാടികൾ ക്രമീകരിക്കുമല്ലോ? രൂപത മാർഗരേഖ പിഡിഎഫ് ഫോർ മാറ്റിൽ അയച്ചു തരുന്നതായിരിക്കും.

**വെട്ടം- രൂപത ജോ. ഡയറക്ടേഴ്സ് സംഗമം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ശാഖാ ജോ. ഡയറക്ടേഴ്സ് മീറ്റിംഗ് ഏപ്രിൽ 25 ഞായറാഴ്ച രണ്ട് വിഭാഗങ്ങളായി ഓൺലൈനിൽ നടത്തി. രൂപതയിലെ വിവിധ ശാഖകളിൽ നിന്നായി നൂറോളം സിസ്റ്റേഴ്സ് സംഗമത്തിൽ പങ്കെടുത്തു. രൂപത ജോ. ഡയറക്ടർ സി. ക്രിസ്റ്റീന നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച സംഗമത്തിന് ഫാ. ഷിജു ഐക്കരക്കാനായിൽ നേതൃത്വം നൽകി. രൂപത പ്രസിഡണ്ട് രഞ്ചിത്ത് മുതുപ്ലാക്കൽ മേഖല, ശാഖ തലങ്ങളിൽ നിന്നും സ്ഥലം മാറിപോകുന്ന ജോ. ഡയറക്ടേഴ്സിനു നന്ദി പറയുകയും ചെയ്തു. തുടർന്ന് ശാഖ വാർഷിക റിപ്പോർട്ട്, സന്ദർശന റിപ്പോർട്ട്, അംഗത്വ ലിസ്റ്റ് എന്നിവ മെയ് 10 ന് മുമ്പായി രൂപതയിൽ എത്തിക്കുന്നതിനെപ റ്റിയും തുടർന്ന് പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ പറ്റിയും നിർദേശങ്ങൾ വയ്ക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ജോ. ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും രൂപത സെക്രട്ടറി ശ്രീ. സജീഷ് എടത്തട്ടേൽ നന്ദി പറഞ്ഞു.

## COVID TO COWIN- CML

വാക്സിനേഷൻ സംബന്ധിച്ച് ജനങ്ങളിൽ ഒത്തിരിയേറെ ആശ ങ്കകളും സംശയങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിൽ അവ ദുരീ കരിക്കുന്നതിനായി സി.എം.എൽ മീഡിയ സെല്ലിന്റെ നേതൃത്വത്തിൽ ചെയ്ത പ്രോഗ്രാം ആയിരുന്നു 'കോവിഡ് ടു കോവിൻ'. സാധാരണഗതി യിൽ ഉണ്ടാകാൻ സാധ്യതയുള്ള പതിനൊന്നോളം ചോദ്യങ്ങളും അവ യ്ക്കുള്ള ഉത്തരങ്ങളും ശ്രദ്ധിക്കേണ്ട മറ്റു കാര്യങ്ങളും അടങ്ങിയ പി. ഡി.എഫ് അനേകരിൽ എത്തിച്ചപ്പോൾ അത് സംശയനിവാരണത്തിന് സഹായകരമായി. 'കോവിഡ് ടു കോവിൻ'ന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ...

**മെയ്മാസ റാണി**

പരിശുദ്ധ അമ്മയ്ക്കു സമർപ്പിക്കപ്പെട്ട മെയ്മാസത്തിൽ അമ്മയിൽ വിളങ്ങിനിന്നിരുന്ന സവിശേഷമാർന്ന നൻമകളെ ധ്യാനിക്കുന്നതിനായി ഓരോ ദിനവും അമ്മയെ പറ്റിയുള്ള സുകൃതങ്ങളും അമ്മയുടെ ജീവിതവുമായി ബന്ധമുള്ള വചനങ്ങളും പോസ്റ്റർ രൂപത്തിലാക്കി മെയ് മാസറാണി എന്ന പേരിൽ കുഞ്ഞു മിഷനറിമാരിൽ എത്തിച്ചു കൊണ്ടിരിക്കുന്നു.

**രൂപത ദിനം**

മാനന്തവാടി രൂപതയുടെ നാൽപ്പത്തിയെട്ടാം വാർഷികം ഓൺലൈൻ ആയി സംഘടിപ്പിച്ചപ്പോൾ വാർഷിക ആഘോഷ പരിപാടികളിൽ മിഷൻ ലീഗ് പ്രവർത്തകർ നിറസാന്നിധ്യമായി. രൂപതാ എക്സിക്യൂട്ടീവ് അംഗം ശ്രീ. ഷാജി ചന്ദനപറമ്പിൽ വാർഷിക പരിപാടികളുടെ അവതാരകനായി. കുഞ്ഞുമിഷനറിമാരുടെ പ്രതിനിധികളായി കുമാരി ഐറിൻ സജി (നടവയൽ), മാസ്റ്റർ റിച്ചാർഡ് പോൾ (പയ്യമ്പള്ളി) എന്നിവർ ആശംസകൾ നേർന്നു കൊണ്ട് സംസാരിച്ചു. കുമാരി എലൻ റോസ് (വിളുമ്പുകണ്ടം) ശ്രുതിമധുരമായ ഗാനം ആലപിച്ചു. രൂപതദിനത്തിന്റെ മാറ്റുകൂട്ടുവാൻ സഹായിച്ച കുഞ്ഞുമിഷനറിമാർക്ക് അഭിനന്ദനങ്ങൾ..

## My Bose Is A Carpenter

ഒരു മരപ്പണിക്കാരന്റെ കുടുംബം ലോകം മുഴുവന്റെയും രക്ഷയ്ക്ക് നിദാനം ആയതാണ് രക്ഷാകര ചരിത്രം. മെയ് 1 തൊഴിലാളി ദിനത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ ജീവിതത്തോട് ചേർന്നു തൊഴിലിന്റെ മാഹാത്മ്യത്തെപ്പറ്റി ചിന്തിക്കാൻ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഏഴാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സ്വരെയുള്ള കുട്ടികൾക്കായി ഒരുക്കിയ വെബിനാറാണ് My Bose Is A Carpenter. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി ധാരാളം കുട്ടികൾ ക്ലാസ്സിൽ പങ്കെടുത്തു. ക്ലാസ്സിനു നേതൃത്വം നൽകിയ രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. അരുൺ പേഴേക്കാട്ടിലിന് രൂപത കുടുംബത്തിന്റെ നന്ദി.

**നസ്രായാൻ വിളിക്കുന്നു**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ദൈവവിളി വാരാചരണവും, പ്രഭാഷണ പരമ്പരയും, ദൈവവിളി സർവ്വേയും സംഘടിപ്പിച്ചു. ആഗോള കത്തോലിക്ക സഭ മെയ് 3 ദൈവവിളി ദിനമായി ആചരിക്കുന്ന പശ്ചാത്തലത്തിൽ മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻ ലീഗ് മെയ് ഒന്നു മുതൽ ഏഴുവരെ ദൈവവിളി വാരമായി ആചരിച്ചു. മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ്

പൊരുന്നേടം ഉദ്ഘാടനം ചെയ്ത ദൈവവിളി വാരത്തിൽ പൗരോഹിത്യം, സന്യാസം, കുടുംബജീവിതം തുടങ്ങിയ ജീവിതാന്തസ്സുകളെ കുറിച്ചുള്ള പ്രഭാഷണങ്ങളും സന്യാസ പരിശീലനത്തെക്കുറിച്ചുള്ള ചിന്തകളും ഉണ്ടായിരുന്നു. പ്രഭാഷണങ്ങൾക്ക് യഥാക്രമം ഫാ. ജെൻസൺ ലാസലറ്റ് (നസ്രായന്റെ പുരോഹിതൻ), സി. സിനി മരിയ സി.എം.സി (നസ്രായന്റെ മാത്രം സ്വന്തമായവൾ), ശ്രീ.ഷാജി ചന്ദനപറമ്പിൽ (നസ്രായന്റെ കുടുംബക്കാരനാകാൻ), ബ്ര. അമൽ ഏറത്ത് (നസ്രായന്റെ കൂടെയാകാൻ) സി. അഞ്ജന കെ. ജോമോൻ എസ്. കെ. ഡി, (എന്നിൽ നിന്നും നസ്രായനിലേക്ക്), ഫാ.തോമസ് കച്ചിറയിൽ(സെമിനാരി പരിശീലനം) എന്നിവർ നേതൃത്വം നൽകി. യാഥാർത്ഥ്യങ്ങളിലേക്ക് കാലെടുത്തു വയ്ക്കാൻ, ഭാവി സാധ്യതകളിലേക്ക് ക്രിസ്തുവിനെ പ്രതിഫലിപ്പിക്കാൻ ഇനിയും അനേകർ വേണമെന്ന തിരിച്ചറിവോടെ ദൈവവിളി വാരത്തിൽ കർമ്മനിരതരായ എല്ലാ ശാഖ, മേഖല, രൂപത നേതൃത്വങ്ങൾക്കും അഭിനന്ദനങ്ങൾ. പ്രഭാഷണ പരമ്പര മനോഹരമായി അനേകരിലെത്തിക്കാൻ സഹായിച്ച രൂപത മീഡിയ & കമ്മ്യൂണിക്കേഷന് നന്ദി.

## CML-ReD Ready to Donate

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ 'ബ്ലഡ് ബാങ്കുകളിൽ രക്തത്തിന് ക്ഷാമം നേരിടുന്നതിനാൽ, അതിനൊരു പരിഹാരം കാണുവാൻ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത മുന്നിട്ടിറങ്ങി. വയനാട് മെഡിക്കൽ കോളേജ് 'ബ്ലഡ് ബാങ്കിന്റെയും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെയും സംയുക്താഭിമുഖ്യത്തിൽ വിവിധ മേഖലകളുടെ സഹകരണത്തോടെ രക്തം ദാനം ചെയ്തു. ഇതിന്റെ ഭാഗമായി ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയുടെയും യുവർ നൈബർ അസോസിയേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ CML- ReD Ready to Donate എന്ന പേരിൽ നടത്തിയ രൂപതാതല രക്തദാന ക്യാംപെയിന്റെ ഉദ്ഘാടനം കല്ലോടി സെന്റ് ജോർജ് ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സംഷാദ് മരയ്ക്കാർ രക്തം ദാനം ചെയ്തുകൊണ്ട് നിർവഹിച്ചു. കോവിഡ്-19 പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ രക്തം ദാനം ചെയ്യാൻ ആയിരക്കണക്കിന് മിഷൻ ലീഗ് പ്രവർത്തകർ തയ്യാറായിക്കഴിഞ്ഞു എന്നുള്ളത് അഭിനന്ദനാർഹം ആണെന്നും ഈ പ്രത്യേക സാഹചര്യത്തിൽ രക്തം ദാനം ചെയ്യുന്നത് പോലെ തന്നെ മറ്റു വിഭവങ്ങളും ദാനം ചെയ്യുന്ന ശീലത്തിലേക്ക് വളർന്നു വരണമെന്നും പാവപ്പെട്ടവരെ സഹായിക്കുന്നതിനുള്ള

സന്മനസ്സ് എല്ലാവർക്കും ഉണ്ടാകണം എന്നും പ്രസിഡണ്ട് സൂചിപ്പിച്ചു. രക്തം ദാനം ചെയ്യുന്നതിന് രൂപതയുടെ വിവിധ ഭാഗങ്ങളായ വയനാട്, ചുങ്കക്കുന്ന്, നീലഗിരി, നിലമ്പൂർ എന്നീ പ്രദേശങ്ങളിലും തിരഞ്ഞെടുക്കപ്പെടുന്ന ഇടവകകളിലും മേഖലാ കേന്ദ്രങ്ങളിലും വേണ്ട ക്രമീകരണങ്ങൾ രൂപതാ സമിതി ചെയ്തുവരുന്നു.ഇതിന്റെ മുന്നോടിയായി കല്ലോടി ഇടവകയിൽ വച്ച് നടന്ന രക്തദാന ചടങ്ങിന് രൂപതാ ഡയറക്ടർ ഫാ. ഷിജു ഐക്കരകാനായിൽ, പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, സെക്രട്ടറി സജീഷ് എടത്തട്ടേൽ, കല്ലോടി ഫൊറോന വികാരി ഫാ. ബിജു മാവറ, ഫാ. നിധിൻ ആലയ്ക്കാതടത്തിൽ, ബിനീഷ് തുമ്പിയാംകുഴി, ജോസ്റ്റയിൻ, ഷെബിൻ, സിസ്റ്റർ ഡാലിയ എഫ്.സി.സി എന്നിവർ നേതൃത്വം നൽകി.

**'കരുണതോന്നണേ; എന്നിൽ അലിവുതോന്നണേ'**

'പ്രതിസന്ധി ഘട്ടങ്ങളിൽ തന്നോട് നിലവിളിച്ചപേക്ഷിക്കുന്ന തന്റെ മക്കളെ ഒരിക്കലും ദൈവം കൈവിടുകയില്ല 'കോവിഡ് –19 അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവകാരുണ്യത്തിന്റെ സംരക്ഷണം സകല മനുഷ്യമക്കൾക്കും ലഭിക്കുന്നതിനായി കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്ത 2021 മെയ് 7 ഉപവാസ ദിനത്തിൽ മാനന്തവാടി രൂപതയോടൊപ്പം ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളും പങ്കാളികളായി. സാധിച്ചവരെല്ലാം ഒരുനേരം ഉപവസിച്ച് തങ്ങളായിരിക്കുന്ന ഇടങ്ങളിൽ രൂപത സമിതി നൽകിയ നിർദേശങ്ങൾക്കനുസരിച്ച് ഈ പ്രാർത്ഥന യജ്ഞത്തിൽ പങ്കാളികളായി. ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് രാവിലെ മുതൽ ആരംഭിച്ച ആരാധനയിൽ ഉച്ചയ്ക്ക് 1.00 മണി മുതൽ 2.00 മണി വരെ കെ.സി.വൈ.എം, സി.എം.എൽ സംഘടനകളുടെ നേതൃത്വത്തിൽ കോവിഡ് മഹാമാരിക്കെതിരെ ലോകം മുഴുവന്റെമേലും കർത്താവിന്റെ കരുണയ്ക്ക് വേണ്ടിയും, രോഗബാധിതർ, കോവിഡ് 19 ഭയത്തിലാഴ്ന്നിരിക്കുന്നവർ, മരിച്ചുപോയവരുടെ ആത്മശാന്തിക്കും, പ്രിയപ്പെട്ടവരുടെ വേർപാടിൽ വേദനിക്കുന്ന കുടുംബങ്ങൾ, സന്നദ്ധ പ്രവർത്തകർ, ആരോഗ്യ പ്രവർത്തകർ എന്നിവരെയും സമർപ്പിച്ച് പ്രാർത്ഥിച്ചു. രൂപത സമിതി അംഗങ്ങൾ ആരാധനയ്ക്കു നേതൃത്വം നൽകി.

**അമ്മ & മി**

അന്താരാഷ്ട്ര മാതൃ ദിനത്തിൽ അമ്മ ആൻഡ് മി എന്ന പേരിൽ സ്വന്തം അമ്മയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു ഭക്ഷണം അമ്മയോടൊപ്പം ഉണ്ടാക്കുന്ന ഫോട്ടോ അയച്ചുതരുക എന്ന മത്സരമായിരുന്നു സംഘടിപ്പിച്ചത്. ധാരാളം പേര് പങ്കെടുത്ത മത്സരം ഏറെ

ആകർഷകമായി. അമ്മ ആൻഡ് മി മത്സരത്തിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം ജ്യോത്സന ജോജോ (മൂലേപ്പാടം), ജോയൽ യൗസേഫ് (താളിപ്പാടം), റ്റിയ തോമസ് (സീതാമൗണ്ട്)എന്നിവർ അർഹരായി. പങ്കെടുത്തവർക്കും സമ്മാനാർഹരായവർക്കും രൂപതകുടുംബത്തിന്റെ അഭിനന്ദനങ്ങൾ. ചെറുപുഷ്പ മിഷൻലീഗ് രൂപത ഭാരവാഹികളായ നിമിത മുലനിരപ്പേൽ, അലോഷിലൻ കൊല്ലപ്പള്ളി എന്നിവർ അമ്മ & മി പ്രോഗ്രാമിനു നേതൃത്വം നൽകി.

**വോയ്സ് ഓഫ് ഹെവൻ- 100 ദിനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ ക്രിസ്ത്യൻ സ്റ്റാറ്റസ് ഹബ്, വോയിസ് ഓഫ് ഹെവൻ സാമൂഹ്യ മാധ്യമങ്ങളിൽ വൈറലാകുന്നു. ഈ ആധുനിക കാലഘട്ടത്തിലും സുവിശേഷപ്രഘോഷണം നമുക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന ദൗത്യമാണ് എന്ന ഉറച്ച ബോധ്യത്തോടെ സാമൂഹ്യമാധ്യമങ്ങൾ ഫലപ്രദമായ ഉപയോഗപ്പെടുത്തിക്കൊണ്ട് ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ആരംഭിച്ച സ്റ്റാറ്റസ് ഹബ് 100 ദിനങ്ങൾ പിന്നിടുന്നു. 3 വാട്സപ്പ് ഗ്രൂപ്പുകളിലും ഒരു ടെലഗ്രാം ചാനലിലും വോയ്സ് ഓഫ് ഹെവൻ നിറഞ്ഞു നിൽക്കാൻ കാരണം സാമൂഹ്യമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുന്ന ഓരോരുത്തരുടെയും പിന്തുണയാണ്. സി.എം.എൽ. മീഡിയ സെൽ കോഡി നേറ്ററും രൂപത വൈസ് പ്രസിഡന്റും ആയ ആര്യ കൊച്ചുപുരയ്ക്കൽ, മറ്റ് മീഡിയ സെൽ അംഗങ്ങൾ എന്നിവരാണ് ഇതിന് നേതൃത്വം നൽകുന്നത്.

**നേഴ്സസ് ഡേ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത 'നേഴ്സസ് ഡേ' ദിനത്തിൽ ഭൂമിയിലെ മാലാഖമാരായ, പകർച്ചവ്യാധിയുടെ ഈ കാലത്ത് സ്വന്തം ആരോഗ്യമോ ജീവനോ വകവയ്ക്കാതെ അനേകായിരങ്ങൾക്ക് ആശ്വാസത്തിന്റെ കരം നീട്ടുന്ന എല്ലാ നേഴ്സ്സുമാർക്കും ഈ ദിനത്തിന്റെ ആശംസകൾ നേർന്നുകൊണ്ട് അവർക്കായ് പ്രാർത്ഥനയുടെ കരം ഉയർത്തി.

**ശരറാന്തൽ-രൂപത ടീം സൗഹൃദ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത റിസോഴ്സ് ടീം അംഗങ്ങളുടെ സംഗമം ഓൺലൈൻ ആയി നടത്തി. രൂപത ഓർഗനൈസർ ശ്രീ. തങ്കച്ചൻ മാപ്പിളക്കുന്നേൽ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. രൂപത ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചൻ ഏവർക്കും സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ശ്രീ. രഞ്ചിത്ത് മുതുപ്ലാക്കൽ സൗഹൃദ സംഭാഷണത്തിനു തുടക്കം കുറിച്ചു. തുടർന്ന് ടീം അംഗങ്ങൾ വളരെ

സ്വതന്ത്രമായി തങ്ങളുടെ അഭിപ്രായങ്ങളും, ആശയങ്ങളും പങ്കുവയ്ക്കുകയും രൂപത തലത്തിൽ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എടുത്തുപറഞ്ഞ് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. ദാമ്പത്യ ജീവിതത്തിൽ 25 വർഷങ്ങൾ പിന്നിടുന്ന ടീം അംഗം സോയി സാറിന് എല്ലാവരും ജൂബിലി മംഗളങ്ങൾ ആശംസിച്ചു. രൂപത എക്സിക്യുട്ടീവിലേക്ക് കടന്നുവന്നിരിക്കുന്ന പുതിയ അംഗങ്ങളെ പരിചയപ്പെടുത്തുകയും അവർക്കു ടീമിലേക്കു സ്വാഗതം ആശംസിക്കുകയും ചെയ്തു. സ്നേഹ സൗഹൃദ സംഗമത്തിന് സമാപനം കുറിച്ചുകൊണ്ട് രൂപത സെക്രട്ടറി ശ്രീ.സജീഷ് എടത്തട്ടേൽ ഏവർക്കും നന്ദി പറഞ്ഞു.

**'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്'**

കൊറോണകാലം മുതിർന്നവരിലും പ്രത്യേകിച്ച് കുട്ടികളിലും ഒത്തിരിയേറെ സംഘർഷങ്ങളും, ഭയവും, നിരാശയും ഒക്കെ സൃഷ്ടിക്കുന്ന ഈ സാഹചര്യത്തിൽ ആശ്വാസത്തിന്റെ തൂവൽ സ്പർശവുമായി വീണ്ടും ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപത കർമ്മനിരതമായി. 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്'എന്ന പേരിൽ 2021 മെയ് 17 മുതൽ ജൂൺ 20 വരെ ആവശ്യമുള്ള എല്ലാവർക്കും ടെലി കൗൺസിലിംഗ് സൗകര്യം ഒരുക്കി. Dr. Reenidge Emmanuel (BHMS, Msc Psychology & Counselling, PGDGC, PGDCFT), Sr. Shallet CMC (MSW, Mphil), Sr.Lilly CMC (MSW), Sr.Sally CMC (MSW), Sr.Sini Maria CMC (Msc Psychology & Counseling). എന്നിവർ തങ്ങളുടെ സേവനം ഉറപ്പുവരുത്തി.

**ശാഖാ വാർത്തകൾ**

**മരക്കടവ്**

വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് കൂടുതലായി മനസ്സിലാക്കുവാനും, പഠിക്കുവാനും, പ്രസംഗ പരമ്പര നടത്തി. വിശുദ്ധ യൗസേപ്പിതാവിന്റെ വേഷം അണിയൽ മത്സരം നടത്തി. മെയ് മാസം മുഴുവൻ വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. ഒന്നാം തീയതി മുതൽ മാതാവിന്റെ വണക്കമാസ ചിന്തകൾ എല്ലാവരിലും എത്തിച്ചു. മെയ് ഏഴാം തീയതി പ്രാർത്ഥനാ ദിനമായി ആചരിക്കുകയും കോവിഡ് മഹാമാരിയെ സമർപ്പിച്ച് എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥന 50 പ്രാവശ്യം ഓരോരുത്തരും പ്രാർത്ഥിക്കുകയും ചെയ്തു. എന്റെ ആരോഗ്യം എന്റെ ഉത്തരവാദിത്വം. കുടുംബത്തിന്റെ ആരോഗ്യം കുടുംബത്തിന്റെ സമ്പത്ത്. ഒഴിഞ്ഞ കുപ്പികൾ, ചിരട്ടകൾ, പ്ലാസ്റ്റിക് ഷീറ്റുകൾ, പാത്രങ്ങൾ പഴയ ടയറുകൾ തുടങ്ങി വെള്ളം കെട്ടി നിൽക്കുന്നവ മറിച്ച് കളഞ്ഞ് അവയിലെ കൊതുക് ലാർവ്വ സാധ്യത

ഇല്ലാതാക്കികൊണ്ട് മഴക്കാല രോഗങ്ങളെ  തടയുന്നതിനായി എല്ലാവരും വീടും പരിസരവും ശുചികരിച്ചു.

**തലഞ്ഞി**

ലോകം മുഴുവന്റെയും മേൽ ദൈവത്തിന്റെ കരുണ ചൊരിയപ്പെടേണ്ടതിനായി മെയ് ഒന്ന് മുതൽ ജൂൺ 2 വരെയുള്ള 33 ദിവസങ്ങളിൽ ഒരേസമയത്ത് രണ്ടായിരത്തിലധികം പേർ കരുണ കൊന്ത ചൊല്ലി പ്രാർത്ഥിക്കുന്നു. വചനാഭിഷേകം 2021. മെയ് 14 വെള്ളി യാഴ്ച വൈകുന്നേരം ഏഴ് മുതൽ എട്ട് വരെയുള്ള ഒരു മണിക്കൂർ സമയം കൊണ്ട് ഇടവക ഒന്നാകെ സമ്പൂർണ്ണ ബൈബിൾ പാരായണം മിഷൻ ലീഗിന്റെ നേതൃത്വത്തിൽ നടത്തി.

**മേഖല വാർത്തകൾ**

**നീലഗിരി മേഖല**

ലക്ഷം ജപമാല അർപ്പണം-കോവിഡ് മഹാമാരിക്കെതിരെ പരിശുദ്ധ അമ്മയോട് ചേർന്ന് ദൈവ കരുണക്കായി പ്രാർത്ഥിക്കാനുള്ള ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനം അനുസരിച്ചു CML നീലഗിരി മേഖലയുടെ ആഭിമുഖ്യത്തിൽ ലക്ഷം ജപമാല അർപ്പണം മെയ് 1 മുതൽ 30 വരെ നടത്തി. Ready to Donate-നീലഗിരി മേഖല CML, KCYM സംഘടനകൾ സംയുക്തമായി ഗൂഡല്ലൂർ ഗവണ്മെന്റ് ആശുപത്രിയുമായി സഹകരിച്ച് രക്തദാന ക്യാമ്പ് നടത്തി. 150 ഓളം വ്യക്തികൾ രക്തം ദാനം ചെയ്യുന്നതിനായി മുന്നോട്ടുവന്നു.

Proud to be a Worker-മെയ്ദിനത്തോടനുബന്ധിച്ചു നീലഗിരി മേഖല ഡയറക്ടർ  ഫാ. അനീഷ് ആലുങ്കൽ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന എല്ലാവർക്കും തൊഴിലിന്റെ മാഹാത്മ്യത്തെപറ്റി യുള്ള സന്ദേശവും ആശംസകളും അയച്ചു. അമ്മയോടൊപ്പം CML നീലഗിരി മേഖലയുടെ ആഭിമുഖ്യത്തിൽ മെയ് മാസം മുഴുവൻ ഓൺലൈൻ വണക്കമാസ പാരായണം നടത്തി . www.-what, when & who- യുവജനങ്ങൾക്കായുള്ള ദൈവവിളി സർവ്വേ. നീലഗിരി മേഖ ലയും CML മാനന്തവാടി രൂപത സമിതിയും സംയുക്തമായി യുവജനങ്ങൾക്കായുള്ള ഓൺലൈൻ ദൈവവിളി സർവ്വേ സംഘടി പ്പിച്ചു. പൗരോഹിത്യ-സമർപ്പണ ജീവിതത്തോടുള്ള ആധുനിക യുവ സമൂഹത്തിന്റെ  കാഴ്ചപ്പാടുകൾ മനസിലാക്കുന്നതിന് വേണ്ടി നടത്തിയ സർവ്വേയ്ക്ക് യുവ സമൂഹത്തിൽ നിന്നും മികച്ച  പ്രതികരണം ലഭിച്ചു. REAL-Responsibility, Encouragement, Accountability and Love- അന്താരാഷ്ട്ര കുടുംബ ദിനത്തോടനുബന്ധിച്ചു നീലഗിരി

മേഖലയുടെ ആഭിമുഖ്യത്തിൽ ദമ്പതിമാർക്കായി വെബിനാർ സംഘടിപ്പിച്ചു. രൂപത റിസോഴ്സ് ടീം അംഗം ശ്രീ. അലക്സ് കുഴികണ്ടത്തിൽ നയിച്ച വെബിനാർ CML രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനയിൽ ഉദ്ഘാടനം ചെയ്തു. നൂറിലധികം ആളുകൾ വെബിനാറിൽ പങ്കെടുത്തു.

**ബത്തേരി മേഖല**

പൊരുതാം പോരാടാം അതിജീവിക്കാം-കോവിഡ് 19 അതിജീവനവുമായി ബന്ധപ്പെട്ട് ചെറുപുഷ്പ മിഷൻലീഗ് ബത്തേരി മേഖലയുടെ നേതൃത്വത്തിൽ ചിത്രരചനാ ചലഞ്ച് സംഘടിപ്പിച്ചു. കോവിഡ് പ്രതിരോധം, സാമൂഹ്യ അകലം പാലിക്കുക, സാനിറ്റൈസർ ഉപയോഗിക്കുക, മാസ്ക് ധരിക്കുക എന്നീ ആശയങ്ങൾ അവതരിപ്പിച്ചു കൊണ്ട് മേഖലയിലെ വിവിധ ശാഖകളിൽ നിന്നുള്ള എഴുപതോളം മിഷൻലീഗ് അംഗങ്ങൾ ചലഞ്ചിൽ പങ്കെടുത്തു. ബത്തേരി മേഖല ഡയറക്ടർ ഫാ. സിജു പുത്തൻപുരയിൽ, മേഖല പ്രസിഡന്റ് ജിനേഷ് വേന്ദംപടത്തിൽ, സെക്രട്ടറി സാജൻ പേരാംകോട്ടിൽ, ഐശ്വര്യ ജീരകശേരി, അൻസിബിൾ വാഴപ്പള്ളിതട്ടിൽ, നിഖിൽ നീലപടവിൽ, ഡെസ്ലിൻ മാങ്കുഴ എന്നിവർ നേതൃത്വം കൊടുത്തു.

**ചുങ്കക്കുന്ന് മേഖല**

വിശക്കുന്നവർക്ക് അന്നം. ചെറുപുഷ്പ മിഷൻലീഗിന്റെ ഒരു കൈ സഹായം അവശരും, ആലംബഹീനരുമായ മൂന്നൂറോളം അന്തേവാസികൾക്ക് ചക്ക, കപ്പ, തേങ്ങ, മാങ്ങ മുതലായ കാർഷിക വിഭവങ്ങൾ ചെറുപുഷ്പ മിഷൻലീഗ് ചുങ്കക്കുന്ന് മേഖലയിലെ ഭാരവാഹികൾ സമാഹരിച്ച് പേരാവൂർ തെറ്റുവഴിയുള്ള മരിയഭവന് കൈമാറി. സുമനസുകളുടെ സഹായത്തോടെ 5000 രൂപയ്ക്കുള്ള ഭക്ഷ്യവസ്തുക്കളും ഇതോടൊപ്പം നൽകി. പ്രസ്തുത പരിപാടികൾക്ക് ചെറുപുഷ്പ മിഷൻലീഗ് ചുങ്കക്കുന്ന് മേഖല പ്രസിഡന്റ് ശ്രീ.റോയി പാറയ്ക്കൽ ശ്രീ.ബോബി മണ്ണനാൽ, ശ്രീ.ജോമോൻ മേയ്ക്കൽ, ശ്രീ. അമൽ മണ്ണനാൽ തുടങ്ങിയവർ നേതൃത്വം നൽകി.

മനസ്സിലും ഹൃദയത്തിലും അപരനിലേക്കു നീളുന്ന പ്രേഷിത ചൈതന്യം ആവാഹിച്ചെടുത്ത് പുതിയ പ്രവർത്തന വർഷത്തിൽ പുതുമനിറഞ്ഞ പ്രവർത്തനങ്ങളുമായി ചെമ്മഞ്ഞകൊടിക്കീഴിൽ നമുക്ക് അണിനിരക്കാം.

**സജീഷ് എടത്തട്ടേൽ**

സി. എം. എൽ. രൂപത സെക്രട്ടറി.

## Your Neighbour Association

Civil service day;

2021 ഏപ്രിൽ 21-ാം തീയതി യുവർ നൈബർ അസോസിയേഷനും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി സിവിൽ സർവീസ് ദിനം ആചരിച്ചു. പ്രശസ്ത കരീയർ മെന്റർ ഐസക് തോമസ് സാർ യു. പി. എസ്. സി. പരീക്ഷകളെ കുറിച്ചുള്ള വിശദമായ ഒരു പഠനം വീഡിയോ തയ്യാറാക്കുകയും സാമൂഹ്യ മാധ്യമങ്ങളിൽ പങ്കുവയ്ക്കുകയും ചെയ്തു. ഇത് ധാരാളം വിദ്യാർഥികൾക്കും യുവജനങ്ങൾക്കും സഹായകമായിതീർന്നു.

**ഭൗമ ദിനാചരണം**

2021 ഏപ്രിൽ 22 ആം തീയതി ഭൗമ ദിനാചരണത്തിന്റെ ഭാഗമായി യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ സമുചിതമായി കൊണ്ടാടി. ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ മണ്ണ് എന്ന ഈ-മാഗസിൻ പുറത്തിറക്കി. വിദ്യാർത്ഥികൾ പല ഗ്രൂപ്പുകളായി തിരിഞ്ഞ് കഥ, കവിത, ഉപന്യാസം, ചിത്രരചന, ലേഖനങ്ങൾ ഇവ തയ്യാറാക്കി മാഗസീന് വേണ്ട മാറ്ററുകൾ ശേഖരിച്ചു. ഈ പ്രവർത്തനത്തിലൂടെ ഭൂമിയെ സംരക്ഷിക്കേണ്ടത് ആവശ്യകത വിദ്യാർത്ഥികളിൽ വളർത്തുവാൻ സാധിച്ചു. എമിൽ ഷാജുവിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ മാഗസിൻ ഏറെ ശ്രദ്ധേയമായി.

**English Language Day**

യുവർ നൈബർ അസോസിയേഷനും യൂത്ത് മിനിസ്ട്രിയും സംയുക്തമായി ഏപ്രിൽ ഇരുപത്തിമൂന്നാം തീയതി ഇംഗ്ലീഷ് ലാംഗ്വേജ് ഡേ സമുചിതമായി ആഘോഷിച്ചു. ഇംഗ്ലീഷ് ഭാഷ എന്റെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം എന്ന വിഷയത്തെ അധികരിച്ച് ലൈഫ് വിദ്യാർത്ഥികൾക്കായി ഇംഗ്ലീഷ് പ്രബന്ധരചനാമത്സരം സംഘടിപ്പിച്ചു. 40 ഓളം വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. ഏപ്രിൽ ഇരുപത്തിനാലാം തീയതി രാവിലെ 9 മണിക്ക് സൂം പ്ലാറ്റ്ഫോമിൽ ഇംഗ്ലീഷ് ഭാഷയുടെ പ്രാധാന്യവും അതിന് വിദ്യാർത്ഥികൾ സ്വന്തം ജീവിതത്തിൽ കൊടുക്കേണ്ട പ്രാധാന്യവും സൂചിപ്പിച്ചുകൊണ്ട് ഇംഗ്ലീഷ് അധ്യാപകൻ

ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൻ ക്ലാസ്സുകൾ നയിച്ചു. 70 പേർ പങ്കുചേർന്ന സൂമിൽ ഡയറക്ടർ ഫാദർ ലാൽ ജേക്കബ് പൈനുംങ്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാദർ ജോബി മുക്കാട്ടുകാവുങ്കൽ, സി. ബെൻസി എസ് എച്ച്, സി. ഡിവിനാ എസ്. ഡി എന്നിവർ സംസാരിച്ചു. ലൈഫ് 2016 ബാച്ച് മേധാ തെരെസ് സൂമിന് നേതൃത്വം നൽകി.

**ലോക പുസ്തക ദിനം :**

ലോക പുസ്തകദിനമായ ഏപ്രിൽ 23 ആം തീയതി യുവർ നൈബർ അസോസിയേഷനും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി പുസ്തകദിനം ആചരിച്ചു. നല്ല പുസ്തകം ധാരാളം നല്ല സുഹൃത്തുക്കൾക്ക് തുല്യമാണ്. വിദ്യാർത്ഥികൾ തങ്ങൾ വായിച്ചിട്ടുള്ള, ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ള ഒരു പുസ്തകത്തെ പരിചയപ്പെടുത്തി കൊണ്ട് വീഡിയോ തയ്യാറാക്കി അവതരിപ്പിക്കുന്ന ഒരു പ്രോജക്റ്റാണ് ചെയ്തത്. 20 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. കൂടുതൽ വായനയിലേക്ക് വളരാനുള്ള പ്രചോദനം ആയിരുന്നു ഈ പുസ്തക ദിനാചരണം.

## Inter National Dance Day

2021 ഏപ്രിൽ 29 ആം തീയതി Inter National Dance day യോടു അനുബന്ധിച്ച് യുവർ നൈബർ അസോസിയേഷന്റെയും ദി ഡാൻസിന്റെയും നേതൃത്വത്തിൽ കോളാഷ് നിർമ്മാണം, പോസ്റ്റർ മേക്കിങ്ങ്, വീഡിയോ നിർമ്മാണം, എന്നിവ സംഘടിപ്പിച്ചു. ആൻമരിയ, ആഞ്ചലീന, ജോസ്ന എന്നിവർ ഇതിന് നേതൃത്വം വഹിച്ചു.

**റെഡ് ക്രോസ് ദിനം**

2021 മെയ് എട്ടാം തീയതി റെഡ് ക്രോസ് ദിനത്തിൽ ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ പോസ്റ്ററുകൾ നിർമ്മിച്ചും ഈ ദിനത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന വീഡിയോ നിർമ്മിച്ചും അവ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിച്ചുകൊണ്ടും ഈ ദിനാചരണം നടത്തി. ജോസ്ന, ജിയന്ന, ആഞ്ചലീന, എന്നി വിദ്യാർത്ഥികളാണ് ഇതിന് നേതൃത്വം വഹിച്ചത്.

**മാതൃദിനം**

യുവർ നൈബർ അസോസിയേഷനും യൂത്ത് മിനിസ്ട്രിയും സംയുക്തമായി 2021 മെയ് 10 മാതൃദിനം ആചരിച്ചു. അമ്മയെക്കുറിച്ചുള്ള അനുഭവങ്ങളുടെ കുറിപ്പുകൾ തയ്യാറാക്കിയും, പോസ്റ്ററുകൾ നിർമ്മിച്ചും, അമ്മമാരോടുള്ള സ്നേഹം പ്രകടമാക്കുന്ന ചിത്രങ്ങളോട് കൂടിയ വീഡിയോകൾ നിർമ്മിച്ചും ഈ ദിനം ഭംഗിയാക്കി. അമ്മ എന്ന വിഷയത്തെ അടിസ്ഥാനമാക്കി 2019 ലൈഫ് ബാച്ചുകാരുടെ നേതൃത്വത്തിൽ

കവിതാമത്സരം സംഘടിപ്പിക്കപ്പെട്ടു. ഒന്നാം സ്ഥാനം ജോസ്ന പി ജോസഫും രണ്ടാം സ്ഥാനം ക്രിസ്റ്റി അഭി ഡേവിഡും മൂന്നാം സ്ഥാനം നേഹ എലിസബത്ത്, ആൽബിന ബിനീഷ് എന്നിവരും കരസ്ഥമാക്കി. 2020 ലൈഫ് ബാച്ചുകാരുടെ നേതൃത്വത്തിൽ അമ്മയ്ക്ക് ഒരു കത്ത് എന്ന തലക്കെട്ടോടെ തങ്ങളുടെ ജീവിതാനുഭവങ്ങൾ, അമ്മയോടുള്ള സ്നേഹം ഇവ പ്രകടമാക്കി കൊണ്ട് കത്തുകൾ തയ്യാറാക്കി അമ്മയ്ക്ക് നൽകി. മായങ്ങൾ ഇല്ലാത്ത, പ്രകടനങ്ങൾ ഇല്ലാത്ത, യഥാർത്ഥ സ്നേഹത്തെ കുഞ്ഞുങ്ങൾ തിരിച്ചറിയുന്ന അനുഭവമായിരുന്നു ഇതിലൂടെ ലഭ്യമായത്.

**ഐ ആം ഒക്കെ, പെർഫെക്റ്റ് ഒക്കെ**

ഐ ആം ഒക്കെ, പെർഫെക്റ്റ് ഒക്കെ പദ്ധതിയുമായി വയനാട്ടിൽ യുവർ നെയ്ബർ അസോസിയേഷൻ. മാനന്തവാടി രൂപത യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ കോവിഡ് രോഗികൾക്ക് കൗൺസിലിങ്ങിലൂടെ മാനസിക ആരോഗ്യവും പ്രതീക്ഷയും നൽകുന്നതിനുവേണ്ടി വയനാട് ജില്ലാ സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് 'അയാം ഒക്കെ പെർഫെക്ട് ഒക്കെ' എന്ന പദ്ധതി ആവിഷ്കരിച്ചു. കോവിഡ് രോഗികൾക്ക് ഫോൺ കൗൺസിലിംഗ് വഴി മനസ്സിന് ധൈര്യം പ്രതീക്ഷ എന്നിവ നൽകി രോഗത്തെ അതിജീവിക്കാൻ സഹായിക്കുക എന്നതാണ് ഐ ആം ഒക്കെ പെർഫെക്റ്റ് ഒക്കെ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ഡോക്ടർമാർ, മനോരോഗ വിദഗ്ധർ, മനശാസ്ത്രജ്ഞന്മാർ, സോഷ്യൽ വർക്കർമാർ, അധ്യാപകർ, സന്യാസിനികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരുടെ സഹകരണത്തിൽ ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇത്തരത്തിലുള്ള സേവനത്തിന് താല്പര്യമുള്ളവരും, കൗൺസിലിംഗ് ആവശ്യമുള്ളവരും യുവർ നെയ്മർ അസോസിയേഷൻ സെക്രട്ടറി ഫാ. ലാൽ ജേക്കബ് പൈനുംങ്കലിനെ 9495065656 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ് എന്ന് ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ അശോകൻ അറിയിച്ചു. മാനന്തവാടി രൂപത യുവർ നൈബർ അസോസിയേഷൻ സെക്രട്ടറി ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, അയാം ഓക്കേ പെർഫെക്റ്റ് ഒക്കെ എന്ന പദ്ധതിയുടെ കോഡിനേറ്റർ ഡോ. സി. ലിസ് മാത്യു എം ബി ബി എസ്, എം.ഡി, യുവർ നൈബർ അസോസിയേഷൻ ട്രഷറർ ഫാ. ജോബി മുക്കാട്ട്കാവുങ്കൽ, യുവർ നൈബർ അസോസിയേഷൻ ആനിമേറ്റർ സി. ബെൻസി എസ് എച്ച്, ടീമംഗങ്ങളായ സി. ഡിവിന എസ്. ഡി., സി. ആൻസി സിഎംസി, നീരജ് ഡേവിസ് എന്നിവരാണ് അയാം ഒക്കെ പെർഫെക്റ്റ് ഒക്കെ എന്ന

പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

**മാനസികാരോഗ്യം എങ്ങനെ ശക്തിപ്പെടുത്താം**

കോവിഡ് 19 എന്ന മഹാമാരി മനുഷ്യഹൃദയങ്ങളെയും ജീവിതത്തെയും അസ്വസ്ഥമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാനന്തവാടി രൂപതയിലെ യുവർ നൈബർ അസോസിയേഷന്റെ നേതൃത്വത്തിൽ മാനസിക ആരോഗ്യം എങ്ങനെ നിലനിർത്തി കൊണ്ടുപോകാം എന്ന വിഷയത്തെക്കുറിച്ച് ഓൺലൈൻ പ്രഭാഷണം സംഘടിപ്പിച്ചു. ബത്തേരി അസംപ്ഷൻ ഹോസ്പിറ്റലിലെ പ്രശസ്ത സൈക്യാട്രിസ്റ്റായ ഡോ. സി. ലിസ് മാത്യു എംബിബിഎസ്, എം.ഡി മെയ് മൂന്നാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7 മണിക്ക് യുവർ നൈബർ അസോസിയേഷന്റെ ഫേസ്ബുക്ക് പേജിലൂടെയാണ് പ്രഭാഷണം നടത്തിയത്. ഇത് അനേകർക്ക് മനശക്തിയും ധൈര്യവും വീണ്ടെടുക്കാനായി.

**ഇന്റർനാഷണൽ ഫാമിലി ഡേ**

2021 മെയ് മാസം പതിനാലാം തീയതി ഇന്റർനാഷണൽ ഫാമിലി ഡേയോടനുബന്ധിച്ച് യുവർ നെയ്ബർ അസോസിയേഷനും ലൈഫ് ട്രെയിനിങ്ങും സംയുക്തമായി കുടുംബദിനാചരണം നടത്തി. പോസ്റ്ററുകൾ, കുടുംബങ്ങൾ ഒന്ന് ചേർന്നുള്ള ചിത്രങ്ങളോടു കൂടിയ വീഡിയോകൾ, ഈ ദിനത്തിന്റെ പ്രാധാന്യം ഓതുന്ന വീഡിയോകൾ എന്നിവ തയ്യാറാക്കി സമുചിതമായി ആചരിച്ചു. ലൈഫ് വിദ്യാർത്ഥികളായ ജോസ്ന പി ജോസഫ്, ജിയന്ന, ജോസ്വിൻ എന്നിവർ ഇതിന് നേതൃത്വം വഹിച്ചു.

**ഇന്റർനാഷണൽ നഴ്സസ് ഡേ :**

2021 മെയ് പന്ത്രണ്ടാം തീയതി ഭൂമിയിലെ മാലാഖമാരായ ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന നേഴ്സ്മാർക്ക് ആദരം അർപ്പിച്ചുകൊണ്ട് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയും, യുവർ നെയ്മർ അസോസിയേഷനും സംയുക്തമായി നേഴ്സസ് ഡേ ആചരിച്ചു. പോസ്റ്ററുകൾ, വീഡിയോകൾ, എന്നിവ തയ്യാറാക്കിയും, തങ്ങൾക്കറിയാവുന്ന നഴ്സസ് മാലാഖമാരെ നേരിട്ട് വിളിച്ച് അഭിവാദനം അർപ്പിച്ചും ഈ ദിനം ഭംഗിയാക്കി. ആഷ്‌ലിൻ എലിസബത്ത്, സനിലിറ്റ് സന്തോഷ്, തോമസ് അലക്സ്, ആകാശ് പോൾ, മരിയ ടോം, ജിയന്ന, അമൽ ക്രിസ്റ്റി എന്നിവർ ഇതിന് നേതൃത്വം നൽകി.

## Life Training

**മെയ്ദിനം**

തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ മെയ് മാസം ഒന്നാം തീയതി ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തൊഴിൽ ദിനം സമുചിതമായി കൊണ്ടാടി. വിദ്യാർഥികളുടെ നേതൃത്വത്തിൽ പോസ്റ്ററുകൾ നിർമ്മിച്ചും, തൊഴിലാളി ദിനത്തിന്റെ മാഹാത്മ്യം വിളിച്ചോതുന്ന വീഡിയോകൾ തയ്യാറാക്കിയതും ഈ ദിനം കൂടുതൽ ഭംഗിയാക്കി. ലൈഫ് 2020 ബാച്ചുകാരുടെ നേതൃത്വത്തിൽ ഓരോ തൊഴിലിന്റെയും മഹത്വം വിളിച്ചോതുന്ന വിധത്തിൽ ഞങ്ങൾ ചെയ്തു വരുന്ന വിവിധങ്ങളായ തൊഴിലുകളുടെ ചിത്രീകരണത്തിലൂടെ സുന്ദരമായ ഒരു വീഡിയോ തയ്യാറാക്കി. 2019 ബാച്ചുകളുടെ നേതൃത്വത്തിൽ ഉപന്യാസമത്സരവും കാർട്ടൂൺ രചനയും നടത്തി. തോമസ്, അതുല്യ, ആകാശ്, മരിയ, ജോസ്ന, ജിയന്ന, അമൽ, ആൻ മരിയ, ആഞ്ജലീന എന്നിവർ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ചു.

**ഓൺലൈൻ പരിശീലനങ്ങൾ**

ലൈഫ് ട്രെയിനിങ്ങിന്റെ 6 ബാച്ച് വിദ്യാർഥികൾക്ക് വേണ്ടി ഓൺലൈൻ പരിശീലനങ്ങൾ നടന്നു വരുന്നു. ഓരോ ആഴ്ചയിലും സൂം മീറ്റിംഗ്, വീഡിയോ കോൺഫ്രൻസ്, കോൾ കോൺഫറൻസ്, എന്നിവ വഴി വിദ്യാർഥികളുടെ പഠനം, ക്ലാസ്സുകൾ, പരിശീലനങ്ങൾ ഇവ നടത്തുന്നു. വാർഷിക പരീക്ഷയുടെ ഭാഗമായി ഏപ്രിൽ-മെയ് മാസങ്ങളിൽ വിഷയാടിസ്ഥാനത്തിൽ ഓൺലൈൻ ക്വിസ് വഴി പരീക്ഷ നടത്തുന്നു. കൂടാതെ അധ്യാപകരുടെ നേതൃത്വത്തിൽ വൈവ പരീക്ഷയും നടത്തിവരുന്നു. ലൈഫ് വിദ്യാർഥികൾക്ക് ബാച്ച് അടിസ്ഥാനത്തിൽ വിവിധങ്ങളായ ഉത്തരവാദിത്വങ്ങൾ നൽകിക്കൊണ്ട് അവരുടെ ലീഡർഷിപ്പ് ക്വാളിറ്റി വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഓൺലൈൻ പരിശീലനത്തിന് നേതൃത്വം വഹിക്കുന്നു.

**വിശുദ്ധരുടെ മാതൃക കളിലൂടെ:**

ലൈഫ് ട്രെയിനിങ്ങ് 2020 ബാച്ചുകാരുടെ നേതൃത്വത്തിൽ അനുദിന വിശുദ്ധരുടെ ജീവചരിത്രങ്ങൾ വീഡിയോ ആക്കി സാമൂഹ്യമാധ്യമങ്ങളിലൂടെ പൊതുജനസമക്ഷം എത്തിക്കുന്നു. വിശുദ്ധരുടെ ജീവിതത്തിലൂടെ കടന്നുപോയി ശുദ്ധമായ ജീവിതം നയിക്കുവാൻ ഇത് വിദ്യാർഥികൾക്ക് പ്രചോദനമേകുന്നു. ജിയന്ന,

ആഞ്ചേലീന, ഏബൽ, അഞ്ചേല, അമൽ ക്രിസ്റ്റി എന്നിവർ ഈ പരിപാടിക്ക് നേതൃത്വം നൽകുന്നു. വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ.

## Youth Ministry Office

**പ്രാർത്ഥനാ ദിനം**

കോവിഡ് മഹാമാരിയിൽ നിന്ന് ലോകം മുഴുവനും സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി യൂത്ത് മിനിസ്ട്രി കുടുംബം മുഴുവനും തിരുസഭയോടും പ്രത്യേകിച്ച് മാനന്തവാടി രൂപതയോടും ചേർന്ന് മെയ് ഏഴാം തീയതി വെള്ളിയാഴ്ച രാവിലെ ആറുമണി മുതൽ വൈകുന്നേരം 7 മണിവരെ പ്രാർത്ഥനാദിനമായി ആചരിച്ചു. ജെ പി കമ്മ്യൂണിറ്റി അംഗങ്ങൾ, ജീസസ് ബാൻഡിലെ യുവജനങ്ങൾ, ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, ടീമംഗങ്ങൾ, എന്നിവരാണ് പ്രാർത്ഥനാ ദിനത്തിൽ പങ്കുചേർന്നത്. ഓരോരുത്തർക്കും നിയോഗിച്ചു നൽകിയ സമയത്ത് കരുണയുടെ നൊവേന, കരുണയുടെ ജപമാല, വിമല ഹൃദയ പ്രതിഷ്ഠ, ജപമാല ഇവ ചൊല്ലി ലോകം മുഴുവനുവേണ്ടിയും പ്രാർത്ഥന നടത്തി. 130 പേര് ഇതിൽ പങ്കു ചേർന്നു. യൂത്ത് മിനിസ്ട്രി ടീം ഇതിനു നേതൃത്വം നൽകി.

**മെയ് മാസാചരണം**

കോവിഡ് മഹാമാരി താണ്ഡവമാടുന്ന ഈ കാലഘട്ടത്തിൽ കരുണയുടെ കരങ്ങളിൽ അഭയംതേടി മാനന്തവാടി രൂപത ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മാതാപിതാക്കളും യുവജനങ്ങളും കുഞ്ഞുങ്ങളും പ്രാർത്ഥിക്കുകയാണ്. കരുണയുടെ കരം എന്ന പേരിൽ 31 ദിനം നീണ്ടുനിൽക്കുന്ന കരുണയുടെ നൊവേനയും, മാതാവിന്റെ വണക്കമാസ പ്രാർത്ഥനയും, മാതാവിന്റെ വിമലഹൃദയ പ്രതിഷ്ഠയും അനുദിനവും ചൊല്ലി പ്രാർത്ഥിക്കുന്നു. ഇതിന് ആവശ്യമായ പ്രാർത്ഥനകൾ അടങ്ങിയ പോസ്റ്ററുകൾ യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ തയ്യാറാക്കി നൽകുന്നു. പ്രാർത്ഥനയുടെ ഒരു സംസ്കാരത്തിലൂടെ വളരുവാൻ ഇത് ഏറെ പ്രചോദനമാകുന്നു.

**സി. ആൻസി തോമസ് സി.എം.സി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**കലണ്ടർ– വഴി 2021 ഉദ്ഘാടനം നടത്തി**

മാനന്തവാടി രൂപത വാർഷിക പ്രവർത്തനപദ്ധതി കലണ്ടർ – വഴി 2021 ആദ്യ പകർപ്പ് കെസിവൈഎം മാനന്തവാടി രൂപത പ്രസിഡന്റ് ജിഷിൻ മുണ്ടയ്ക്കാതടത്തിൽ മേഖല പ്രസിഡന്റുമാർക്ക് നൽകി ഉദ്ഘാടനം നിർവഹിച്ചു. മാനന്തവാടി രൂപത മീഡിയ കമ്മീഷൻ ഡയറക്ടർ റവ. ഫാ. മനോജ് കാക്കോനാൽ, മേഖല പ്രസിഡന്റുമാർ, സിൻഡിക്കേറ്റ് സെക്രട്ടറിയേറ്റ് അംഗങ്ങൾ, കാർലോ സ്ക്വാഡ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**CARLO SQUAD**

**മീഡിയ കോർഡിനേറ്റഴ്സ് മീറ്റ്**

17/04/2021 ശനിയാഴ്ച്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്ന കെസിവൈഎം മാനന്തവാടി രൂപതയുടെ കാർലോ സ്ക്വാഡ് അംഗങ്ങളുടെ കൂട്ടായ്മയ്ക്ക് മാനന്തവാടി രൂപത മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ നേതൃത്വം നൽകി. വിശ്വാസത്തെ മുറുകെപിടിച്ച് സാമൂഹ്യമാധ്യമങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വിവിധ മേഖലകളിൽ നിന്നായി 20 യുവജനങ്ങൾ പങ്കെടുത്തു.

**കമന്റ് മാർച്ച്**

**My Right, Your Responsibility**

കോവിഡ് പ്രതിരോധത്തിനായുള്ള വാക്സിനുകൾക്ക് വില ഈടാക്കുന്ന കേന്ദ്ര സർക്കാരിന്റെ ജനദ്രോഹപരമായ നടപടികൾക്കെതിരെ കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പ്രതിഷേധ കമന്റ് മാർച്ച് നടത്തപ്പെട്ടു. 2021 ഏപ്രിൽ 23 വെള്ളിയാഴ്ച്ച വൈകിട്ട് 8 മണിക്ക് ഭാരതത്തിന്റെ ബഹുമാന്യനായ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഔദ്യോഗിക ഫേസ്ബുക്ക്പേജിൽ കമന്റ് ചെയ്തു കൊണ്ട് അവകാശനിഷേധത്തിനെതിരെ പ്രതികരിച്ചു.

**JOB JO 2021**

മെയ്1 തൊഴിലാളി ദിനത്തിൽ കെസിവൈഎം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ 'നവയുഗത്തിന്റെ യുവഹൃദയങ്ങൾ'

എന്ന വിഷയത്തിൽ നടത്തപ്പെട്ട Job Jo 2021 വെബിനാറിൽ മാനന്തവാടി രൂപതയിൽ നിന്നും 5 യുവജനങ്ങൾ പങ്കെടുത്തു.

**നല്ല അയൽക്കാരൻ**

കോവിഡ് രണ്ടാം തരംഗം അതിരൂക്ഷമാകുന്ന സാഹചര്യത്തിൽ കെസിവൈഎം സംസ്ഥാന സമിതി ആരംഭിച്ചിരിക്കുന്ന നല്ല അയൽക്കാരൻ പദ്ധതിയുടെ ഭാഗമായി മേഖലകൾ കേന്ദ്രീകരിച്ചുള്ള കോവിഡ് വാക്സിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ, ടാസ്ക് ഫോഴ്സ്, എമർജൻസി സർവീസ്, രക്തദാന ക്യാമ്പുകൾ എന്നിവ കെസിവൈഎം മാനന്തവാടി രൂപതയിൽ തുടർന്നുവരുന്നു.

**സ്റ്റാറ്റസ് മാർച്ച്**

18-45 പ്രായത്തിലുള്ളവർക്ക് സ്വകാര്യ കേന്ദ്രങ്ങളിൽ മാത്രം വാക്സിനേഷൻ എന്ന കേന്ദ്രസർക്കാർ നടപടി പ്രതിഷേധാർഹമെന്ന് പ്രഖ്യാപിച്ചുകൊണ്ട് കെസിവൈഎം സംസ്ഥാന സമിതി നടത്തിയ സ്റ്റാറ്റസ് മാർച്ചിൽ മാനന്തവാടി രൂപതയിൽ നിന്ന് നൂറോളം പേർ പങ്കാളികളായി.

## Rosarian Revival

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർ പാപ്പയുടെ ആഹ്വാനത്തോടു ചേർന്ന് മെയ് മാസം ജപമാല റാണിയോടൊപ്പം ലോകം മുഴുവനുമായി പ്രാർത്ഥിക്കുന്നു. കോവിഡ് രണ്ടാം തരംഗം അതിശീഘ്രം വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ സർവ്വാധിപനായ ദൈവതിരുമുമ്പിൽ ലോകത്തിന്റെ മേൽ കരുണ ചൊരിയണമെന്ന് ജപമാല ചൊല്ലി പ്രാർത്ഥന നടത്തപ്പെടുന്നു.

## Profile Campaign
## (Youth For Peace, We Stand For Life)

പതിറ്റാണ്ടുകളായി തുടരുന്ന ഇസ്രായേൽ - പലസ്തീൻ സംഘർഷങ്ങളുടെ പുതിയ അധ്യായം ലോകത്തെ മുഴുവൻ വിഷമസന്ധിയിലാക്കുന്നു. തീവ്രവാദ പ്രവണതയെ തിരിച്ചറിയുന്നതിനും ലോക സമാധാനത്തിനായി ആഗ്രഹിച്ചുകൊണ്ടും, KCYM മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ 2021മെയ് 14 ന് പ്രൊഫൈൽ ഫ്രെയിം ക്യാമ്പയിനിൽ സംഘടിപ്പിച്ചു. നിരവധി യുവജനങ്ങൾ ഇതിൽ പങ്കുചേർന്നു.

**ഉപവാസ പ്രാർത്ഥനാദിനം**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചതും, കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്തതുമനുസരിച്ച് 2021 മെയ് 7 ന് ഉപവാസ പ്രാർത്ഥനാ ദിനമായി ആചരിച്ചു. യുവജന

ങ്ങളെല്ലാം  ഉപവാസം, ജപമാല, കരുണക്കൊന്ത എന്നിവയിലൂടെ ഈ ദിനത്തിൽ പങ്കാളികളായി.  ദ്വാരക പാസ്റ്ററൽ സെന്റർ ചാപ്പലിൽ നടന്ന ആരാധനയിൽ  ഉച്ചയ്ക്ക് 1 മണി മുതൽ 2 മണിവരെ KCYM, CML സംഘടനകൾ നേതൃത്വം നൽകി.

**കവിതാരചനാ മത്സരം**

അന്താരാഷ്ട്ര മാതൃദിനത്തോടനുബന്ധിച്ച് 'എന്റെ അമ്മ' എന്ന പേരിൽ മെയ് 9 ന് കവിതാരചനാ മത്സരം സംഘടിപ്പിച്ചു. മെയ് 9 ന് ആരംഭിച്ച മത്സരം മെയ് 10 ന് 5 മണിക്ക് അവസാനിച്ചു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 45 ഓളം പേർ പങ്കെടുത്തു.

**വിസിറ്റ 2021**

കെസിവൈഎം സംസ്ഥാന സമിതിയും രൂപത സമിതികളുമായുള്ള ഓൺലൈൻ വിസിറ്റ് 'വിസിറ്റ 2021' മെയ് 10 ന്  നടന്നു. മാനന്തവാടി രൂപത സെക്രട്ടറിയേറ്റ്, സംസ്ഥാന സെനറ്റ്, സിൻഡിക്കേറ്റ്  അംഗങ്ങൾ പങ്കുചേർന്നു.

**ഒന്നുകാണാൻ ഒത്തുചേരാൻ**

കെസിവൈഎം മാനന്തവാടി രൂപതയുടെ യൂണിറ്റ് വിസിറ്റ് 'ഒന്നുകാണാൻ ഒത്തുചേരാൻ' 2021 മെയ് 12 ബുധനാഴ്ച്ച ആരംഭിച്ചു. തലശ്ശേരി അതിരൂപത പ്രസിഡന്റ് ശ്രീ. വിപിൻ ജോസ് ഉദ്ഘാടനം നിർവഹിച്ചു. ഒരു ദിവസം വിവിധ മേഖലകളിൽ നിന്ന് 5 യൂണിറ്റുകൾ വീതം 29 ദിവസങ്ങൾകൊണ്ട് 147 യൂണിറ്റുകൾ പൂർത്തിയാക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. വിവിധ യൂണിറ്റുകളിലൂടെ യൂണിറ്റ് വിസിറ്റ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**രജത ജൂബിലി ആശംസകൾ**

സന്യാസ സമർപ്പണ ജീവിതത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കിയ കെസിവൈഎം മാനന്തവാടി രൂപത ആനിമേറ്റർ സി. സാലി ആൻസ്  CMC യ്ക്ക് മാനന്തവാടി രൂപത യുവജന പ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ ജൂബിലി മംഗളങ്ങളും  പ്രാർത്ഥനകളും ആശംസിക്കുന്നു. ഈ കാലഘട്ടത്തിൽ രൂപതയ്ക്ക് നൽകിക്കൊണ്ടിരിക്കുന്ന നിസ്വാർത്ഥ സേവനങ്ങളെ നന്ദിയോടെ അനുസ്മരിക്കുന്നു. തുടർന്നുള്ള സന്യാസ സമർപ്പണ ജീവിതത്തിൽ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**പത്രപ്രസ്താവന**

വോട്ടെണ്ണൽ ദിനത്തിൽ കർശന നിയന്ത്രണങ്ങൾ നടപ്പിലാക്കണം. കോവിഡ് പ്രതിസന്ധി അതിരൂക്ഷമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മുൻകരുതലുകൾ സ്വീകരിക്കുന്ന

തോടൊപ്പം വോട്ടെണ്ണൽ ദിനത്തിൽ കർശന നിയന്ത്രണങ്ങൾ സ്വീകരിക്കണമെന്ന് കെസിവൈഎം മാനന്തവാടി രൂപത. സൗജന്യമായി വാക്സ്സിൻ വിതരണം ചെയ്യുമെന്ന സർക്കാർ നടപടി അഭിനന്ദനാർഹമെന്ന് രൂപത സമിതി.

തിരഞ്ഞെടുപ്പും അതിനോടനുബന്ധിച്ച പ്രചരണ ദിനങ്ങളിലും വന്ന വീഴ്ചകളാകാം ഇപ്പോഴുള്ള അനിയന്ത്രിതമായ വ്യാപനത്തിന് വഴിവെച്ചതെന്ന് രൂപത പ്രസിഡന്റ് ജിഷിൻ മുണ്ടയ്ക്കാതടത്തിൽ അഭിപ്രായപ്പെട്ടു. കർശന നിയന്ത്രണങ്ങൾ വോട്ടെണ്ണൽ ദിനത്തിൽ പാലിക്കപ്പെട്ടില്ലെങ്കിൽ അതിരൂക്ഷമായ വ്യാപനത്തിലേക്കും, ഉയർ മരണനിരക്കിലേയ്ക്കും ഈ ദിനങ്ങൾ വഴിതെളിക്കുന്നതാകാമെന്ന് യോഗം വിലയിരുത്തി.

**മേഖല വാർത്തകൾ**

**മുള്ളൻകൊല്ലി മേഖല**

കോവിഡ് രൂക്ഷമായ സാഹചര്യത്തിൽ വാക്സിനേഷൻ എടുക്കുന്നവർക്ക് സഹായത്തിനായി മേഖലയുടെ നേതൃത്വത്തിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചു. എല്ലാ യൂണിറ്റുകളും ഉൾപ്പെടുത്തി 'ബ്ലഡ് ബാങ്ക് രൂപീകരിച്ചു. ദീർഘകാലത്തെ സേവനത്തിനുശേഷം വിവിധ യൂണിറ്റുകളിൽ നിന്ന് സ്ഥലം മാറി പോകുന്ന സിസ്റ്റേഴ്സിന് മേഖലയുടെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിന്റെ സഹകരണത്തോടെ പോരൂർ യൂണിറ്റിൽ വച്ച് കോവിഡ് പ്രതിരോധ കുത്തിവെപ്പ് സംഘടിപ്പിച്ചു. കരിമാനി, പോരൂർ, വാളാട്, വലിയകൊല്ലി, പ്രശാന്തിഗിരി, മുതിരേരി, യവനാർകുളം പരിധിയിൽപ്പെട്ട ജനങ്ങൾക്ക് ഉപകാരപ്രദമായിരുന്നു. മേഖലയുടെ നേതൃത്വത്തിൽ രക്തദാന സർവ്വേയും നടത്തി.

**നീലഗിരി മേഖല**

നീലഗിരി മേഖലയുടെ നേതൃത്വത്തിൽ പനംചിറ, ബെക്കി യൂണിറ്റുകളിൽ വിസിറ്റ് നടത്തി. ധർമ്മഗിരി യൂണിറ്റിൽ വെച്ച് കൊവിഡ് ക്യാമ്പ് സംഘടിപ്പിച്ചു. കുന്നലാടി യൂണിറ്റിൽ ഭവന നിർമ്മാണത്തിന് വേണ്ടി ധനസഹായം നൽകി. രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട സ്റ്റാറ്റസ്, കമന്റ് മാർച്ചുകളിൽ മേഖല സജീവമായി പങ്കുചേർന്നു. ലോകാരോഗ്യദിനത്തിൽ ആരോഗ്യം പരിപാലിക്കേണ്ടതിന്റെ ആവശ്യകത ഉൾപ്പെടുത്തി പോസ്റ്ററുകൾ തയ്യാറാക്കി.

**ചുങ്കക്കുന്ന് മേഖല**

ചുങ്കക്കുന്ന് മേഖലയുടെ നേതൃത്വത്തിൽ 'പ്രസ്ഥാനത്തെ അറിയാൻ' എന്ന പേരിൽ കെസിവൈഎം ചരിത്രം, പ്രവർത്തനങ്ങൾ, സംഘടനാപരമായ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തി Short Video തയ്യാറാക്കി ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം എന്നിവയിൽ പ്രസിദ്ധീകരിച്ചു. 'നല്ല അയൽക്കാരൻ' എന്ന പേരിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. കോവിഡ് രോഗികൾക്കായി വിവിധ സഹായ സഹകരണങ്ങൾ ചെയ്യുന്നു. വാക്സിനേഷൻ ക്ഷാമം ഉടൻ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പത്രപ്രസ്താവന ഇറക്കി. പുതിയ പ്രവർത്തന മണ്ഡലത്തിലേയ്ക്ക് സ്ഥലം മാറിപ്പോകുന്ന മേഖല ആനിമേറ്റർ സി. നോയൽ മരിയ SABS ന് ആശംസകളർപ്പിച്ചു.

**യൂണിറ്റ് വാർത്തകൾ**

**തോണിച്ചാൽ യൂണിറ്റ്**

ലോക്ക് ഡൗൺ കാലങ്ങളിൽ വീടുകളിൽ ഒറ്റപ്പെട്ട കഴിയുന്നവർക്ക് ഭക്ഷണവും അവശ്യ സാധനങ്ങളും യുവജനങ്ങൾ എത്തിച്ചുകൊടുത്തു. കോവിഡ് സൗജന്യ വാക്സിനേഷനുവേണ്ടി യൂണിറ്റ് തലത്തിൽ രജിസ്ട്രേഷൻ നടത്തി. ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനറൽ ടീം അംഗങ്ങൾക്ക് സ്വീകരണം നൽകി.

**മരക്കടവ് യൂണിറ്റ്**

വിശുദ്ധ യൗസേപ്പിതാവിന്റെ വർഷത്തോടനുബന്ധിച്ച് കൂടുതൽ മക്കളുള്ള ദമ്പതിമാരെ ആദരിച്ചു. 'യൂത്ത് വോയിസ്' എന്ന പേരിൽ വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ചുള്ള ചിന്തകൾ മീഡിയ വഴി പങ്കുവെച്ചു. മരക്കടവ് ഇടവകയിലെ സേവനത്തിനുശേഷം സ്ഥലം മാറിപ്പോകുന്ന സിസ്റ്റേഴ്സിന് ആദരവ് അർപ്പിച്ചു. ദീർഘനാളത്തെ സേവനത്തിനുശേഷം സർവീസിൽ നിന്ന് വിരമിക്കുന്ന തങ്കച്ചൻ വല്ലത്ത് സാറിന് അനുമോദനങ്ങളും മെമന്റോയും നൽകി ആദരിച്ചു.

**തവിഞ്ഞാൽ യൂണിറ്റ്**

സൗജന്യ കോവിഡ് വാക്സിനേഷൻ ക്യാമ്പിനു വേണ്ടി രജിസ്ട്രേഷൻ നടത്തി. തവിഞ്ഞാൽ യൂണിറ്റിൽ നിന്ന് സ്ഥലം മാറിപോകുന്ന ആനിമേറ്റർ സി. സ്റ്റെല്ലക്ക് പുതിയ പ്രവർത്തന മേഖലയിൽ ആശംസകളർപ്പിച്ചു.

**പോരൂർ യൂണിറ്റ്**

പോരൂർ യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം രൂപതാ

പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ നിർവഹിച്ചു. 60 ൽപരം യുവജനങ്ങൾ പങ്കെടുത്തു. മാനന്തവാടി സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെയും, മാനന്തവാടി മേഖലയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സൗജന്യ കോവിഡ് വാക്സിനേഷൻ ക്യാമ്പിനു വേണ്ട ക്രമീകരണങ്ങൾ യുവജനങ്ങൾ ചെയ്തു. 300 ലധികം ആളുകൾ വാക്സിനേഷൻ സ്വീകരിച്ചു.

**കണിയാരം യൂണിറ്റ്**

ഈസ്റ്റർ ദിനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ കല്ലറ നിർമ്മിച്ചു. വർദ്ധിച്ചുവരുന്ന കോവിഡ് വ്യാപനത്തിന്റെ ശക്തി കുറയുന്നതിനുവേണ്ടി കെസിവൈഎം ഭാരവാഹികൾ പോസ്റ്റർ നിർമ്മിച്ച് 9 ദിവസത്തെ ഉപവാസ പ്രാർത്ഥനയും വൈകുന്നേരം ഓരോ ഭാരവാഹികളുടെ ഭവനങ്ങളിലും കൊന്ത ചൊല്ലിയും പ്രാർത്ഥിക്കുന്നു. കണിയാരം കത്തീഡ്രൽ ശാഖയുടെയും, മാനന്തവാടി സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെയും നേതൃത്വത്തിൽ സൗജന്യ കോവിഡ് വാക്സിനേഷൻ ക്യാമ്പ് നടത്തി. കോവിഡ് ബാധിച്ച് മരിച്ച 4 വ്യക്തികളുടെ മൃതസംസ്കാരം ബഹുമാനപ്പെട്ട റിജോസച്ചനും കെ.സി.വൈ.എം. - ലെ മൂന്ന് അംഗങ്ങളും ചേർന്ന് നടത്തി.

**കയ്യൂന്നി യൂണിറ്റ്**

കയ്യൂന്നി യൂണിറ്റിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിൽ കഴിയുന്ന രോഗികൾക്ക് ആവശ്യമായ ഭക്ഷണം, മരുന്ന് അത്യാവശ്യ സഹായസഹകരണങ്ങൾ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി.

**അരുൾനിലയം യൂണിറ്റ്**

അരുൾനിലയം യൂണിറ്റിന്റെ പുതിയ പ്രസിഡണ്ടായി ശ്രീ. ലിബിൻ കുരിയക്കാട്ടിൽ തിരഞ്ഞെടുക്കപ്പെട്ടു.

**ചുങ്കക്കുന്ന് യൂണിറ്റ്**

കോവിഡ് വ്യാപനത്തിന്റെ ശക്തി കുറയുന്നതിനും രോഗസൗഖ്യത്തിനും ആയി ഓൺലൈൻ വഴി നടത്തപ്പെട്ട ജപമാലയിലും വി. കുർബാനയിലും യുവജനങ്ങൾ പങ്കെടുത്തു. നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട റവ. ഫാ. ജോസഫ് തുരുത്തേലിന് യൂണിറ്റിന്റെ പേരിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് പോസ്റ്റർ ചെയ്തു.

**അമ്പായത്തോട് യൂണിറ്റ്**

2021 വർഷത്തേക്കുള്ള അംഗത്വ സ്വീകരണവും നവീകരണവും സംഘടിപ്പിച്ചു. 40 യുവജനങ്ങൾ അംഗത്വ നവീകരണവും 10 യുവജനങ്ങൾ സ്വീകരണവും നടത്തി. ഇറ്റലിയിൽ കോവിഡ് രോഗികളെ ശുശ്രൂ

ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രശംസ ഏറ്റുവാങ്ങിയ നെല്ലിയോടി ഇടവകയിലെ സി. തെരേസ വെട്ടത്തിലിന്റെ ഭവനം യൂണിറ്റ് അംഗങ്ങൾ സന്ദർശിച്ച് ആശംസകളർപ്പിച്ചു.

**ഒറ്റപ്ലാവ് യൂണിറ്റ്**

ഈസ്റ്റർ ദിനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ കല്ലറ നിർമ്മിച്ചു. രൂപതയിൽ നിന്ന് ലഭിച്ച ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തു.

**വെള്ളൂന്നി യൂണിറ്റ്**

കോവിഡ് ബാധിച്ച് ചികിത്സയിലായിരുന്ന യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് തയ്യിലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിച്ചു. അച്ചന്റെ തിരുപ്പട്ട സ്വീകരണ ദിനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രാർത്ഥനാശംസകൾ അറിയിച്ചു.

**പാൽച്ചുരം യൂണിറ്റ്**

പാൽച്ചുരം യൂണിറ്റിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ കൊവിഡ് വാക്സിനേഷനുവേണ്ട രജിസ്ട്രേഷനും, സദ്ധസേവനങ്ങളും ചെയ്തു.

**കൊട്ടിയൂർ യൂണിറ്റ്**

'One Man One Tree Challenge' എന്ന പേരിൽ ഭൗമ ദിനത്തോടനുബന്ധിച്ച് എല്ലാ യുവജനങ്ങളും ഓരോ വൃക്ഷത്തൈ വീതം നട്ടു. പ്രകൃതിക്ക് കാവലൊരുക്കി. ലോക പുസ്തകദിനത്തോട് അനുബന്ധിച്ചു 'എന്റെ പുസ്തകം' എന്ന പേരിൽ രചനാമത്സരം സംഘടിപ്പിച്ച് 1, 2, 3 സ്ഥാനക്കാർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഓൺലൈൻ വഴി നടത്തപ്പെടുന്ന കൊവിഡ് വാക്സിനേഷൻ രജിസ്ട്രേഷൻ സംബന്ധിച്ച സംശയങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ഉൾക്കൊള്ളുന്ന Cowin Portal Video അവതരണം സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തി.

**കല്ലോടി യൂണിറ്റ്**

കല്ലോടി യൂണിറ്റിന്റെ നേതൃത്വത്തിൽ പെസഹാ വ്യാഴാഴ്ച മാനന്തവാടി മെഡിക്കൽ കോളേജിലെ രോഗികൾക്കായി ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്തു. മാനന്തവാടി സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ നടത്തിയ കോവിഡ് പ്രതിരോധ വാക്സിനേഷനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ യുവജനങ്ങൾ ചെയ്തു.

**ജിയോ ജെയിംസ് മച്ചുകുഴിയിൽ**
ജനറൽ സെക്രറി

**കുടുംബപ്രേഷിതത്വം**

**വിവാഹ ഒരുക്ക കോഴ്സ്**

ഏപ്രിൽ 23, 24, 25 തിയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 107പേരും മെയ് 7, 8, 9 തിയതികളിൽ 88 പേരും പങ്കെടുത്തു.

**അടുത്ത കോഴ്സ്**

ജൂൺ – 25,26,27

**മരിയൻ സിംഗിൾസ്**

കൊറോണ വൈറസ് നിർമാർജ്ജനംചെയ്യാൻ 2200 കരുണ കൊന്തയും 2500 ജപമാലയും ചൊല്ലി പ്രാർത്ഥിച്ചു. ബൈബിളിൽ ജ്ഞാനം എന്ന പുസ്തകം വായിച്ചു പൂർത്തിയാക്കി.

**മാതൃവേദി**

മെയ് 9 – അന്താരാഷ്ട്ര മാതൃദിനത്തിൽ അമ്മമാരെ ആദരിച്ചു. അന്നേദിവസം മാതൃവേദി രൂപതയിലെ എല്ലാ അമ്മമാർക്കും ആശംസകൾ അറിയിച്ച് സന്ദേശം നൽകി .

'ഡിവൈൻ വാക്സിൻ' – എന്ന പേരിൽ പ്രാർത്ഥനാസന്ദേശം വാട്ട്സാപ്പ് വഴി എല്ലാവരിലും എത്തിച്ചു അനേകായിരങ്ങൾക്ക് ഈ പ്രാർത്ഥന ചൊല്ലാൻ സാധിച്ചു .

മെയ് 10 –മാതൃവേദി അംഗങ്ങൾ കോവിഡ് മഹാമാരിയിൽ നിന്ന് വിടുതൽ ലഭിക്കാൻ പ്രാർത്ഥനാ ദിനമായി ആചരിച്ചു. മാതൃവേദി അംഗങ്ങൾ അന്നേദിവസം ഒരു നേരത്തെ ഭക്ഷണം വർജ്ജിക്കുകയും ഉച്ചകഴിഞ്ഞു മൂന്നിനും നാലുമണിക്കുമിടയിൽ കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**മെയ്– 12 അന്താരാഷ്ട്ര നഴ്സസ് ദിനം**

രൂപതയിൽ നഴ്സിംഗ് മേഖലയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാവർക്കും അവർ ചെയ്യുന്ന ത്യാഗോജ്ജ്വലമായ സേവനങ്ങളെ അംഗീകരിച്ചും അവരെ ആദരിച്ചും ആശംസകൾ അറിയിച്ചു .

മെയ് 15 – അന്താരാഷ്ട്ര കുടുംബ ദിനത്തോടനുബന്ധിച്ച് മാതൃവേദിയുടെ പ്രവർത്തനലക്ഷ്യത്തിന്റെ 'കുടുംബം തിരുക്കുടുംബമാ

കാൻ' 100 ദിന പരിപാടി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉത്ഘാടനം ചെയ്ത് ആശംസ സന്ദേശം നൽകി. അന്ന് മുതൽ 100 ദിവസത്തേക്ക് 'കുടുംബം തിരുക്കടുംബമാകാൻ' എന്ന വിഷയം കേന്ദ്രി കൃതമായി കുടുംബാംഗങ്ങൾ, കുടുംബനാഥന്മാർ, കുടുംബിനികൾ, യുവജനങ്ങൾ, കുട്ടികൾ എന്നിവർ ആശയാവതരണം നടത്തി വീഡിയോ സോഷ്യൽ മീഡിയ വഴി കുടുംബങ്ങളിൽ എത്തിച്ചുകൊണ്ടിരിക്കുന്നു .

പരി. മാതാവിന്റെ വണക്കമാസാചരണത്തിൽ അവസാനദിവസം മാതാവിന്റെ തിരുസ്വരൂപം ഭവനങ്ങളിൽ അലങ്കരിച്ചതിന്റെ ഏറ്റവും മികച്ച ഒരു ഫോട്ടോ ഇടവകളിൽനിന്നും മേഖലക്ക് ജൂൺ 5 ന് മുൻപായി നൽകണം. ഇതിൽ മേഖലയിൽ ഏറ്റവും മികച്ച ഒരെണ്ണത്തിന് രൂപത സമ്മാനം നൽകുന്നതാണ്

**തരിയോട് മേഖല**

ജോസഫ് തുരുത്തേൽ അച്ചന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. സമരിറ്റൻ ഭവൻ സന്ദർശിച്ച് 5000 രൂപ നൽകി മേഖലയിലെ എല്ലാ ശാഖകളും ചേർന്ന് 46000 ത്തോളം ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വിശുദ്ധ ജാന്ന ബറേത്ത മോള്ളയുടെ തിരുനാൾ ആച രിച്ചു. കുടുംബം തിരുക്കുടുംബം ആയാൽ സഭയ്ക്കും സമൂഹത്തിനും ഉള്ള നന്മ എന്ന വിഷയത്തിൽ ആശയ ശേഖരണം നടത്തി. കുടുംബം തിരുക്കുടുംബം ആകാൻ അമ്മമാരുടെ പങ്ക് എന്ന വിഷയത്തെ സംബ ന്ധിച്ച രൂപതാ പ്രസിഡണ്ട് ബഹുമാനപ്പെട്ട വിജി നെല്ലിക്കുന്നേൽ ക്ലാസ്സെടുത്തു. 25 അമ്മമാർ സംബന്ധിച്ചു

**കല്ലോടി മേഖല**

മേഖലാ വാർഷികം നടത്തി. രൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ഫാ. ജോജോ കുടക്കച്ചിറ വിശുദ്ധ യൗസേപ്പിതാവിനെ കുറിച്ച് ക്ലാസ്സെടുത്തു. വിവിധ മത്സരങ്ങളിൽ സമ്മാനർഹരായവർക്ക് സമ്മാനങ്ങൾ നൽകി. കോവിഡ് മഹാമാരി മാറുവാൻ എല്ലാ ശാഖകളിലും കരുണ കൊന്തചൊല്ലി. കുടുംബം തിരുക്കുടുംബം ആയാൽ സഭയ്ക്കും സമൂഹത്തിനും ഉള്ള നന്മകൾ എന്ന വിഷയത്തിൽ യുവജനങ്ങൾക്കും കുട്ടികൾക്കുമായി നടത്തിയ ആശയ സമാഹരണതിൽ സമ്മാനർ ഹമായവരെ ആദരിച്ചു.

**മുള്ളൻകൊല്ലി മേഖല**

മഹാമാരി മാറുവാൻ വേണ്ടി 3,800 കരുണക്കൊന്ത ചൊല്ലി. ദിവ്യകാരുണ്യ നൊവേന നടത്തി. ഒരു നിർധന രോഗിക്ക് 1500 രൂപ

നൽകി. വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ചുള്ള ക്വിസ് മത്സരം നടത്തി. ഭ്രൂണഹത്യ പ്രോത്സാഹിപ്പിക്കുന്ന നിയമത്തിനെതിരെ ശക്തമായി പ്രതികരിച്ചു. മേഖല ഡയറക്ടറുടെ നേതൃത്വത്തിൽ അഞ്ചു കുട്ടികൾ ഉള്ള ഭവനങ്ങൾ സന്ദർശിച്ച് അവരെ അനുമോദിച്ചു. സ്നേഹോപഹാരം നൽകി ആദരിക്കുകയും ചെയ്തു. മൃതിയടഞ്ഞ വരുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**കയ്യൂന്നി**

ലോക ആരോഗ്യദിനത്തിൽ രോഗിസന്ദർശനം നടത്തി. 85 അമ്മമാർ ചേർന്ന് സമ്പൂർണ്ണ ബൈബിൾ വായന പൂർത്തിയാക്കി. കോവിഡ് മഹാമാരി മാറുവാനായി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. വി. ജാന്ന ബറേത്ത മൊള്ളയുടെ തിരുനാൾ ആചരിച്ചു. ഉപന്യാസ മത്സരം നടത്തി. വിവിധ നിയോഗങ്ങൾക്കായി അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. കുടുംബം തിരുക്കുടുംബം ആയാൽ സഭയിലും സമൂഹത്തിലും ഉണ്ടാകുന്ന നന്മകൾക്ക് ആശയ ശേഖരണം നടത്തി

**കബനിഗിരി**

നാലും അതിൽ കൂടുതലും മക്കളുള്ള കുടുംബങ്ങളെ ആദരിച്ചു.

**കരിമാനി**

എല്ലാ വെള്ളിയാഴ്ചകളിലും കുരിശിന്റെ വഴി നടത്തി. കോവിഡ് മഹാമാരിയുടെ വിടുതലിനായി വിവിധ തരത്തിലുള്ള പ്രാർഥനകൾ ചൊല്ലി കാഴ്ചവെച്ചു. വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആച രിച്ചു. ഭവനസന്ദർശനം നടത്തി. വനിതാ ദിനം ആചരിച്ചു ബ്ലോക്ക് മെമ്പർ, വാർഡ് മെമ്പർ എന്നിവർക്ക് ആശംസകൾ അറിയിച്ചു. രൂപത ഭാരവാഹികൾ ഇടവക സന്ദർശിച്ചു, പ്രവർത്തനങ്ങളെ വിലയിരുത്തി.

**തലപ്പുഴ**

മഹാമാരിയിൽ നിന്നും വിടുതൽ ലഭിക്കുവാനായി വചനം ഏറ്റുപറഞ്ഞു ഓരോ ദിവസവും ഓരോ കുടുംബത്തെ സമർപ്പിച്ച് പ്രാർത്ഥിച്ചു . ഹല്ലേൽ ഭക്തിഗാന മത്സരത്തിൽ പങ്കെടുത്തു. കോവിഡ് മാനദണ്ഡം പാലിച്ചുകൊണ്ട് രോഗിസന്ദർശനം നടത്തി. എസ്എസ്എൽസി, പ്ലസ് ടു പരീക്ഷ എഴുതുന്ന മക്കൾക്ക് വേണ്ടി കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**പുതിയിടം**

വിശുദ്ധ യൗസേപ്പിതാവിന്റെ വണക്കമാസ പ്രാർത്ഥന ചൊല്ലി വനിത ദിനത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട ഫാദർ ജോബിഷ് ഏറത്ത് ക്ലാസെടുത്തു. 70 വയസ്സിനു മുകളിൽ പ്രായമുള്ളവരെ

ആദരിച്ചു. വി. ജാന്ന ബറേത്ത മൊള്ളയുടെ തിരുനാൾദിനത്തിൽ എല്ലാ അമ്മമാർക്കും വേണ്ടി പ്രാർത്ഥിച്ചു.

**കളത്തുവയൽ**

നാൽപതാം വെള്ളിയാഴ്ച കുരിശിന്റെ വഴി നടത്തി. നേർച്ച അപ്പം നൽകി. രോഗി സന്ദർശനം നടത്തി. കയ്യെഴുത്തു മാസിക തയ്യാറാക്കി. കൊവിഡ് രോഗികൾക്കായി 3000 രൂപ സംഭാവന നൽകി. കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു

**പൂക്കോട്ടുംപാടം**

കോവിഡ് രോഗികൾക്കുവേണ്ടി കുരിശിന്റെ വഴി ചൊല്ലി. ചെയിൻ റോസറി നടത്തി. കരുണ കൊന്ത ചൊല്ലി. കുടുംബം തിരുക്കുടുംബം ആകാൻ എന്ന വിഷയത്തിൽ യുവജനങ്ങളിൽ നിന്നും ആശയ സമാഹരണം നടത്തി. ശാന്തി സദനം സന്ദർശിച്ചു. കൊവിഡ് ബാധിതരായവർക്ക് വസ്ത്രം, ഭക്ഷ്യവസ്തുക്കൾ എന്നിവ നൽകി. ഇടവകയിലെ വൈദികരേയും സിസ്റ്റേഴ്സിനേയും ആദരിച്ചുകൊണ്ട് ജീവിതം ക്രിസ്തുവിനായി എന്ന വീഡിയോ പോസ്റ്റ് ചെയ്തു. 75 വയസ്സിന് മുകളിൽ പ്രായമായ 40 മാതാപിതാക്കളെ ദേവാലയത്തിൽ വരുത്തി വിരുന്ന് നൽകി.

**ആടിക്കൊല്ലി**

വിശുദ്ധ ജാന്ന ബറേത്ത മോള്ളയുടെ തിരുനാൾ ആചരിച്ചു. കൊറോണ വൈറസ് നിർമാർജ്ജനം ചെയ്യാൻ ആദ്യ വെള്ളിയാഴ്ച്ച ഉപവാസ പ്രാർത്ഥന നടത്തി. വിവിധ നിയോഗങ്ങൾക്കായി ജപമാല, കുരിശിന്റെ വഴി കരുണയുടെ ജപമാല, തിരുഹൃദയ ജപമാല തുടങ്ങിയ പ്രാർത്ഥനകൾ ചൊല്ലി.

**മരകാവ്**

എല്ലാ ദിവസവും വിശുദ്ധ യൗസേപ്പിതാവിനോടുള്ള പ്രാർത്ഥന ചൊല്ലി. വനിതാ ദിനാചരണം നടത്തി. മാർച്ച്-19 പിതൃദിനമായി ആചരിച്ചു. ജോസഫ് നാമധാരികൾക്ക് ആശംസകൾ നേർന്നു. പരീക്ഷ ഒരുക്കപ്രാർത്ഥനയിലും ബഫർസോൺ പ്രഖ്യാപനത്തിനെതിരെ നടത്തിയ പ്രതിഷേധ റാലിയിലും പങ്കെടുത്തു. ഒരു ക്യാൻസർ രോഗി ചികിത്സാ സഹായമായി 5000 രൂപ നൽകി. കുടുംബം തിരുക്കുടുംബം ആയാൽ എനിക്കുള്ള നന്മ എന്ന വിഷയത്തിൽ കുട്ടികൾക്ക് മത്സരം നടത്തി. കോവിഡ് മഹാമാരിക്കെതിരെ 5000 കരുണയുടെ ജപമാല ചൊല്ലി. ദുഃഖവെള്ളി മുതൽ പുതുഞ്ഞായർ വരെ ദിവ്യകാരുണ്യ

നൊവേന ചൊല്ലി. വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ച് നടത്തിയ ക്വിസ് മത്സരത്തിൽ സമ്മാനം നൽകി ആദരിച്ചു. വിശുദ്ധ ജാന്ന ബരേത്ത മൊള്ളയുടെ തിരുനാൾ ആചരിച്ചു.

**കുറുമണി**

സെന്റ് ആൻസ് മാനന്തവാടി വൃദ്ധമന്ദിരം സന്ദർശിച്ച് 5000രൂപ സംഭാവന നൽകി. ഇടവകയിലും സമരിറ്റൻ ഭവനിലുമായി ആയിരം രൂപയുടെ കിറ്റുകൾ നൽകി. ദൈവകരുണയുടെ തിരുനാൾ ആഘോഷമായി നടത്തി. ഇടവകയിൽ ഏറ്റവും പ്രായമായ മാതാപിതാക്കളെ കണ്ടെത്തി ഒരാളെ ആദരിച്ചു. വിശുദ്ധ ജാന്ന ബരേത്തയുടെ തിരുനാൾ ആചരിച്ചു. 5000 കൊന്ത ചൊല്ലി കോവിഡ് രോഗികൾക്കുവേണ്ടി കാഴ്ച വെച്ചു.

**കോട്ടത്തറ**

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കുരിശിന്റെ വഴി നടത്തി. ദൈവകരുണയുടെ തിരുനാൾ, വിശുദ്ധ ഗീവർഗീസ്, ദൈവമാതാവ്, വിശുദ്ധ ജാന്ന ബറേത്ത മൊള്ളെ എന്നിവരുടെ തിരുനാളുകൾ ആചരിച്ചു. കിടപ്പുരോഗികളുടെ ഭവനങ്ങൾ സന്ദർശിച്ചു. രൂപതാ വിസിറ്റ് നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. അന്താരാഷ്ട്ര വനിതാ ദിനം ആചരിച്ചു. ഓരോ ദിവസവും ഓരോ വചനം വാട്സാപ്പ് വഴി അയച്ചു. കുടുംബം തിരുക്കുടുംബം ആകാൻ എനിക്കുള്ള നന്മ എന്ന വിഷയത്തിൽ കുട്ടികൾക്കായി ആശയാവതരണം നടത്തി. പരീക്ഷക്ക് ഒരുങ്ങുന്ന എല്ലാ കുട്ടികൾക്കും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബൈബിൾ പാരായണം നടത്തി.

**ചുങ്കക്കുന്ന്**

വണക്കമാസം എല്ലാ ഭവനങ്ങളിലും ആചരിക്കുന്നു. വനിതാ ദിനത്തോടനുബന്ധിച്ച് എല്ലാ ശാഖകളിലും ക്ലാസ്സുകളും മത്സരങ്ങളും നടത്തി. ബഹുമാനപ്പെട്ട ബാബു മാപ്ലശ്ശേരി അച്ചൻ സ്ത്രീശക്തീകരണം, ലൗ ജിഹാദ് എന്നിവയെക്കുറിച്ച് ക്ലാസ്സെടുത്തു. സ്നേഹവീട് നിർമ്മാണത്തിനായി ആയിരം രൂപയും നിർധനരായ രണ്ടു കുടുംബത്തിന് കിറ്റും 500 രൂപയും നൽകി ബഹുമാനപ്പെട്ട ജോസഫ് നാമധാരികൾക്ക് ഫോണിലൂടെ ആശംസകൾ നേർന്നു ജൈവ പച്ചക്കറിത്തോട്ടം സർവ്വേ നടത്തി മാണ്ഡ്യരൂപതയ്ക്കുവേണ്ടി ബഹു. ജോമേഷ് അച്ചന് ദേവാലയ നിർമ്മാണത്തിനായി പതിനായിരം രൂപ നൽകി. ശിശുഭവൻ സന്ദർശിച്ചു. ഈസ്റ്ററിന് അഞ്ചു കുടുംബങ്ങൾക്ക് കിറ്റും 3000 രൂപയും നൽകി. കൊറോണാ രോഗികളെ സന്ദർശിച്ചു. മൃതിയടഞ്ഞ രൂപതാ വൈദികർക്കുവേണ്ടി വിശുദ്ധ കുർബാനയും

ഒപ്പീസും ചൊല്ലി പ്രാർത്ഥിച്ചു. വിശുദ്ധ ജാന്ന ബരേത്ത മൊള്ളയുടെ തിരുനാളിന് വൃദ്ധദമ്പതിമാരെ ആദരിച്ചു. കൊവിഡ് മഹാമാരി മാറുവാൻ വേണ്ടി ഉപവാസവും നോമ്പും കുരിശിന്റെ വഴി എന്നിവ നടത്തി.

**കേളകം**

ഈസ്റ്റർ ദിനത്തോടനുബന്ധിച്ച് ഒരു നിർധന കുടുംബത്തിന് ആയിരം രൂപയും ചികിത്സാ സഹായമായി 2000 രൂപയും നൽകി. ജൈവ പച്ചക്കറി കൃഷി മത്സരത്തിൽ സമ്മാനാർഹരായവർക്ക് ബഹുമാനപ്പെട്ട വികാരിയച്ചൻ സമ്മാനം വിതരണം ചെയ്തു. ജോസഫ് നാമധാരി കൾക്ക് ആശംസകൾ നേർന്നു. ഉപവാസത്തിലൂടെ ലഭിച്ച തുകകൊണ്ട് ഒരു നിർധനരോഗിക്ക് മരുന്ന് വാങ്ങി.

**ശാന്തിഗിരി**

വിശുദ്ധ യൗസോപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികൾക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ചു .രോഗി സന്ദർശനം നടത്തി.

**കൊട്ടിയൂർ**

വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ ജോസഫ് നാമധാരികൾക്ക് ആശംസകൾ നേർന്നു.

**അടയ്ക്കാത്തോട്**

രോഗിസന്ദർശനം നടത്തി. കുരിശിന്റെവഴി, കരുണക്കൊന്ത എന്നീ പ്രാർത്ഥനകൾ വിവിധ നിയോഗങ്ങൾക്കായി കാഴ്ചവെച്ചു.

**വഞ്ഞോട്**

ഒരു നിർധന കുടുംബത്തിന് ചികിത്സാസഹായം ആയിരം രൂപ നൽകി. ദുഃഖവെള്ളിയാഴ്ചയും പുതുഞ്ഞായറും വിവിധ നിയോഗങ്ങളോടെ കുരിശുമല കയറി.

**വാളേരി**

കാട്ടിമൂല സ്നേഹസദനം സന്ദർശിച്ച് അന്തേവാസികളായ അമ്മമാർക്ക് സാനിറ്ററി ഉൽപ്പന്നങ്ങളും കേക്കും നൽകി. ഇടവക പള്ളിയിൽ വച്ച് സംഘടിപ്പിച്ച കോവിഡ് വാക്സിനേഷൻ ക്യാമ്പിന് അമ്മമാർ നേതൃത്വം നൽകി. കോവിഡ് എന്ന മഹാവ്യാധിക്കെതിരായി 3500 കരുണ കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. പച്ചക്കറി കൃഷിനടത്തി. കുടുംബം തിരുക്കുടുംബം ആകാൻ യുവജനങ്ങളുടെ പങ്ക് എന്ന വിഷയത്തിലെ ആശയസമാഹരണത്തിന് വീഡിയോ എടുത്തു. ചിട്ടി നറുക്കെടുപ്പ് നടത്തി. ചികിത്സ സഹായമായി ഒരു നിർധന കുടുംബത്തിന് 5000 രൂപ നൽകി . വിശുദ്ധ ജാന്ന ബരേത്തായുടെ തിരുനാൾ ആചരിച്ചു.

**പാൽചുരം**

കെ.സി.വൈ.എം. യുവാക്കളോട് ചേർന്ന് ബഫർസോൺ റാലിയിൽ പങ്കെടുത്തു. വനിതാ ദിനത്തിൽ പ്രസംഗമത്സരം നടത്തി. കോവിഡ് രോഗിയുടെ ഭവനങ്ങളിൽ ഫോൺ ചെയ്തു ക്ഷേമാന്വേഷണം നടത്തി. അർഹരായവരെ സാമ്പത്തികമായി സഹായിച്ചു. കരുണ ക്കൊന്തചൊല്ലി.

**ബോസ്പാറ**

ഇടവകയിലെ ബഹുമാനപ്പെട്ട വൈദികരെയും സിസ്റ്റേഴ്സിനേയും ആദരിച്ചുകൊണ്ട് ഒരു വീഡിയോ തയ്യാറാക്കി. മഹാമാരിയിൽ നിന്ന് സംരക്ഷണം ലഭിക്കാൻ എല്ലാ അമ്മമാരും ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**പട്ടാണികൂപ്പ്**

പുതിയ ദേവാലയത്തിൽ കുരിശിന്റെവഴി പ്രാർത്ഥന നടത്തി. 60 വയസ്സുകഴിഞ്ഞവർക്കുവേണ്ടി കോവിഡ് വാക്സിനേഷൻ എടുക്കാൻ വേണ്ട സഹായം ചെയ്തു.

**ഫാ. ജോജോ കുടക്കച്ചിറ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

മെയ് മാസത്തെ ആദ്യശനി ഏകദിന കൺവെൻഷൻ 1 ന് രാവിലെ 10 മുതൽ 12.00 വരെ ഓൺലൈനായി നടത്തി. ജപമാല പ്രാർത്ഥനയ്ക്ക് സി. മെറീന FCC., സി. അന്ന FCC എന്നിവർ നേതൃത്വം നൽകി. ബഹു. ഫാ. സോണി വാഴകാട്ട് വചനസന്ദേശം നൽകി ആരാധനയ്ക്ക് നേതൃത്വം കൊടുത്തു. ഗാനശുശ്രൂഷ നയിച്ചത് സി. അന്ന FCC ബ്ര. ബിജു പുളിക്കൽ എന്നിവരായിരുന്നു.

മെയ് 7ന് കെ.സി.ബി.സി.യുടെ പ്രത്യേക ആഹ്വാനപ്രകാരം രാവിലെ 7 മുതൽ വൈകിട്ട് 4 വരെ പ്രാർത്ഥനാദിനമായി ആചരിച്ചു. 7 മണിക്ക് റവ. ഫാ. പോൾ വാഴപ്പള്ളി (ഡയറക്ടർ, പാസ്റ്ററൽ സെന്റർ) വി. ബലിക്ക് മുഖ്യ കാർമികനായി. തുടർന്ന് 8 മണിമുതൽ ദിവ്യകാരുണ്യ ആരാധന നടത്തി. ആരാധനയ്ക്ക് SABS, CMC, FCC, SH സഭകളിൽ നിന്നുള്ള സിസ്റ്റേഴ്സും, KCYM, CML സംഘടനകളും, ബഹു. തോമസ് കാട്ടുതുരുത്തിയിലച്ചന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിലെ വൈദീകരും പങ്കെടുത്തു. 3 മണിക്ക് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അനുതാപശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു. വചനസന്ദേശം പങ്കുവച്ചു, ദിവ്യകാരുണ്യ ആശീർവ്വാദം നൽകി.

എല്ലാ ഞായറാഴ്ചകളിലും റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. സോണി വാഴകാട്ട് എന്നിവർ ഓൺലൈൻ വചനപ്രസംഗങ്ങൾ ചെയ്തു.

മെയ് 15 മുതൽ കൊറോണയ്ക്കെതിരായും, കൊറോണ ബാധയാൽ മരണമടഞ്ഞവരുടെ ആത്മശാന്തിക്കുവേണ്ടിയും, പ്രകൃതിക്ഷോഭത്തിൽനിന്നുള്ള സംരക്ഷണത്തിനുവേണ്ടിയും കരുണയുടെ ജപമാലക്കൂട്ടായ്മ ആരംഭിച്ചു.

മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്കായി സ്പിരിച്വൽ ഷെയറിംഗ് ക്രമീകരിച്ചു.

N.B: അടുത്ത ആദ്യശനി കൺവെൻഷൻ ജൂൺ 5ന് വൈകിട്ട് 6.30 മുതൽ 8.30 വരെ ഓൺലൈൻ ആയി നടത്തുന്നതാണ്.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

**ആശ്വാസകരങ്ങളുമായി മാനന്തവാടി സമരിറ്റൻസ് സേന**

കോവിഡ് മഹാമാരി മൂലം മരണമടയുന്നവരുടെ മൃതസംസ്ക്കാര ശുശ്രൂഷക്ക് നേതൃത്വം നൽകി മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സമരിറ്റൻ സേന ശ്രദ്ധേയമാകുന്നു. നാളിതുവരെ മുപ്പതോളം മൃതസംസ്ക്കാര ശുശ്രൂഷക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നേതൃത്വം നൽകുവാൻ സമരിറ്റൻ സേനക്ക് സാധിച്ചു. മാനന്തവാടി രൂപതയുടെ പ്രവർത്തന മേഖലയിൽ 400 അംഗ സമരിറ്റൻ സേനയാണ് രൂപീകരിച്ചിട്ടുള്ളത്. ഇതിൽ 40 പേർ വൈദികരാണ്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് വിദഗ്ദ്ധമായ പരിശീലനം ലഭിച്ചവരാണ് സമരിറ്റൻ സേന അംഗങ്ങൾ. രൂപതയുടെ കീഴിൽ 12 മേഖലകളായി തിരിഞ്ഞാണ് സേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഓരോ മേഖലയിലും ഫൊറോനാ വികാരിമാർ സേനയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. രൂപത തലത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ, കെസിവൈഎം ഡയറക്ടർ, ചെറുപുഷ്പ മിഷൻ ലീഗ് ഡയറക്ടർ, എകെസിസി ഡയറക്ടർ എന്നിവർ നേതൃത്വം നൽകുന്നു.

**കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ**

മാനന്തവാടി രൂപതയുടെ കീഴിലുള്ള സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ഫസ്റ്റ് ലൈൻ സെന്റർ ആയി പ്രവർത്തിച്ചുവരികയാണല്ലോ. ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കാരിത്താസ് ഇന്ത്യ 05 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകി. ഇതിന്റെ ഭാഗമായി ആശുപത്രിക്കാവശ്യമായ മൾട്ടിപാരാ മോണിറ്റർ, ആന്റിജൻ കിറ്റ്, പൾസ് ഓക്സീമീറ്റർ, മാസ്കുകൾ, PP കിറ്റ്സ് എന്നിവ വാങ്ങുന്നതാണ്. കൂടാതെ മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സമരിറ്റൻ ടാസ്ക് ഫോഴ്സ് അംഗങ്ങൾക്ക് ഐഡന്റിറ്റി കാർഡ്, ഓവർ കോട്ട് എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതാണ്.

**ജൽ ജീവൻ മിഷൻ പദ്ധതി**

കേരള വാട്ടർ അതോറിറ്റി, കേരള വാട്ടർ ആൻഡ് സാനിറ്റേഷൻ

ഏജൻസി എന്നിവയുടെ നേതൃത്വത്തിൽ കേരളത്തിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയിൽ പദ്ധതി സഹായ ഏജൻസി ആയി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ തെരഞ്ഞെടുത്തു. വയനാട് ജില്ലയിലെ എടവക, തവിഞ്ഞാൽ, പടിഞ്ഞാറത്തറ പഞ്ചായ ത്തുകളിലും മലപ്പുറം ജില്ലയിലെ എടവണ്ണ, ഓർക്കാട്ടേരി പഞ്ചായത്തു കളിലും ആണ് നിലവിൽ പദ്ധതി സഹായ ഏജൻസിയായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ നിയമിച്ചിട്ടുള്ളത്. ഗ്രാമീണ ഇന്ത്യ യിലെ എല്ലാ വീടുകൾക്കും 2024 ആകുമ്പോഴേക്കും വ്യക്തിഗത ഫംഗ് ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTC) വഴി സുര ക്ഷിതവും മതിയായതുമായ കുടിവെള്ളം നൽകാൻ ജൽജീവൻ മിഷൻ (JJM) വിഭാവനം ചെയ്യുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ISA യായി പ്രവർത്തനം ആരംഭിക്കുന്ന എടവക, തവിഞ്ഞാൽ, പടിഞ്ഞാ റത്തറ, എടവണ്ണ, ഓർക്കാട്ടേരി ഗ്രാമപഞ്ചായത്തുകളിലേക്ക് ടീം ലീ ഡർ, എൻജിനീയർ, കമ്യൂണിറ്റി ഓർഗനൈസർ എന്നിവരെ ആവശ്യ മുണ്ട്. താത്പര്യമുള്ളവർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഫീസുമായി ബന്ധപ്പെടുക.

### നബാർഡ് കെ എഫ് ഡബ്ല്യു സോയിൽ പ്രൊജക്റ്റ്

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോ ഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടി ലയം, പൊർളോം നീർത്തട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം നടപ്പിലാക്കേണ്ട വിവിധ വികസന പ്രവർത്തന ങ്ങൾക്ക് നബാർഡിൽ നിന്നും അംഗീകാരം ലഭിച്ചു. നീറ്റുകക്ക അല്ലെ ങ്കിൽ ഡോളോമൈറ്റ് വിതരണം, അസോള കൃഷി വ്യാപനം, ചെറുകിട ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഫലവൃക്ഷ തൈകളുടെ വിതരണം എന്നീ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. കോവിഡ് മഹാമാരിയുടെ വ്യാപനം അൽപ്പം കുറയുന്നമുറക്ക് ഈ പ്രവർത്തനങ്ങൾ നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതാണ്.

### സേവ് എ ഫാമിലി പ്ലാൻ

FCRA നിയമഭേദഗതികളുടെ ഫലമായി സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പ്രവർത്തനങ്ങളിലും ചിലഭേദഗതികൾ വരു ന്നതിനാൽ പദ്ധതിയുടെ കാര്യക്രമങ്ങളിൽ പുനഃക്രമീകരണങ്ങൾ നട ന്നുകൊണ്ടിരിക്കുകയാണിപ്പോൾ. പതിവായി ചെയ്തുകൊണ്ടിരുന്ന സാമ്പത്തിക സഹായധന വിതരണങ്ങൾ അടുത്തമാസത്തോടെ തുട രാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാ ക്രമീകരണങ്ങളും സുഗ

മമായതിനുശേഷം മാത്രമേ പുതിയ കുടുംബങ്ങളെ പദ്ധതിയിൽ ചേർക്കുകയുള്ളൂ എന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

**സമൃദ്ധകുടുംബം**

രൂപതയുടെ സമൃദ്ധകുടുംബം കുടുംബോദ്ധാരണ പദ്ധതിയിൽ പാലാങ്കര ഇടവകയിൽ നിന്നും ഒരു കുടുംബത്തിന് അംഗത്വം ലഭിച്ചിട്ടുണ്ട്. പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള എല്ലാ കുടുംബങ്ങളും തങ്ങൾ ഏർപ്പെട്ടിരിക്കുന്ന വരുമാന പദ്ധതികൾ ഫലപ്രദമായി ചെയ്തുവരുന്നു. കോവിഡ് സംബന്ധിച്ചുള്ള വിലക്കുകൾ പിൻവലിച്ചാൽ ഉടൻ തന്നെ സഹായധനത്തിന്റെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതാണ് എന്ന വിവരം സ്നേഹപൂർവ്വം അറിയിക്കുന്നു.

**തൈകൾ ലഭ്യമാണ്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ബോയ്സ്ടൗണിൽ പ്രവർത്തിച്ചു വരുന്ന കാർഷിക നേഴ്സറിയിൽ അത്യുല്പാദന ശേഷിയുള്ള കാപ്പി, കമുക്, എന്നിവയുടെ തൈകൾ തയ്യാറായി വരുന്നു. റോബസ്റ്റ 270, C x R എന്നീ ഇനങ്ങളിൽപ്പെട്ട കാപ്പി തൈകളും മോഹിന്ദ് നഗർ, മംഗള തുടങ്ങിയ കമുകിൻ തൈകളും കർഷകർക്ക് മിതമായ നിരക്കിൽ വില്പനക്ക് നൽകുവാൻ തയ്യാറായി വരുന്നു. ജൂൺ മാസത്തോടെ തൈകൾ വില്പനക്ക് തയ്യാറാകും.

**ഹ്രസ്വകാല സാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു**

കട്ടിംഗ് & ടെയ്‌ലറിംഗ് (6 മാസം) കട്ടിംഗ് & ടെയ്‌ലറിംഗ് (3 മാസം) ചുരിദാർ & സാരിബ്ലൗസ് (3 മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1 മാസം)

കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**DDU-GKY**

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്നുചേർന്ന് കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU - GKY കോഴ്സിന്റെ ഈ അധ്യയന വർഷത്തെ ക്ലാസുകൾ ആരംഭിച്ചുവെങ്കിലും കോവിഡ് വ്യാപനം കാരണം സെന്ററുകൾ താത്ക്കാലികമായി അടച്ചിരിക്കുകയാണ്. കോവിഡ്–19ന്റെ വിലക്കുകൾ പിൻവലിച്ചാലുടനെ സെന്ററുകൾ തുറന്ന്

പ്രവർത്തിക്കുന്നതാണ്.

**ഈ കോഴ്സിന്റെ പ്രത്യേകതകൾ**

തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകി വരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകിപോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധനസാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള SSC യുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ 3000, 2000, 1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7560892324 എന്ന നമ്പറിലോ WSSS ന്റെ ഓഫീസുമായോ ബന്ധപ്പെടുക.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

പയ്യംമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, കണിയാമ്പറ്റ, ആലാറ്റിൽ, മുതിരേരി, തവിഞ്ഞാൽ, കല്ലോടി, മംഗലശ്ശേരി മുതലായ സ്ഥലങ്ങളിൽ യൂണിറ്റ് മീറ്റിംഗുകൾ നടത്തപ്പെട്ടു. പ്രതിമാസം ഓരോ ആനിമേറ്റേഴ്സും പുതിയ 5 ഗ്രൂപ്പുകൾ വീതം തുടങ്ങുകയും അവർക്കു വേണ്ട സഹായങ്ങൾ ചെയ്ത് പോരുകയും ചെയ്യുന്നു.

**സോപ്പ് ആൻഡ് ഡിറ്റർജന്റ് പരിശീലനം**

കമ്പളക്കാട്, കാട്ടിക്കുളം, പെരുവക, കണിയാരം, പിലാക്കാവ്, പുൽപ്പള്ളി, എള്ളുമന്ദം മുതലായ സ്ഥലങ്ങളിൽ സോപ്പ് ആൻഡ് ഡിറ്റർജന്റ് നിർമ്മാണ പരിശീലനം നടന്നു.

**ഗ്രൂപ്പ് രൂപീകരണം**

മുതിരേരി യൂണിറ്റിൽ പുതുതായി ഒരു ഗ്രൂപ്പ് രൂപീകരിച്ചു.

**ഇശക്തി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ SHG ഗ്രൂപ്പ് അംഗങ്ങൾ നിലവിൽ നബാർഡിന്റെ കീഴിൽ 'ഇ ശക്തി' എന്ന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 600 സംഘങ്ങളാണ് ഇങ്ങനെ ഡിജിറ്റലൈസേഷൻ ചെയ്ത് പ്രവർത്തിച്ച് വരുന്നത്. ഏപ്രിൽ മാസത്തിൽ 600 സംഘങ്ങളുടെയും വിവരശേഖരണം പൂർത്തിയാക്കാൻ സാധിച്ചു. പുതുതായി 90 ഗ്രൂപ്പുകൾ കൂടി ഡിജിറ്റലൈസേഷൻ നടത്താനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ജീവസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ സാമ്പത്തിക വർഷം 1000 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകിവരുന്നു. ഏപ്രിൽ മാസത്തിൽ 3,63,130 രൂപ ഇൻഷൂറൻസ് ആനുകൂല്യമായി ലഭിച്ചു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**കോവിഡ് ധനസഹായം**

കോവിഡിന്റെ ധനസഹായമായ 1000 രൂപ ഈ വർഷവും ക്ഷേമനിധി ബോർഡിൽ നിന്നും ഉടനടി നൽകുമെന്നാണ് അറിയാൻ സാധിച്ചത്. കഴിഞ്ഞ വർഷം ധനസഹായം ലഭിച്ചവരുടെ അക്കൗണ്ടിലേക്ക് തുക അയയ്ക്കുന്നതിനുള്ള നടപടികൾ ക്ഷേമനിധി ജില്ലാ ഓഫീസിൽ നിന്നും ആരംഭിച്ചു. കഴിഞ്ഞ വർഷം ധനസഹായം ലഭിക്കാത്തവർക്കും പുതിയയായി രജിസ്ട്രേഷൻ എടുത്തവർക്കും ധനസഹായം ലഭിക്കും. ഇതിനായി ബാങ്ക് അക്കൗണ്ട് കോപ്പി (അക്കൗണ്ട് നമ്പർ, IFSC കോഡ്, ബ്രാഞ്ച് എന്നിവ വ്യക്തമാക്കണം). ആധാർകോപ്പി, ഫോൺനമ്പർ എന്നിവ ക്ഷേമനിധി ബോർഡിൽ ഹാജരാക്കണം. ഇവയോടൊപ്പം അപേക്ഷയുടെ ഒരു ഫോർമാറ്റും ആവശ്യമാണ്.

ക്ഷേമനിധിയിൽ ചേർന്ന എല്ലാവരും ജൂൺ ആദ്യവാരം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി ബന്ധപ്പെടുക.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

# സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ

**കോവിഡ് മഹാമാരി കാലത്ത് ഒരു കരുതൽ**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ആശുപത്രിയിൽ ജൂബിലി വർഷത്തോടനുബന്ധിച്ച് സർക്കാരിന്റെ ആരോഗ്യ ഇൻഷുറൻസ് ഉള്ളവർക്ക് സൗജന്യ ചികിത്സാ സൗകര്യമൊരുക്കിയിരിക്കുന്നു. കോവിഡ് മഹാമാരിയാൽ ഉണ്ടായ തൊഴിൽ നഷ്ടം മൂലവും സാമ്പത്തിക ബുദ്ധിമുട്ട് മൂലവും കഷ്ടപ്പെടുന്ന ധാരാളമാളുകൾ ചികിത്സിക്കാൻ പണമില്ലാത്തതിന്റെയും സൗകര്യമില്ലാത്തതിന്റെയും പേരിൽ അസുഖബാധിതരായിരുന്നിട്ടു കൂടി ഡോക്ടറെ കാണാതെ വീട്ടിലിരിക്കുന്നു എന്നത് ദുഃഖകരമായ വസ്തുത തന്നെയാണ്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ ആണ് സർക്കാരിന്റെ ആരോഗ്യ സുരക്ഷാ ഇൻഷുറൻസുമായി ചേർന്നുകൊണ്ട് ആശുപത്രിയിൽ സൗജന്യ ചികിത്സ ഒരുക്കിയിരിക്കുന്നത്. ഈ കാലഘട്ടത്തിൽ ആതുര സേവനരംഗം നാനാവിധ പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോഴും അതിന്റെ സാമൂഹിക പ്രതിബദ്ധത ഒന്നു മാത്രമാണ് ഇത്തരമൊരു സൗകര്യം ഒരുക്കുന്നതിന് നിദാനം.

കോവിഡ് ചികിത്സാ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. ഒരു വെന്റിലേറ്ററും 3 ICU ബെഡ്ഡുകളും ഉൾപ്പെടെ 29 ബെഡ്ഡുകളാണ് കോവിഡ് രോഗികളുടെ ചികിത്സയ്ക്ക് മാത്രമായി നിലവിൽ മാറ്റി വെച്ചിരിക്കുന്നത്. സർക്കാർ നിശ്ചയിച്ച തുകയിലും കുറവിലാണ് ഇവിടെ ചികിത്സ ലഭ്യമാക്കിയിരിക്കുന്നത്. കോവിഡ് OP രാവിലെ 10 മണി മുതൽ വൈകിട്ട് 3 മണി വരെ ക്രമീകരിച്ചിരിക്കുന്നു.

*അന്വേഷണങ്ങൾക്കും ബുക്കിംഗിനുമായി ബന്ധപ്പെടേണ്ട നമ്പർ 8330030031, 04935 240031, 240269*

**കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാം**

സെന്റ് ജോസഫ് മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ വയനാട് ഡിസ്ട്രികിട് ഹെൽത്ത് അഡ്മിനിസ്ട്രേഷന്റെ സഹായത്തോടെ നടത്തുന്ന കോവിഡ് 19 നു എതിരെയുള്ള റാപിഡ് കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാമിന്റെ വയനാട് ജില്ലാ തല ഉദ്ഘാടനം

7-4-2021 ന് മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം തവിഞ്ഞാൽ സെന്റ് തോമസ് യു, പി. സ്കൂളിൽ വച്ച് നിർവ്വഹിച്ചു. തവിഞ്ഞാൽ കത്തോലിക്കാ കോൺഗ്രസ്സ്, എസ്. ഡബ്ല്യു. എസ്., കെ.സി.വൈ.എം. എന്നീ സംഘടനകളുടെ സഹായത്തോടെ നടത്തിയ മെഗാ ക്യാമ്പിൽ ആശുപത്രി ഡയറക്ടർ ഫാ. മനോജ് കവലക്കാടൻ, അസ്സി. ഡയറക്ടർ ഫാ. ജോമേഷ് തേക്കിലക്കാട്ടിൽ, വികാരി ഫാ. ആന്റോ മമ്പള്ളി , പഞ്ചായത്ത് പ്രസിഡണ്ട് എ.സി. ജോയി, പഞ്ചായത്ത് മെമ്പർ പി.കെ.ഗോപി, വാക്സിനേഷൻ പ്രോഗ്രാം കോർഡിനേറ്റർ ജോൺസൺ ജോസ് എന്നിവർ പ്രസംഗിച്ചു. 333 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**കല്ലോടി**

കല്ലോടി ഫൊറോനയുടെ നേതൃത്വത്തിൽ കല്ലോടി യു.പി. സ്കൂളിൽ വച്ച് സൗജന്യ കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് 8-4-2021 ന് നടത്തി. 275 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**കണിയാരം**

കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാം സെന്റ് ജോസഫ്സ് കത്തീഡ്രലിന്റെ നേതൃത്വത്തിൽ 9-4-2021 ന് മാനന്തവാടി സെന്റ് ജോസഫ്സ് ടി.ടി.ഐ.യിൽ വച്ച് നടത്തി. 249 പേർ വാഗ്സിനേഷൻ സ്വീകരിച്ചു.

**ദ്വാരക**

ദ്വാരക കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ 10-04-2021 ന് ദ്വാരക എ.യു.പി.സ്കൂളിൽ വച്ച് സൗജന്യ കോവിഡ് പ്രതിരോധ കുത്തിവയ്പ് നടത്തി. 192 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**മൊതക്കര**

മൊതക്കര തിരുമുഖ ദേവാലയ ഓഡിറ്റോറിയത്തിൽ വച്ച് 11-04-2021 ന് സൗജന്യ കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് നടത്തി. 176 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**പോരൂർ**

കെ.സി.വൈ.എം. മാനന്തവാടി മേഖലയുടെ നേതൃത്വത്തിൽ പോരൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വച്ച് 15-04-2021 ന് കരിമാനി, പോരൂർ, വാളാട്, വലിയകൊല്ലി, പ്രശാന്തഗിരി, മുതിരേരി,

യവനാർകുളം പരിധിയിൽപ്പെട്ട എല്ലാവർക്കുമായി സൗജന്യ കോവിഡ് പ്രതിരോധ കുത്തിവയ്പ് രാവിലെ 9 മണിക്ക് പോരൂർ പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. 358 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**വാളേരി**

കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാം 16-04-2021 ന് വാളേരി പാരീഷ് ഹാളിൽ വച്ച് നടന്നു. 239 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**മാനന്തവാടി ടൗൺ ചർച്ച്**

കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാം 17-04-2021 ന് മാനന്തവാടി സെന്റ് പീറ്റർ & പോൾ പാരീഷ് ഹാളിൽ വച്ച് നടന്നു. 282 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**കുഞ്ഞോം**

കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാം കുഞ്ഞോം സെന്റ് ആന്റണിസ് പാരീഷ് ഹാളിൽ വെച്ചു 18-04-2021 ന് നടന്നു. 239 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**നടവയൽ**

നടവയൽ സെന്റ് തോമസ് പാരീഷ് ഹാളിൽ വെച്ചു 19-04-2021 ന് കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാംനടത്തി. 294 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**ചെറുകാട്ടൂർ**

കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാം ചെറുകാട്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വെച്ചു 20-04-2021 ന് നടത്തി. 378 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**തൃശ്ശിലേരി**

കമ്മ്യൂണിറ്റി വാക്സിനേഷൻ പ്രോഗ്രാം തൃശ്ശിലേരി സെന്റ് ജോർജ്ജ് പാരീഷ് ഹാളിൽ വെച്ച് 21-04-2021 ന് നടത്തി. 458 പേർ വാക്സിനേഷൻ സ്വീകരിച്ചു.

**കിഡ്നി സ്റ്റോൺ / പ്രോസ്റ്റേറ്റ് പരിശോധന ക്യാമ്പ് നടത്തി**

യൂറോളജി വിഭാഗത്തിൽ ഡോ. മുഹമ്മദ് സലീമിന്റെ നേതൃത്വത്തിൽ യൂറോളജി കൺസൾട്ടേഷൻ, കിഡ്നി ഫങ്ഷൻ ടെസ്റ്റ്, യൂറിന റൊട്ടീൻ എന്നിവ 50% ഡിസ്കൗണ്ടോടു കൂടെ ലഭ്യമാക്കി.

**ലോക ലബോറട്ടറി ദിനം ആചരിച്ചു.**

ലോക ലബോറട്ടറി ദിനത്തോടനുബന്ധിച്ചു സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ക്ലിനിക്കൽ ലബോറട്ടറി വിഭാഗത്തിൽ പ്രത്യേക ഇക്കോണമി ടെസ്റ്റ് പാക്കേജ് ക്രമീകരിച്ചു. സൗജന്യ ഷുഗർ പരിശോധനയും, ഡയബറ്റിക് ഹെൽത്ത് പാക്കേജ്, ജനറൽ ലാബ് ഇൻവെസ്റ്റിഗേഷൻ പാക്കേജ് എന്നിവയും ലഭ്യമായിരുന്നു.

**ലോക നഴ്സസ് ദിനം ആചരിച്ചു**

ഭൂമിയിലെ മാലാഖമാരെന്നു വിശേഷിപ്പിക്കുന്ന നേഴ്സസിനെ ലോക നേഴ്സസ് ദിനത്തിൽ നന്ദിയോടെ അനുസ്മരിച്ചു.

വേൾഡ് നഴ്സസ് ഡേ യുടെ ഭാഗമായി ഫെഡാർ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ എ വോയിസ് ടു ലീഡ് എ വിഷൻ ഫോർ ഫ്യൂച്ചർ ഹെൽത്ത് കെയർ എന്ന വിഷയത്തെക്കുറിച്ചുള്ള വെബിനാറിൽ ഹോസ്പിറ്റലിനെ പ്രതിനിധീകരിച്ച് ശ്രീ. ജോസഫ് എം.സ്., കുമാരി അനുഷ പൈലി (സ്റ്റാഫ് നഴ്സസ്) തങ്ങളുടെ പ്രവർത്തന മേഖലകളെക്കുറിച്ചും ഇപ്പോൾ കടന്നു പോകുന്ന പ്രതിസന്ധികളെ കുറിച്ചും സംസാരിച്ചു.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

## ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

ജൈവ കാർഷിക രംഗത്ത് പുത്തൻ പ്രതീക്ഷകൾ നൽകി മുന്നേറുന്ന ബയോവിൻ അഗ്രോ റിസർച്ചിന്റെ പ്രവർത്തനങ്ങളിൽ ലോക്ക് ഡൗൺ പശ്ചാത്തലത്തിൽ കർഷകർക്കരികിൽ നേരിട്ടെത്തുന്നതിന് ബുദ്ധിമുട്ടുകൾ നേരിട്ടുവെങ്കിലും ആവശ്യമായ നിർദ്ദേശങ്ങൾ ഫോൺ മുഖേന നൽകുവാൻ ഫീൽഡ് കോർഡിനേറ്റർമാർ സജ്ജരായിരുന്നു.

ജൈവ സാക്ഷ്യപത്രം പുതുക്കുന്നതിനാവശ്യമായ രേഖകളുടെ ക്രമീകരണവും, വാട്ട്സാപ്പ് ഗ്രൂപ്പുകളുടെ രൂപീകരണവുമാണ് പ്രധാനമായും ഏപ്രിൽ മാസം നടന്നിരുന്നത്.

കർഷകരിൽ നിന്നും ഉത്പ്പന്നം കൃത്യമായി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും ഓർഗാനിക് കാപ്പി 1686856 കിലോ 80 രൂപ നിരക്കിലും, ഫെയർട്രേഡ് കാപ്പി 372609 കിലോ 69 രൂപ നിരക്കിലും, ഞാലിപ്പൂവൻ വാഴക്കുല കിലോയ്ക്ക് 35 രൂപ നിരക്കിൽ 10164 കിലോയും, കുരുമുളക് 2241 കിലോ, പച്ച ഇഞ്ചി 33.33 രൂപ നിരക്കിൽ 61318 കിലോയും, പച്ചമാങ്ങ 445 കിലോ 20 രൂപ നിരക്കിലും സംഭരിച്ചു.

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി ഏപ്രിൽ മാസം കാപ്പി, കുരുമുളക്, പച്ചമാങ്ങ, ഇഞ്ചി തുടങ്ങിയവയുടെ സംസ്കരണം നടക്കുകയും മുല്യവർദ്ധിത ഉത്പ്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തുവരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

**തുടരാം ജാഗ്രത –കോവിഡ് പ്രതിരോധ പരിപാടികൾ**

കോവിഡിന്റെ രണ്ടാം തരംഗം വ്യാപിക്കുന്ന സാഹചര്യത്തിൽ റേഡിയോയിലൂടെ ബോധവത്കരണ പരിപാടികളും തത്സമയ ഫോൺ ഇൻ പരിപാടികളും സംഘടിപ്പിച്ചു.

ഏപ്രിൽ 17 ന് ഉച്ചകഴിഞ്ഞ് 3 മണിമുതൽ 4 മണി വരെ നടത്തിയ തത്സമയ ഫോൺ ഇൻ പരിപാടിയിൽ ജില്ലാ കോവിഡ് നോഡൽ ഓഫീസർ ഡോ. പി ചന്ദ്രശേഖരൻ, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. സൗമ്യ എന്നിവർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി. ഏപ്രിൽ 20 ന് മഴക്കാല പൂർവ്വരോഗങ്ങളായ ഷിഗല്ല, ടൈഫോയ്ഡ്, വയറിളക്കം എന്നീ രോഗങ്ങളെക്കുറിച്ചും ശ്രദ്ധിക്കേണ്ട കാര്യങ്ങളേക്കുറിച്ചും ജില്ലാ സർവയലൻസ് ഓഫീസർ ഡോ. സാവൻ സാറാ മാത്യു, 21 ന് കോവിഡ് പരിശോധനയുടെ ആവശ്യകത എന്ന വിഷയത്തിൽ ഡോ. അമ്പു, 22 –ാം തിയ്യതി കോവിഡ് കാലത്തെ അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും മാനസിക ആരോഗ്യ സംരക്ഷണം എന്ന വിഷയത്തിൽ ഡോ. ആൻസി മേരി ജേക്കബ്, 26 ന് കോവിഡ് ഫീൽഡ്തല പ്രവർത്തനങ്ങൾ, റാപ്പിഡ് റെസ്പോൺസ് ടീം എന്ന വിഷയ ത്തിൽ ഡോ. നീതു ചന്ദ്രൻ 28 –ാം തിയ്യതി ബ്രേക്ക് ദ ചെയിൻ –ആവശ്യകത എന്ന വിഷയത്തിൽ ഡോ. രാജേഷ് കുമാർ എം.പി, 29 ന് കോവിഡ് മരണങ്ങൾ എങ്ങനെ സംഭവിക്കുന്നു എന്ന വിഷയത്തിൽ ഡോ. അജിത് പാലിയേക്കര, കോവിഡും ട്രൈബൽ ഹെൽത്തും എന്ന വിഷയത്തിൽ ഡോ. നീത വിജയൻ, മെയ് 1 ന് കൊറോണയുടെ സഞ്ചാര വഴികൾ എന്ന വിഷയത്തിൽ ഡോ. സുകുമാരൻ, മെയ് 6 ന് കോവിഡ് 2–ാം തരംഗത്തിൽ എങ്ങനെ പ്രതിരോധിക്കാം എന്ന വിഷയത്തിൽ ഡോ. ജി. ആർ. സന്തോഷ്കുമാർ എന്നിവർ തത്സമയ ഫോൺ ഇൻ പരിപാടികളിൽ പങ്കെടുത്ത് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ജനവിധി 2021**

2021 ലെ നിയമസഭാതിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തോടനുബ

ഡിച്ച് തത്സമയ ഫലവിവരണവും ചർച്ചയും സംഘടിപ്പിച്ചു. ശ്രീ ജോസ് പള്ളത്ത്, ശ്രീ ഷാജൻ ജോസ്, പ്രജിഷ രാജേഷ് എന്നിവർ ചർച്ചയ്ക്ക് നേതൃത്വം നൽകി. പ്രോഗ്രാം പ്രൊഡ്യൂസർമാരായ ജോസഫ് പള്ളത്ത്, ഭാഗ്യലക്ഷ്മി, അജിൽ സാബു, റെനീഷ് ജോർജ്ജ് എന്നിവർ ഫീൽഡിൽ നിന്നും തത്സമയ വിവരങ്ങൾ പങ്കുവെച്ചു.

**കോവിഡ് 19: നിങ്ങൾ അറിയേണ്ട കാര്യങ്ങൾ – യുട്യൂബ് ചോദ്യോത്തര പരിപാടി**

മാനന്തവാടി രൂപതയുടെ മീഡിയാ & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ്, റേഡിയോ മാറ്റൊലി, സെന്റ് ജോസഫ്സ് മിഷൻ ആശുപത്രി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മെയ് 13ന് രാത്രി 8.45 മുതൽ 10.15 വരെ കോവിഡ് 19: നിങ്ങൾ അറിയേണ്ട കാര്യങ്ങൾ എന്ന തത്സമയ യുട്യൂബ് ചോദ്യോത്തര പരിപാടി സംഘടിപ്പിച്ചു. ജില്ലാ കളക്ടർ ഡോ. അദീല അബ്ദുള്ള പരിപാടി ഉദ്ഘാടനം ചെയ്തു. മാർ ജോസ് പൊരുന്നേടം മോഡറേറ്ററായ പരിപാടിയിൽ കോവിഡ് 19 മുന്നണി പോരാളികളായ ഡോ. ജി. ആർ. സന്തോഷ് കുമാർ, ഡോ. ബി. അഭിലാഷ് എന്നിവർ ചോദ്യങ്ങൾക്ക് മറുപടി നൽകി.

**ഇന്റേൺഷിപ്പ്**

അരീക്കോട് സുല്ലമുസ്സലാം സയൻസ് കോളേജിലെ ബാച്ച്ലർ ഓഫ് ബ്രോഡ്കാസ്റ്റിംഗ് ആൻഡ് ജേർണലിസം വിദ്യാർത്ഥികളായ റജ്ന പി.പി, ജലിയ പി, കോട്ടയം ബി. സി.എം. കോളേജ് വിദ്യാർത്ഥികളായ അപർണ ബിജു, ശ്രീദേവി മനോജ് എന്നിവർ ഇന്റേൺഷിപ്പ്നായി ചേർന്നു. ബയോവിൻ അഗ്രോപ്രൊസസിംഗ് സെന്ററിൽ ട്രെയിനിംഗ് നടത്തുന്ന 5 ബി. എസ്.സി. അഗ്രികൾച്ചർ സ്റ്റുഡന്റ്സ് മാറ്റൊലിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് എത്തിച്ചേർന്നു.

**റേഡിയോ രക്ഷിക്കുന്ന ജീവനുകൾ**

റേഡിയോ രക്ഷിക്കുന്ന ജീവനുകൾ : സാക്ഷ്യമായി റേഡിയോ മാറ്റൊലി എന്ന പേരിൽ യൂണിസെഫ് ലേഖനം പുറത്തിറക്കി. റേഡിയോ മാറ്റൊലി കോവിഡ് കാലത്ത് പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് ആദിവാസിസമൂഹത്തിന് നൽകുന്ന സേവനങ്ങളേക്കുറിച്ച് ജില്ലാ കളക്ടർ ഡോ. അദീല അബ്ദുള്ള പ്രസ്തുത ലേഖനത്തിൽ വിവരിക്കുന്നുണ്ട്.

**പ്രകാശം പരത്തുന്നവർ**

അധ്യാപനജീവിതത്തിൽ നിന്നും വിരമിച്ചവരുടെ വിശേഷങ്ങളും പ്രവർത്തനങ്ങളും പങ്കുവെക്കുന്ന പരിപാടിയായ പ്രകാശം പരത്തുന്നവർ എന്ന പ്രോഗ്രാം പ്രക്ഷേപണം ആരംഭിച്ചു.

**അങ്കണം**

അംഗൻവാടി വർക്കർമാരുടേയും ആശാപ്രവർത്തകരുടേയും അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന പരിപാടിയായ അങ്കണം ഏപ്രിൽ 24ന് പ്രക്ഷേപണം ആരംഭിച്ചു.

**വീട്ടിലിരിക്കാം പാട്ടു കേൾക്കാം**

വീട്ടിലിരിക്കാം പാട്ടുകേൾക്കാം എന്ന പേരിൽ വിവിധ ഗായകരുടെ പാട്ടുകൾ പ്രക്ഷേപണം ആരംഭിച്ചു.

**പങ്കാളിത്തം**

UNICEF, NHM Kerala എന്നിവയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ കമ്മ്യൂണിറ്റി റേഡിയോകൾക്ക് വേണ്ടി സംഘടിപ്പിച്ച വെബിനാറിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി, ജലിയ പി., റജ്ന പി. പി. എന്നിവർ പങ്കെടുത്തു.

**നഴ്സസ് ഡേ**

അന്തർദേശീയ നഴ്സസ് ദിനത്തോടനുബന്ധിച്ച് നല്ലൂർനാട് അംബേദ്കർ ഹോസ്പിറ്റലിലെ നഴ്സുമാരെ റേഡിയോ മാറ്റൊലി ആദരിച്ചു.

**സ്നേഹസ്പർശം**

നഴ്സസ് ദിനത്തോടനുബന്ധിച്ച് സ്നേഹസ്പർശം എന്ന പേരിൽ പ്രത്യേക നാടകം പ്രക്ഷേപണം ചെയ്തു.

**റംസാൻ മാറ്റൊലി**

റംസാൻ മാസാചരണത്തോടനുബന്ധിച്ച് ഒരു മാസം റംസാൻ മാറ്റൊലി എന്ന പേരിൽ സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്തു.

**ടവർ പെയിന്റിംഗ്**

റേഡിയോ മാറ്റൊലിയുടെ ടവറിന്റെ പെയിന്റിംഗ് പണി പൂർത്തീകരിച്ചു.

**കോവിഡ് വാക്സിനേഷൻ**

മാറ്റൊലി ടീം അംഗങ്ങൾ കോവിഡ് വാക്സിനായ കോവിഡ് ഷീൽഡിന്റെ രണ്ടാമത് ഡോസ് മെയ് 12 ന് സ്വീകരിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ

# നീലഗിരി ഡെവലപ്‌മെന്റ് സൊസൈറ്റി

**നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 2021 മാർച്ച് – ഏപ്രിൽ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട്**

കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗം നമ്മുടെ അനുദിന ജീവിത സാഹചര്യങ്ങൾക്ക് ഭീഷണി ഉയർത്തുന്ന ഈ സമയത്തു ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി ശ്രമിക്കുന്നു.

**CEI പ്രോജക്ട് : കറവപശുലോൺ തിരിച്ചടവ്**

CEI പ്രോജക്ടിലൂടെ വിതരണം ചെയ്ത 89 ലോണുകളുടെ എട്ടാംഘട്ട തിരിച്ചടവ് മുതലായി 157000.00 (ഒരുലക്ഷത്തി അമ്പത്തിയേഴായിരം രൂപ) സമാഹരിച്ചു.

**കോവിഡ് ബോധവത്ക്കരണ പ്രോഗ്രാമുകൾ**

മേഖലയിലെ എല്ലാ യൂണിറ്റുകളുടെ കീഴിലുമുള്ള ഗ്രൂപ്പുകളിൽ കോവിഡ് ബോധവത്ക്കരണ പരിപാടികൾ അതാത് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**യൂണിറ്റുകളുടെ ഓഡിറ്റിംഗ്**

NDS Dharmagiri യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ ഓഡിറ്റിംഗ് മേഖലാ കോഡിനേറ്ററിന്റെ നേതൃത്വത്തിൽ നടത്തുകയും ആവശ്യമായ തിരുത്തലുകളും, നിർദ്ദേശങ്ങളും നല്കുകയും ചെയ്തു.

**Clean Today, Save tomorrow**

Vimalagiri യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ വിമലഗിരി പുത്തൂർവയൽ റോഡിനിരുവശവും വൃത്തിയാക്കുകയും, അനധികൃതമായി ആ ഭാഗങ്ങളിൽ മാലിന്യം ഇടുന്നവർക്കെതിരേ, നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിവേദനം

നൽകുകയും ചെയ്തു. ശുചീകരണ യജ്ഞം വിമലഗിരി യൂണിറ്റ് ഡയറക്ടർ ഫാ. സ്റ്റീഫൻ കോട്ടക്കൽ ഉത്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോർജ്ജ് കൂറ്റപാലായിൽ, സെക്രട്ടറി ശ്രീ. വിൽസൺ വല്ലൂരാൻ എന്നിവർ നേതൃത്വം നൽകി.

**ഞങ്ങളുണ്ട് കൂടെ**

കൈയ്യൂന്നി യൂണിറ്റിലെ വിവിധ ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ അതാത് പ്രദേശങ്ങളിൽ കോവിഡ് ബാധിതരായി കഴിയുന്നവരുടെ വീടുകളിൽ അരിയും മറ്റ് ഭക്ഷണ വസ്തുക്കളും എത്തിച്ചു കൊടുത്തു.

**പുതിയ ട്രെയിനിംഗ് സെന്ററിന്റെയും ചാപ്പലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ**

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഭാവി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിർമ്മിക്കുന്ന ട്രെയിനിങ് സെന്ററിന്റെയും ചാപ്പലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിൽ എത്തി നിൽക്കുന്നു. ഏകദേശം മൂന്നുറോളം ആളുകളെ പങ്കെടുപ്പിച്ചു പരിപാടികൾ ക്രമീകരിക്കാനുള്ള സൗകര്യം ട്രെയിനിങ് ഹാളിനുണ്ട്. ജൂൺ മാസത്തോടു കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**നന്ദിയും സ്വാഗതവും**

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രൊജക്റ്റ് കോർഡിനേറ്റർ ഓഫീസ് സെക്രട്ടറി, റീജണൽ സെന്റർ സെക്രട്ടറി എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ച് പുതിയ പ്രവർത്തന മേഖലയിലേക്ക് പോകുന്ന ശ്രീ. ജോഷിക്ക് ഹൃദയം നിറഞ്ഞ നന്ദിയും പുതിയതായി സ്ഥാനമേറ്റെടുത്ത ശ്രീ. ലിന്റോ ജോണിന് സ്നേഹപൂർവ്വം സ്വാഗതവും നേരുന്നു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**ഫെഡാർ ഫൗണ്ടേഷൻ**

മാനന്തവാടി രൂപതയുടെ നവീന വിദ്യാഭ്യാസ സംരംഭമായ ഫെഡാർ (Futuristic Education and Research Foundation/FEDAR Foundation ) ഫൗണ്ടേഷന്റെ ഓഫീസ് വെഞ്ചരിപ്പ് കർമ്മവും ഉദ്ഘാടനവും അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് 29 മാർച്ച് 2021 ന് നിർവ്വഹിച്ചു. സെന്റ് ജോസഫ്സ് ആശുപത്രി റോഡിൽ രൂപതയുടെ ഉടമസ്ഥതയിലുള്ള ഒലിവ് ആർക്കേഡിലാണ് ഓഫീസ് സ്ഥിതി ചെയ്യുന്നത്. ഓഫീസ് ഉദ്ഘാടനത്തോടൊപ്പം ഫെഡാറിന്റെ വെബ്സൈറ്റ് ലോഞ്ചിംഗും (www.fedarfoundation.com) അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. വൈദഗ്ദ്യവിശകലനങ്ങളും ഇന്റർവ്യൂവും നടത്തി. തിരഞ്ഞെടുത്ത 4 സ്റ്റാഫുമായി (Knowledge Officers - 2; Programme Officers -2) ഏപ്രിൽ ഏഴാം തിയതി ഓഫീസ് പ്രവർത്തനമാരംഭിച്ചു. ഫെഡാറിന്റെ നടത്തിപ്പിനുവേണ്ടി നിയമിക്കപ്പെട്ടിരിക്കുന്നവർ താഴെപ്പറയുന്നവരാണ്.

Chief Operating Officer - Rev. Fr. Jose Kocharackal
Chief Technology Officer - Mr. Sijo Jose Kuzhivelil
Chief Strategical Adviser - Mr. Thomas Joseph Elenjickal
Chief Executive Officer - Rev. Fr. Noble Thomas Parackal

ഏപ്രിൽ 24ന് സൊസൈറ്റി രജിസ്ട്രേഷന് ആക്ട് അനുസരിച്ചുള്ള ചാരിറ്റബിൾ സൊസൈറ്റിയായി ഫെഡാർ ഫൗണ്ടേഷന്റെ രജിസ്ട്രേഷൻ പൂർത്തിയാക്കി. ഓൺലൈൻ സേവനങ്ങളിലൂടെയാണ് ഫെഡാർ ഫൗണ്ടേഷൻ പ്രവർത്തിക്കുന്നത് എന്നതിനാൽത്തന്നെ ലഭ്യമായ എല്ലാ പ്രധാന സാമൂഹ്യമാധ്യമ ഇടങ്ങളിലും ഫെഡാർ ഫൗണ്ടേഷൻ സാന്നിദ്ധ്യമുറപ്പിച്ചു. യൂട്യൂബ്, ട്വിറ്റർ, ഇൻസ്റ്റഗ്രാം, ഫെയ്സ്ബുക്ക് പേജ്, ലിങ്ക്ഡ് ഇൻ, ടെലഗ്രാം ചാനൽ, വേരിഫൈഡ് ഗൂഗിൾ അക്കൗണ്ട്, വെബ്സൈറ്റ് എന്നിവയാണ് ഫെഡാർ ഫൗണ്ടേഷനെക്കുറിച്ചുള്ള വിവരങ്ങളും ഫൗണ്ടേഷന്റെ സേവനങ്ങളും ലഭ്യമാകുന്ന പ്ലാറ്റ്ഫോമുകൾ. ഉന്നതവിദ്യാഭ്യാസം, തൊഴിലവസരങ്ങൾ എന്നിവയെക്കുറിച്ചുള്ള അനു

ദിന വിവരങ്ങൾ ടെലഗ്രാം ചാനലിലും ഫെയ്സ് ബുക്ക് പേജിലും ലഭ്യമാണ്.

ഇന്റർനാഷണൽ നഴ്സസ് ഡേ പ്രമാണിച്ച് മെയ് 12 ന് ഫെഡാർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ Nures: A Voice to Lead; A Vision for Future Healthcare എന്ന വിഷയത്തിൽ ഇന്റർ നാഷണൽ വെബിനാർ സംഘടിപ്പിച്ചു.

ഫെഡാർ ഫൗണ്ടേഷന്റെ പ്രസിഡണ്ടും മാനന്തവാടി രൂപതാദ്ധ്യക്ഷനുമായി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നഴ്സുമാരെയും ആരോഗ്യ പ്രവർത്തകരേയും അനുസ്മരിച്ചും അഭിനന്ദിച്ചും ആമുഖപ്രഭാഷണം നടത്തി. ശ്രീമതി നീതു തോമസ് (മംഗലാപുരം), ശ്രീമതി ജൂലിയ വിംക്ലർ നന്നാട്ട് (ഇസ്റ്റോണിയ) എന്നിവർ സെക്ഷനുകൾ കൈകാര്യം ചെയ്തു. ശ്രീ. ജോസഫ് എം.എസ്,. കുമാരി അനുഷ പൈലി എന്നിവർ അനുഭവങ്ങൾ പങ്കുവച്ച് സംസാരിച്ചു.

മെയ് 20ന് ഓൺലൈനായി ഫെഡാർ ഫൗണ്ടേഷന്റെ ജനറൽ ബോഡി യോഗം ചേരുകയും പ്രവർത്തനങ്ങളും പുരോഗതിയും വിലയിരുത്തുകയും ചെയ്തു. ബിഷപ്പ് മാർ ജോസ് പൊരുന്നേടം അദ്ധ്യക്ഷനായിരുന്നു.

**ഫാ. നോബിൾ തോമസ് പാറയ്ക്കൽ**

സി.ഇ.ഒ., ഫെഡാർ ഫൗണ്ടേഷൻ

കോവിഡ് 19 പശ്ചാത്തലത്തിൽ ഈ വർഷവും ജൂണിൽ തന്നെ വിദ്യാലയങ്ങൾ തുറക്കുന്ന കാര്യം അനിശ്ചിതാവസ്ഥയിലാണ്. ഓൺലൈൻ ക്ലാസുകളിലൂടെ അധ്യയനം ജൂൺ ഒന്ന് മുതൽ ആരംഭിച്ച് കോവിഡ് സാഹചര്യം വിലയിരുത്തി വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സാധിക്കുന്നതുവരെ ഓൺലൈൻ ക്ലാസുകൾ തുടരാനാണ് സർക്കാർ തലത്തിൽ ആലോചന നടക്കുന്നത്. നമ്മുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും ഇതിന്റെ ഭാഗമായി കോർപ്പറേറ്റ് തലത്തിൽ അദ്ധ്യാപകരുടെ സഹായത്തോടെ ക്ലാസ്സടിസ്ഥാനത്തിൽ ഓൺലൈൻ ക്ലാസുകൾ എടുത്ത് യൂട്യൂബിൽ അപ്‌ലോഡ് ചെയ്യുകയാണ്. കോർപ്പറേറ്റ് തലത്തിൽ പ്രധാനാധ്യാപകരുടേയും അദ്ധ്യാപകരുടേയും നേതൃത്വത്തിൽ തയ്യാറെടുപ്പ് നടത്തിക്കഴിഞ്ഞു. ജൂൺ ഒന്നിന് ഗ്രാൻഡ് ലോഞ്ചിങ് നടത്തുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് തുടർക്ലാസുകൾ നടത്തുവാനും ആവശ്യമായ വിദ്യാലയങ്ങൾക്ക് യൂട്യൂബിൽ നിന്നും ഇവ പിന്നീട് തിരഞ്ഞെടുത്ത് ക്ലാസുകൾക്കായി ഉപകാരപ്പെടുത്തുവാനും സാധിക്കും.

## CEADOM Smiles

വിദ്യാലയങ്ങൾ തുറക്കാത്തതിനാൽ വീട്ടിലിരുന്നു മടുത്ത വിദ്യാർത്ഥികളെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഓൺലൈൻ പ്ലാറ്റ്ഫോം പ്രവർത്തനങ്ങളോട് ചേർത്ത് നിർത്താൻ ആരംഭിച്ച 'C Smiles' പദ്ധതിയിൽ ഓൺലൈനിലൂടെ ക്ലാസ്സടിസ്ഥാനത്തിൽ കുട്ടികളെ പങ്കെടുപ്പിച്ച് നടത്തുന്ന മത്സരമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ ഇനത്തിനും സ്ക്കൂൾ തലത്തിൽ മത്സരം നടത്തി വിജയികളാകുന്ന ഒരാളെ കോർപ്പറേറ്റ് തലത്തിലുള്ള മത്സരത്തിൽ പങ്കെടുപ്പിച്ച് മത്സരം നടത്തി വിജയികളെ കണ്ടെത്തുകയാണ് ലക്ഷ്യമിടുന്നത്. സ്ക്കൂളുകൾ തമ്മിൽ സൗഹാർദ്ദപരമായ മത്സരത്തിന് അവസരമൊരുക്കുന്ന വിർച്ച്വൽ സ്റ്റേജാണ് 'C Smiles'. കോവിഡ് പശ്ചാത്തലത്തിൽ വിദ്യാലയങ്ങൾ തുറക്കാതെ ക്ലാസുകൾ ഓൺലൈനിലൂടെ നടക്കുന്നതിനാൽ വിദ്യാലഭ്യാസ വർഷാരംഭത്തിന് പൊലിമ കുറവാണ്. എങ്കിലും

കോർപ്പറേറ്റ് വിദ്യഭ്യാസ ഏജൻസിക്ക് കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും അഡ്മിഷനും, മറ്റ് അനുബന്ധ പ്രവർത്തനങ്ങളും വളരെ ഭംഗിയായി നടക്കുന്നു. കോവിഡ് പ്രവർത്തനങ്ങളിൽ ഗവൺമെന്റ് നിർദ്ദേശപ്രകാരം അദ്ധ്യാപകരും അനധ്യാപകരും പങ്കാളികളാകുന്നു. തങ്ങളുടെ കുട്ടികളോട് നിരന്തരം ബന്ധപ്പെട്ട് അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുകയും, ആവശ്യ നേരത്ത് കൈത്താങ്ങ് നൽകുകയും ചെയ്യുന്ന കോർപ്പറേറ്റ് സ്ക്കൂളുകളിലെ എല്ലാ അദ്ധ്യാപകർക്കും അനധ്യാപകർക്കും ദൈവാനുഗ്രഹങ്ങൾ ആശംസിക്കുന്നു.

**ഇടിവണ്ണ സെന്റ് തോമസ് യു. പി. സ്ക്കൂൾ കെട്ടിട ഉദ്ഘാടനം**

പുതിയതായി പണികഴിപ്പിച്ച ഇടിവണ്ണ സെന്റ് തോമസ് യു. പി. സ്ക്കൂളിന്റെ കെട്ടിട ഉദ്ഘാടനം മെയ് ആറാം തീയ്യതി വ്യാഴാഴ്ച അഭിവന്ദ്യ മാർ. ജോസ് പൊരുന്നേടം പിതാവ് ഓൺലൈനായി നിർവഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. സിജോ ഇളംകുന്നപ്പുഴ അധ്യക്ഷത വഹിച്ചു. ഇടവക വികാരി ഫാ. ഡൊമനിക് വളകൊടിയിൽ, പ്രധാനാധ്യാപകൻ ശ്രീ. സെബാസ്റ്റ്യൻ ആന്റണി, പി. ടി. എ. പ്രസിഡണ്ട് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. സ്ക്കൂൾ കെട്ടിടത്തിന്റെ നിർമ്മാണത്തിന് നിസീമമായ സഹകരണം നൽകിയ സ്ക്കൂൾ മാനേജർ, റവ. ഫാ. ഡൊമനിക് വളകൊടിയിൽ, പ്രധാനാധ്യാപകൻ ശ്രീ. സെബാസ്റ്റ്യൻ ആന്റണി, അദ്ധ്യാപകർ, അനദ്ധ്യാപകർ, രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ, ഇടവകയിലെ കൈക്കാരൻമാർ, നല്ലവരായ നാട്ടുകാർ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ